# പള്ളിപ്പാട്ടുകൾ


| | പേജ് |
|---|---|
| കടുത്തുരുത്തി വലിയപള്ളിയുടെ പാട്ട് | 53 |
| കടുത്തുരുത്തി വലിയപള്ളിയുടെ കുരിശിന്റെ പാട്ട് | 55 |
| കോട്ടയത്ത് വലിയപള്ളിയുടെ പാട്ട് | 58 |
| കോട്ടയത്ത് വലിയപള്ളിയുടെ കുരിശിന്റെ പാട്ട് | 62 |
| ചുങ്കത്തിൽ പള്ളിയുടെ പാട്ട് | 65 |
| ചുങ്കത്തിൽ പള്ളിയുടെ കുരിശിന്റെ പാട്ട് | 67 |
| കല്ലിശ്ശേരിപള്ളിയുടെ പാട്ട് | 70 |
| പൈങ്ങോളത്തു പള്ളിയുടെ പാട്ട് | 76 |
| ഉഴവൂർ പള്ളിയുടെ പാട്ട് | 77 |
| പുന്നത്തുറ പള്ളിയുടെ പഴയ പാട്ട് | 80 |
| പുന്നത്തുറ പള്ളിയുടെ പുതിയ പാട്ട് | 80 |
| കൈപ്പുഴ പള്ളിയുടെ പാട്ട് | 89 |
| പിറവത്തു പഴയ പള്ളിയുടെ പാട്ട് | 97 |
| പിറവത്തു പുത്തൻപള്ളിയുടെ പാട്ട് | 98 |
| കോട്ടയത്തു ഇടയ്ക്കാട്ടു പള്ളിയുടെ പാട്ട് | 105 |


# മൂന്നാം ഭാഗം


| | പേജ് |
|---|---|
| ചങ്ങനാശേരി പള്ളിയുടെ പാട്ട് | 156 |
| കോട്ടയത്തു ചെറിയപള്ളിയുടെ പാട്ട് | 159 |
| പുതുപ്പള്ളി പള്ളിയുടെ പാട്ട് | 164 |
| മലയാറ്റൂർ കുരിശിന്റെ പാട്ട് | 169 |
| കുടവെച്ചൂർ കുരിശിന്റെ പാട്ട് | 171 |
| കല്ലൂർക്കാട്ടു പള്ളിയുടെ ചിന്ത് | 172 |
| പിറക്കാട്ടു കുരിശിന്റെ പാട്ട് | 173 |
| കുമരകത്തു വടക്കുംകരപ്പള്ളിയുടെ ചിന്ത് | 179 |

# പള്ളിപ്പാട്ടുകൾ

## കടുത്തുരുത്തി വലിയ പള്ളിയുടെ പാട്ട്*

ആലപ്പനാദീലെഴുത്തുതൂവാൻ
അമ്പിനാൽ തമ്പുരാൻ മുമ്പാകെയെന്ന്
നാലെട്ടു ദിക്കിലിണങ്ങർ കൂടി
നന്മയാലൊത്തു പറഞ്ഞവാറെ
കാലത്തു പള്ളി കടുത്തുരുത്തിൽ
കാതലായ് വയ്പതിനാശകൂറി
നാടെട്ടു മുമ്പു വടക്കുംകൂററിൽ
നായകൻ മന്നനെ ചെന്നു കണ്ടു
ആടകൾ പൊൻപണം കാഴ്ചവച്ചു
അരുളോടെ ഭൂമി കൊടുത്തവാറെ
വാടാതെ തച്ചർ പലരേക്കൂട്ടി
അമ്പിനാൽ പള്ളിക്കു സ്ഥാനം കാണ്മാൻ
ചേലൊത്ത തെക്കോ വടക്കോയിത്
ചെമ്മെ കിഴക്കു പടിഞ്ഞാറെന്ന്
സ്ഥാനവും കണ്ടു തറയുമടിച്ച്
തച്ചർക്കടുക്കും പണവും കൊടുത്തു
നാടതിൽ നല്ല മരങ്ങൾ വെട്ടി
നാലുപുറത്തും പടിയിരുത്തി
വീതിയിലറുത്തു നാലുത്തരവും
വിരവിൽ തുലാം കെട്ടി തട്ടടിച്ചു
വാടാതെ തച്ചർ പലരേക്കൂട്ടി
വൻപിനാൽ പള്ളി പണി മുതൃന്നു
കാരണപ്പെട്ട തരുതായ്ക്കന്മാർ
കാലത്തു പള്ളിപണി തീർത്തിടുന്നു

(ലയം മാറ്റം)

പള്ളി പണി ചെയ്‌വാൻ നല്ലോരു നേരത്ത്
പരിശോടെ നല്ല നഗറിൽ
പള്ളിക്കു ചുറ്റും മതിലും പണി ചെയ്തു
പരിശോടെ നാലു പുറത്തും

---

*ഇത് ആൺപാട്ടിന്റെയും പെൺപാട്ടിന്റെയും രീതിയിൽ ചൊല്ലിവരുന്നതാണ്.

ഉന്നിയ യാക്കാ കുരീയതുതാൻനേർന്ന
ഇമ്പമായ് ഗോപുരം വെച്ചു
മന്നിൽ തിറമേറും കടുത്തുരുത്തിയതിൽ
മർത്തമറിയം പള്ളിയിൽ
എന്നും മടിയാതെ നേർച്ചയും കാഴ്ചയും
ആവോളം കൊണ്ടക്കൊടുത്താർ
ഇന്നുമടിയാതെ നന്നായി കാത്തുകൊൾ
ഈശോമിശിഹാ തുണയ്ക്കു

(ലയംമാറ്റം)

ഭക്തിയോടെ കുമ്പിടുന്ന തരുതായ്ക്കൾ ജനത്തിന്റെ
പരിപാലം വരുത്തീടും മർത്തോമറിയം
ചെറിയോരു പുൽക്കൂടതിൽ കന്നിയുമ്മ ഇരിക്കുംനാൾ
അറിവാളൻ മിലിഹായെ ശോഭയാൽ പെറ്റു
ഭൂവനങ്ങൾ പതിന്നാലും നിറയപ്പെട്ടിരിക്കുന്ന
ഓമനയാം പൊൻമകനെ മടിയിൽ വച്ച്
ഉന്നതമാം കടുത്തുരുത്തി വല്യപള്ളിയിൽ മേവും
അഴകേറും ഉമ്മ ഞങ്ങളെ കാത്തരുളേണം

(വേറൊരു പാട്ട്)

അന്നു തന്നിൽ നിന്നു കന്യെ ഉന്നും ലോകരാശയാൽ
തൻ പദമഴിന്തിരന്തു മാനിപത്തോടേവരും
അന്നുതൊട്ടുന്നിയിരുന്ന പോർത്തുക്കാൾ മെത്രാൻ താനും
ഉറ്റ കരുത്തോടെ വന്നു ഗോവയിലിറങ്ങി
വാചകവുമോതിയേന്തി കൈവശത്തിലാക്കിനാൻ
തന്നകമുണർന്നതിനാൽ ശെൽവദാനം ചെയ്തിതേ
തക്കമോടെ പോന്നുവന്നു തൻകരയ്ക്കു പുക്കാറെ
കർമ്മമാണമാർഗ്ഗം നസറാണികൾക്കു നിൽക്കവേ
കാലമൂറ്റടക്കമൊണ പള്ളി തന്നിൽ വന്നു
പള്ളി തന്നിൻ വന്നിരുന്നു പോർത്തുക്കളൊമ്പുനാൻ
പല പല ജനം വന്നു മാമ്മാദീസായും മുങ്ങി
മന്നവൻ തന്നോടു ചെന്നവസ്ഥകളുണർത്തിച്ചു
വല്ലായ്കയായ് വന്നു ഗോവ തന്നിൽ നിന്നമ്പുനാൻ
താശിയോടെ ഗോതവർമ്മനന്നരുളിച്ചെയ്തു
സങ്കടങ്ങൾ തീരുവോളം പള്ളിയിലിരിക്ക
ഇമ്പമായിരുന്നമ്പുനാൻമാർഗ്ഗവും നടത്തി
ഈശോമിശിഹാ തുണയ്ക്ക മാർത്തോമ്മാൻ വഴിക്കെല്ലാം
കർത്താവിന്റെ സ്തുതിക്കായി റാസാ ശുദ്ധകുർബാന
സാരമായ്ക്കടുത്തുരുത്തി പള്ളിയതിൽ ചൊല്ലി
എന്നുമടിയാതെ നായൻ കാത്തുകൊൾക വേണം

# കടുത്തുരുത്തി വലിയപള്ളിയുടെ കുരിശിന്റെ പാട്ട്

ആലഹാനായനരുളപ്പാടാൻ
ആദിയാലുള്ളോരവസ്ഥ ചൊൽവാൻ
ചൊല്ലുവാനാവതില്ലെങ്കിലും ഞാൻ
ചൊല്ലുവേനുണ്ടു ചുരുക്കമായി
നന്മയിരിക്കുന്ന ഗൌറിയേലേ!
ഇമ്പമായെൻ നാവിൽ വിളങ്ങീടുക
ആദിയിലാദവുമവ്വായേയും
ആലാഹാ സൃഷ്ടിച്ചു വെച്ചവാറെ
കോലം കെടുത്തും കനികൾ തിന്ന്
കോമളമണ്ഡലം വേർതിരിഞ്ഞു
ആദമേ നീയെവിടത്തിലെന്ന്
അരുൾ കേട്ടൊരാദം തന്നുടൽ വിറച്ചു
അറിവില്ലാഞ്ഞടിയാൻ പിഴച്ചേനിന്ന്
അറിഞ്ഞു പൊറുത്തരുൾ തമ്പുരാനേ

(രണ്ടാം പാദം)

ആദി പെരിയവൻ തന്നരുളാൽ
ആദത്തിൽ പുത്രരിരുവരുണ്ടായ്
കായേനും ഹാബേലും എന്നു പേരായ്
ആലാഹാ തന്നെ വെളിപാടായ്
ചൊൽപടിയെ പൂജ ചെയ്താരവരും
പൂജകൊണ്ടുണ്ടായ വൈരത്താലെ
കൊന്നുടൻ കായേനും ഹാബേലിനെ

കോപമോടാദത്തിൻ ശാപത്താലെ
പേയനായ്പ്പോയിതു കായേനന്ന്
ഹാബേൽ കുമാരനു തുല്യമായി
പുത്രനെ നൽകിതു നായകനും
മൂന്നാമതുണ്ടായ ശേതിനോട്
അൻപോടെ നായനരുളിച്ചെയ്തു
ശേതും തൻ മക്കളും കായേൻ വഴിപാടും
തങ്ങളിൽ ബന്ധുത്വമുണ്ടാകരുത്
കാലമതൊട്ടു പെരുകിയാറെ
രണ്ടു വഴിപാടുമൊന്നായ് വാണു
ആലാഹാ തൻ കോപമന്നു തുടങ്ങി
അന്നു മുടിച്ചു താൻ വെള്ളത്താലെ

കാരണൻ ശാപമതേറ്റവരും
ശേതിന്റെ മക്കളിൽ ശേഷിച്ചവർ
ലാ മക്കിൻ പുത്രനാം നോഹു മുതൽ
എട്ടാൽ പെരുകിയ മക്കളെല്ലാം
മണ്ഡലമൊക്കെ നിറഞ്ഞവാറെ

(മൂന്നാം പാദം)

ആദം മുതലായി മാനുഷരെല്ലാം
അടിമയതായ് നരകിൽ വസിപ്പാൻ
അടിമയൊഴിക്കുവാൻ ദൈവസുതൻ
കന്നിയുദരത്തിൽ വന്നുദിച്ചു
ബേതലഹേമിൽ പിറക്കപ്പെട്ടു
വേദന മാനുഷർക്കങ്ങൊഴിപ്പാൻ
കാലം കണക്കു തികഞ്ഞ നാളിൽ
മാനുഷർ കയ്യാലെ പാടുപെട്ട്
ആർത്തിയോടങ്ങു കുരിശേൽ മരിച്ച്
ആദത്തെ വീണ്ടങ്ങു താനുയർത്തു
സാക്ഷി പലവകയും വരുത്തി
ബാവാ വലത്തങ്ങിരുന്നരുളി
പട്ടാങ്ങയായ നസ്രാണികൾക്കു
ഇഷ്ടത്തോടങ്ങു വസിക്കുന്നതെല്ലാം
എങ്ങും വസിക്കുമിടത്തതെല്ലാം
രക്ഷയെ നൽകിയ കുരിശതിനെ
കല്ലാലും ചെമ്പാലും പൊന്നിനാലും
മുത്താലും പച്ചപ്പളുങ്കിനാലും
കോമള ശിൽപ്പണിയാലെ തീർക്കും
എങ്ങും മറുജാതിമാർ തെളിവാൻ
വേണം നമുക്കു കരിങ്കല്ലാലെ
വെൺപലനാട്ടിൽ പദവിയേറും
വെണ്മകൾ തങ്കും കടുത്തുരുത്തിൽ
കാരണപ്പെട്ടൊരു വല്യപള്ളി
കന്നിയടിയാരങ്ങൊത്തുകൂടി
കത്തങ്ങൾ മൂപ്പന്മാർ ചൊൽപ്പടിയെ
ഉറ്റു മുതൃന്നങ്ങു ബാലവർഗ്ഗം
വേഗം പണിത്തച്ചരെ വരുത്തി
മുമ്പിനാൽ തീർത്ത കുരിശിതെന്ന്
പാരം പണിത്തരമൊക്കെത്തികച്ചു
ഭക്തിയോടെയടിസ്ഥാനം പടുത്തു
ചിത്തിരം നല്ല വിചിത്തരവും

കുർമ്മയേറും പണിയുണ്ടഴകാൽ
സിംഹം ഗജം പുലി പന്നി കേഴ
മാനും മറിമാനുമൊട്ടകവും
അന്നം പിളി മയിൽ പൂങ്കോഴിയും
പുഷ്പം നല്ല ലതാദികളും
എന്നിവകളെല്ലാം ചൊല്ലുകിലോ
എന്നും മതിവരാ കാലം പോരാ
ഭാരമായ്ത്തീർത്ത കുരിശിനെ
തീർപ്പാൻപ്പണിയാണതെന്ന് ചിലർ
ഉറ്റ ജനം കേട്ടുവാടി മനസ്സ്
ഉണ്ടു നമുക്കു തുണയിതെന്നു
വാഴുടേനായനു മാതാവായ
മർത്തോമറിയം തുണ നമുക്ക്

(നാലാം പാദം)

അൻപിനോടെകന്നിതന്നടിപണുതിരുന്നാറെ
ഉത്തമനെ പെറ്റ തായേളത്തമകന്നിയുമ്മാ
പാരിൽ മാനുഷ്യർക്കു തായരാകുന്നതും നീയല്ലൊ
പാപമാമല്ലലൊഴിച്ച് തീർക്കുന്നതും നീയല്ലൊ
ആർത്തി തീർത്തു മോക്ഷപാദം ചേർക്കുന്നതും നീയല്ലൊ
ഉത്തമനെ തൃക്കയ്യിൽ വഹിക്കുന്നതും നീയല്ലൊ
ഉറ്റു തുണ ചെയ്യവേണം ഉറ്റടിയാരെയെല്ലാം
ഇഛ പെറ്റ കന്നി തന്നടിപണിതഴുതാറെ
കൊട്ടും തകിൽ മദ്ദളവും കൊമ്പും കുഴൽ ചിഹ്നവും
വെയ്ക്കും വെടി മേഘനാദംപോലെയങ്ങു മുഴറുന്നു
ഭക്തിയുള്ള മൂപ്പന്മാരും കർത്താവെ സ്തുതിക്കുന്നു
ഉറ്റു നല്ല ബാലവർഗ്ഗം ഒച്ചക്കുരൽ കൊള്ളുന്നു
ഉറ്റു പിടിപെട്ടവർകൾ ചിക്കനെനിവരവെ
അർക്കനുദിച്ചുച്ചയേറി നിന്ന നിലയെന്ന പോൽ
കന്നി തന്നരുളാൽ കുരിശന്നു നിറവേറിതെ
* കുംഭമേഴും മീനമെഴുന്നൂറ്റിമുപ്പതാം കാലം

---

*കുംഭം=41+730= 771 = ക്രിസ്താബ്ദം 1596(പരല്പേറു കണക്ക്) 1599-ാം കാലം ഗോവയുടെ അല്ലേസുമെനേസ്സിസ് എന്ന മെത്രാപ്പോലീത്താ മലയാളത്തെ സുറിയാനിക്കാരെ പോർട്ടുഗീസ് ലത്തീൻമെത്രാന്മാരുടെ ഭരണത്തിൻ കീഴാക്കുന്നതിനായി മലയാളത്തുവന്നു മിക്ക പള്ളികളേയും സന്ദർശിച്ചയവസരത്തിൽ ആയാണ്ടത്തെ നോയമ്പിന്റെ വലിയ ആഴ്ചക്രമം കടുത്തുരുത്തി വലിയപള്ളിയിൽവച്ച് ആഘോഷപൂർവ്വം നടത്തുകയുണ്ടായി. ഈ സമയം രണ്ടു വർഷം മുമ്പു പണി തീർന്നിരുന്നതായ പ്രസ്തുത വലിയ പള്ളിയുടെ കിഴക്കെ മുറ്റത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന വലിയ കരിങ്കൽ കുരിശിനെ ദുഃഖവെള്ളിയാഴ്ച അദ്ദേഹം

കുംഭമേഴും മൂന്നൊടൊന്നായ് നിന്നു വ്യാഴാഴ്ച നാൾ
വെച്ചകുരിശിഛ നൽകും ആലാഹായരുളാലെ
കേരളത്തിലുണ്ടോ കുരിശിങ്ങനെയൊരിടത്തും
കേട്ടുകേട്ടു വന്നു ലോകർ നേർച്ച കാഴ്ചയും കൊണ്ട്
കേടുപാടു തീർത്ത രക്ഷ ചെയ്‌വതും കുരിശല്ലൊ
കേളിയുള്ള കോട്ടപ്പുറം തന്നിലിണങ്ങരെല്ലാം
പട്ടുചേല പൊൻപണം കൊടുത്തു പണിത്തച്ചർക്ക്
ആവോളം കൊടുത്തു വാങ്ങി നന്മചൊല്ലി പോയാറെ
ആലാഹാനായനെ നീ തുണച്ചരുൾകയെന്നേക്കും

# കോട്ടയത്തു വലിയ പള്ളിയുടെ പാട്ട്

ആലമെല്ലാമുടെ പുത്തിരന്
അമ്മയായ് വന്ന മറിയം കന്നി
കന്നിയടിയാർക്കു കല്പനയാൽ
ദൃഷ്ടതി നേരത്തു കർമ്മം ചെയ്‌വാൻ
വേണം സ്ഥലം നമുക്കെന്നു ലോകർ
വേഗത്തിലെല്ലാരുമാശകൂറി

---

ആഘോഷപൂർവ്വം ആശീർവ്വദിച്ചതായി മെത്രാപ്പോലീത്തായുടെ വിസീത്ത വിവരണം എഴുതിയ ഗൊവേയ എന്ന പോർട്ടുഗീസ് ചരിത്രകാരൻ1606-ൽ കോയിബ്രായിൽ പ്രസിദ്ധപ്പെടുത്തിയ ജൊർനാദാ എന്ന തന്റെ പുസ്തകത്തിന്റെ 47-ാം ഇലയിൽ കാണുന്നു. മേൽക്കാണിച്ച പരൽപേർ കണക്ക് ഇതിനോടു യോജിക്കുന്നുണ്ട്. ഇപ്പോഴും (1909)യാതൊരു കേടുമില്ലാതിരിക്കുന്ന ഈ കുരിശിന് 314വർഷത്തെ പഴക്കമുണ്ട്.(ഈ കണക്കനുസരിച്ച് 1985-ൽ 388 വർഷമാകും. തണ്ടിനു പന്ത്രണ്ടും തരയ്ക്കു നാലരയുമായി ആകെ ഇതിനു പതിനാറര കോൽ പൊക്കമുണ്ട്. ഇത്രയും പഴക്കവും വലിപ്പവുമുള്ള ഒരു കുരിശ് ഇപ്പോൾ മലയാളത്തിലില്ല മെനേസ്സിസ് മെത്രാപ്പോലീത്തായുടെ മനസ്സിനനുസരിച്ച് ആദ്യം പ്രവർത്തിച്ചത് കടുത്തുരുത്തി വലിയപള്ളിക്കാരാണ്. ഇതിനു ശേഷം പള്ളിക്കാരും അനുഗമിച്ചു കടുത്തുരുത്തിയുടെ നാമധാരികളായി മുമ്പു ചില മെത്രാന്മാർ വന്നിട്ടുള്ളതായും ചരിത്രങ്ങളിൽ കാണുന്നു. തെക്കുംഭാഗക്കാരുടെ തലപ്പള്ളിയായ ഈ വലിയപള്ളിയിൽവച്ച് പല പ്രധാന സംഭവങ്ങളും നടന്നിട്ടുണ്ട്. മലയാളത്തെ ആദ്യ കർമ്മലീത്താ മെത്രാനായ ജോസഫ് സെഫസ്ത്യാനി എന്നദ്ദേഹം കൊച്ചിയിലെ ലന്തക്കാരുടെ വിരോധം നിമിത്തം മലയാളം വിട്ടു പോകേണ്ടി വന്ന അവസരത്തിൽ മലയാളത്തെ ആദ്യ സുറിയാനി വികാരി അപ്പസ്തോലിക്കയായി കുറവിലങ്ങാട്ടു പള്ളി ഇടവക പറമ്പിൽ അലക്സന്ത്രയോസ് എന്നദ്ദേഹത്തെ 1663-ൽ മെത്രാഭിഷേകം ചെയ്തതും കടുത്തുരുത്തി വലിയപള്ളിയിൽ വച്ചായിരുന്നു.

ചേരകോൻ നാട്ടിൽ പദവിയേറും
ചൊൽവമൊഴിയാതെ വെമ്പനാട്ടിൽ
ദിക്കു തിറസുള്ള തെക്കും കൂറ്റിൽ
തിന്മതേർ മന്നന്റെ കോട്ടയകത്ത്
കർത്താവിനന്നങ്ങു വെച്ച പള്ളി
കല്പനയാൽ കന്നിനാമം പാടി
കന്നിമറിയത്തിൻ പള്ളിയുടെ
കാരണം നൂറ്റൊന്നുമൊന്നു ചൊൽവാൻ
മർത്തമറിയം തുണയാകയെന്ന്
മനസാലടിയങ്ങൾ കൈതൊഴുന്നേൻ

(രണ്ടാം പാദം)

തമ്പുരാൻ മുൻപാകെ കണ്ടൊരു ചെൽവം
സ്ഥാനമായി കോട്ടയം നല്ല നഗർക്ക്
മാറാതെ ചെൽവം വഴിമേൽ തരുവാൻ
മർത്തമറിയം തുണയാക വേണ്ടി
കന്നിമറിയം നിലയാകെ നിൽപ്പാൻ
കാലത്തുപള്ളി നമുക്കിവിടത്തിൽ
വേണമെന്നിങ്ങനെ കത്തനാരുന്നി
വേണ്ടും ജനത്തോടു ചൊന്നാരവരും
വേണ്ടും വചനമെന്നെല്ലാർക്കും തോന്നി
വേദന കൂടാതെ മുതൃന്നു ചിലർക്ക്
അയ്യോ നമുക്കുണ്ടു പള്ളി വടക്കു (കടുത്തുരുത്തി)
അയ്യായിരക്കാതം നാട്ടിൽ നടുവേ
അഴിക്കലങ്കാരം തോന്നുമിവിടെ
അഴകോടെയിന്നു നമുക്കതു ചെൽവം
മൂലമായുള്ളൊരു ജന്മമിരിക്കെ
ചെൽവരുമോ പള്ളി വേറു ചമച്ചാൻ

(മൂന്നാം പാദം)

അലയുമാലോകരെ കത്തനാർ കണ്ടു
ആവലാതി തീർത്തു മൊഴിന്തു തുടങ്ങി
ആദം പിറന്ന് പറുദീസാ പുക്ക്
അന്നതിനിന്നു പിറനാടു തേടി
മക്കൾ പെരുത്തുടൻ ഭൂമിയതെങ്ങും
മണ്ഡലമൊക്കെ മുടിഞ്ഞു വെള്ളത്താൽ
കപ്പലിൽ നോഹുണ്ട് മക്കളു മൂന്നുണ്ടു
കാരണമായവർ ഭൂമി നിറവാൻ

ബാവാടെ വാഴ്‌വേറ്റ ശേമിന്റെ മക്കൾ
വാഴവോടെ വന്നു കിനാനെന്ന നാട്ടിൽ
നഗരം നസ്റസിലേയ്ക്കു കുടിപുക്ക്
നാമം നസ്രാണികളെന്നും വീശി
കന്നിപിറന്ന സ്ഥലവുമവിടെ
കർത്താവി തന്നെ ജനിച്ചതുമങ്ങ്

(നാലാം പാദം)

ആദം പിറന്നു മൂവായിരത്തി
ത്തൊള്ളായിരത്തമ്പത്തു രണ്ടാം കാലം
അന്നു പിറന്ന മിശിഹാനായൻ
വേറു ചെയ്താരവർ യൂദന്മാരും
പട്ടാങ്ങയായ നസ്രാണികൾക്ക്
ഇഷ്ടത്തോടേകോൻ മിശിഹാനായൻ
ഭക്തി മുഴുത്തു പുറപ്പെട്ടിതെ
ഇസ്ടത്തോടെവുസെന്ന നാടു തന്നിൽ
അന്നതിൽ നിന്നു കിനായിത്തൊമ്മൻ
എഴുപത്തിരണ്ടു കുടിയാരുമായി
വൻപനാം ചേരകോൻ നാടുനോക്കി
ഓടുന്നു കപ്പൽ കൊടുങ്ങല്ലൂർക്ക്
മാറാന്റെ മുന്നൂറ്റിനാൽപ്പത്തഞ്ചിൽ
ചെപ്പേടെഴുതിച്ചിരുന്നാരന്ന്
മറുകൂറുകൊണ്ടങ്ങവിടെനിന്നു
പൊന്നു പുകിന്താർ കടുത്തുരുത്തിൽ
അവിടെയൊരുവൻററുൾ വഴിയെ
ഇന്നു നാമൊക്കെയും കോട്ടയകത്ത്
അന്നന്നിരിക്കുന്ന നാടുതന്നിൽ
വേറില്ലപള്ളി സമത്തിലെങ്ങും

(അഞ്ചാം പാദം)

കത്തനാരിലെന്നതോ താൻ ചെറിയാൻ മാത്തുവോ
കരുണയുടയവൻ ചൊന്ന വാക്കങ്ങൊത്തു ലോകർക്കൊക്കയും
നഗരമുടയവർ കത്തങ്ങളും അകതെളിവാലിണങ്ങരും
നരവരമന്നൻ വീര കേരുളരാദിത്യവർമ്മരൊ
ഇളമുറ മണിമുടിമന്നനിരവിമാണിക്കണ്ടരോ
ഹിതത്തോടെമന്നൻ തിരുമുമ്പിൽ കാണിക്കാശു പൊൻവച്ചിതെ
മന്നർ കണ്ട കാഴ്ചപോലെ നിലവും സ്ഥാനം ചെയ്തിതെ
മാനമാം കൊല്ലമെഴുനൂറ്റിരുപത്തഞ്ചാം മീനമാസത്തിൽ
വെച്ചറ പുതുപ്പറമ്പിൽ വടക്കു ധനു രാശിമേൽ

വെച്ച പള്ളി മരപ്പണിക്കൊരു ചിത്തിരങ്ങളുമെത്തിരെ
ഏണം മയിൽ കുയിൽ കിളിയന്നം മദയാന പുലി നരസിംഹം
എന്നിവയെല്ലാം ചൊല്ലുകിലോ ഉള്ള കാലം മതിവരാ.

(ആറാം പാദം)

ഭംഗ്യാമരപ്പണി തീർന്നൊരു പള്ളിയഴിച്ചിതു കല്പണി ചെയ്‌വാൻ
ഭക്തിയോടെ പണിത്തച്ചനാർ താവഴികല്ലുകൾ വെട്ടിത്തുടങ്ങി
കോട്ടയിലെപ്പണി മേസ്തിരിയന്തോനി ഓലയാൽ തേടിവരുത്തി
കോരിക്കുഴിച്ചടിസ്ഥാനം പടുത്തെല്ലാം പൊൻവെള്ളിയാലെ നിരത്തി
ആട്ടവും പാട്ടും കൊട്ടും കുരവയലങ്കാരത്തോടൊക്കെകൂടി
ആകെപ്പടുത്തുടൻ പൊക്കിനാർ കല്പട ചുറ്റും തികഞ്ഞരുളാലെ അഴ
കിയ കൊല്ലമെഴുനൂറോടമ്പത്തുരണ്ടിനു കുംഭമിതാറിൽ
ആദരവാൽ മദുബായതിന്നുത്തരം വച്ചഴകാലയ്ക്കലായ്ക്ക്
ചിത്തിരച്ചീലാന്തിക്കുത്തരം വൻകഴുക്കോലോടു പട്ടിക തച്ചു
ചിക്കനെയോടിട്ടു വെള്ളയും പൂശി വളച്ചു മതിൽ മലപോലെ ഗോപു
രവും പല മാളിക വൻകിണറെങ്ങുമുണ്ടോയിതു പോലെ

(ഏഴാം പാദം)

ചില്പമോടെ കന്നി തന്റെ പള്ളീൽ വച്ചയിറത്താവിൽ
ചിത്തിരപ്പണിത്തൂണെട്ടും പള്ളിയറകളാറുണ്ട്
അൻപിനോടെ മാലാഖാ വചനിച്ചവാറൊന്നില്
ആസ്ഥയോടിളമാതാവേ കണ്ടവാറതൊന്നില്
ശുദ്ധമാം കുളി കന്നി തന്റെ ശുദ്ധമായതു മറ്റൊന്നിൽ
ശുദ്ധമാകപ്പെറ്റ വെളിവൊണ്ടു കാണ്മാൻ വേറൊന്നിൽ
മാറാനേയും പള്ളി തന്നിൽ കാഴ്ച വച്ച പോലൊന്നിൽ
മാനിഭസ്ഥലം നടുവെ മേലുയർന്ന മംഗല്യം
പൊന്നണി മണിയറയിൽ നിന്നരുളും കന്നിയാം
പൊൻ കനകക്കയ്യിലിതാ പുത്തിരനിരിക്കുന്നു
ലോകമിടം കയ്യാലേന്തി വാഴും വലങ്കയ്യാലെ
യോഗത്താലുറുശുമായും ചെയ്തിരുന്നരുളുന്നു
ഏറ്റം കന്നിയോടിരിപ്പവർക്കു തന്റെ വാഴ്‌വെല്ലാം
ഏതും പിശകില്ലാതിന്നു വാഴുടനായനെ
കോട്ടയകത്തു പള്ളിക്കൊണ്ടോരൊപ്പമൊരു പള്ളി
പൊന്നും കാതൽകൊണ്ടു പൊരുളേറ്റമായ് ചമച്ച്
പൊരുവോളും തരവേണം ബോധമടിയാർക്ക്
നിരത്തിരയിലറിയിപ്പാനന്നന്നുള്ള നന്മകൾ
നിത്യവും തൻ നിനവാലെ വാഴ്‌വാനരുളാലെ
ആരിവിടെ തരുതായ്ക്കളെന്നുമിന്നു വാഴുവാൻ
ആലാഹാ തന്നരുളാലെ അന്നുമിന്നുമെന്നുമെ *

# കോട്ടയത്തു വലിയപള്ളിയുടെ കുരിശിന്റെ പാട്ട്*

ആദിയാലാദം പിഴച്ചതു തീർപ്പാൻ
ആദത്തിൻ പുത്തിരനു ശേത്
അമ്പോടിരന്നതു കേട്ടു ക്രോമ്പേൽ
കൊടുത്താമരത്തിന്റെ കൊമ്പ്
ആദരവാലതു നട്ടു നനച്ചിട്ട്
നല്ല വൃക്ഷമെന്നു തോന്നി
അൻപോടെ നല്ല ശ്ലേമ്മോന്റ കാലത്തിൽ
ആ മരം വെട്ടിയിട്ടു നട്ടു
നട്ടൊരു തോപ്പും വൃക്ഷാവളർമ്മയും
തെക്കിനാൻ രാജസ്ത്രീ കണ്ടു
നാട്ടുക്കു മന്നവക്കൂട്ടം മരത്തേ-
ലോരുത്തൻ മരിപ്പൊരു കാലം
വീട്ടുക്കു കൂട്ടം മുടിഞ്ഞുപോം രാജിതം
എന്നതു കേട്ടു ശെലേമോൻ
വെട്ടിമരത്തിനെ ആഴിക്കുഴിയിൽ
തട്ടിമറിച്ചാനക്കാലം

---

* കോട്ടയത്തു വലിയ പള്ളി കൊല്ലം 725-ന്, ക്രി.വ. 1550-ൽ സ്ഥാപിക്കപ്പെട്ടു. ഇവിടെ കരിങ്കൽ പലകമേൽ കൊത്തപ്പെട്ടതും കൊടുങ്ങല്ലൂരിൽ നിന്നു കൊണ്ടുപോരപ്പെട്ടതും ചരിത്രപ്രസിദ്ധവുമായ രണ്ടു കുരിശുകളുണ്ട്. ഇവയിൽ മൈലാപ്പൂരിലെ സെന്റ് തോമസ് മൗണ്ടിലുള്ള കുരിശിനോടു തുല്യമായ ചെറിയ കുരിശ് മാർത്തോമ്മാശ്ലീഹായാൽ ഉണ്ടാക്കപ്പെട്ടതാണെന്നു വിശ്വസിക്കപ്പെടുന്നു. ഇവയെ യൂറോപ്യന്മാരാദിയായ പല മഹാന്മാരും സന്ദർശിച്ചു വരുന്നു. സുറിയാനിക്കാർ പുത്തനെന്നും പഴയതെന്നും രണ്ടു കക്ഷികളായി തിരിഞ്ഞതിന്റെ ശേഷമായി കൊല്ലവർഷം 994 വരെ കോട്ടയത്തു വല്യ പള്ളിയിലുൾപ്പെട്ട ജനങ്ങൾ രണ്ടു കക്ഷികളായി ആ പള്ളിയിൽ നടന്നു വന്നാറെ പുത്തൻ കൂറ്റുകാരുടെ സഖ്യതയിലിരുന്ന പ്രൊട്ടസ്റ്റന്റു മതക്കാരനായ അന്നത്തെ ബ്രിട്ടീഷ് പ്രസിഡണ്ട് മൺട്രോസായ്പ്മൂലം തിരുവിതാംകൂർ റാണിയിൽ നിന്നുണ്ടായ വിളംബരത്താൽ പ്രസ്തുത ആണ്ട് ധനുമാസം 8-ാം തീയതി പഴയ കൂറ്റുകാരെ ഈ പള്ളിയിൽ നിന്ന് ഇറക്കിവിട്ടു.

(രണ്ടാം പാദം)

പരിശാലെ നായൻ പെരുമ കേൾപ്പാൻ
പാരിലൊരുതരം ചൊല്ലാവതല്ല.
കരുതി മറച്ചു മരത്തെ മന്നൻ
കല്പനയാൽ കത്തി ശീലോഹായിൽ
വിരുതാലിടം പററി കിടന്നവരൊക്കെ
മുന്നം മുഴുകുവോർ ക്ഷീണം തീരും
അരൂപിയിറങ്ങി മരം കഴുകി
അങ്ങനെ കാലം പെരുകിയാറെ
ഒരുവനു തന്നാലിടം കൂടാഞ്ഞു
ഒണ്ടു മിശിഹാ വരുന്നു കാണ്മാൻ
തെരുവെന്നു കട്ടിലും പായും കൊണ്ട്
തേറി നടന്നുകൊൾകെന്നരുളി
തെരുവൂടെ കട്ടിലും പായും കൊണ്ട്
ദേഹം വരുന്നതു കണ്ടു ലോകർ
അരുതായ്ക തീർത്ത മിശിഹാ നായനെ
അമ്പോടെ കുമ്പിട്ടിരുന്നുകൊൾവിൻ

(മൂന്നാം പാദം)

ഏകലാൽ നായൻ മനോഗുണം ചെയ്താറെ
ഏതും തെളിവില്ലെ യൂദ പ്രീശർക്ക്
കട്ടിൽചുമപ്പാൻ വിധിച്ചു ശനിയാഴ്ച
കഷ്ടം പിഴകൾ പരതുമിവനെന്ന്
കയ്യാണ്ടു കാലം കണക്കു തികഞ്ഞാറെ
കയ്യേപ്പാ മുമ്പാകെ ന്യായം വിധിച്ചു
സന്തക്കുരിശു മരന്തേടി നടക്കുന്നു
ശീലോഹാ തന്നിൽ മരമൊണ്ടു പൊങ്ങുന്നു

(നാലാം പാദം)

മരമുണ്ടേടൻ ശീലോഹായിൽ പരിശുണ്ടേടൻ കുരിശിൻ നീളം
തരമുണ്ടെടന്നാ യൂദന്മാരും
വള്ളികൊണ്ടു കുരിശതു തന്നിൽ കണകൊണ്ടു കുരിശതു തേടി
നെണമുണ്ടൊഴുകുന്നാദത്തിന്മേൽ.
ആദത്തിൻ പിഴയൊഴിയുന്നു വേദത്തിൻ മൊഴി തികയുന്നു
ലോകത്തിൽ വഴിതുണയും കുരിശല്ലോ.
മരണത്തിൽ വെളിവും കുരിശ് ചോദ്യത്തിൽ വിലസും കുരിശ്
മോക്ഷത്തിലുപവിയും നീയെ

മനമെഴും പള്ളി മരുവിയനഗരി ഗുണമെഴുമൊരു കുരിയതു
കത്തനാർ
തുണയഴകിയ ഇണങ്ങരോടൊരുമ്പാടായി.
കണവനൊടരുൾപരമിരപകലിരപ്പാൻ വരമരുളോടനേകരവർ ചമയം
പൊരുൾ തിറമൊടു കുരിശതു വിതയം
പണിയിടമിനന്തൂരു കല്ലുശ്ശേരി പുകിന്ത്, പണതെരിശനമൊടു
പണി തുടങ്ങി, ഗുണമുള്ള കരിങ്കല്ലോടിളവു ചെയ്തു
നിണമുഴുകിന കുരീശിടർ കളവതിനൊരുങ്ങി

(അഞ്ചാം പാദം)

കോട്ടയകം നഗരം തന്നിൽ ഭക്തിയുള്ളയിണങ്ങരും
വട്ടയ്ക്കാടു വീടു തന്നിൽ പോത്തൻ കുരിയതു കത്തനാർ
ഇഷ്ടമാനാം നല്ല വേദം തൻകരയ്ക്കു ചേരുന്നു
കൊട്ടും തപ്പാലങ്കരിച്ചു തോണി തന്നിലേറുന്നു.
കൂട്ടമിട്ടു പോകുന്നേരം തോണി മുങ്ങിത്താഴുന്നു
വട്ടമിട്ടു പൊങ്ങും തോണി കണ്ടു ലോകരഞ്ചുന്നു
പാട്ടു നല്ല മദ്ദളവും കൊമ്പും കുഴൽ താളവും
കോട്ടയകം നഗർ പുകിന്തു കർത്താവു തന്നരുളാലെ
ഇട്ട ചട്ടം കൊല്ലമെഴുനൂറ്റമ്പതു നാലുങ്കൽ *
തൊട്ട മേടമൊൻപതൊടു പുകിന്താർ നല്ല ഞായറാഴ്ച
വട്ടമൊത്തു മേളങ്ങൾ പെരുക്കിയിഷ്ടമാം വണ്ണം
ഇട്ടു നല്ലയടിസ്ഥാനത്തിൽ നാട്ടീ നല്ല സ്ക്കീപ്പായും
(കുരിശ്)
പട്ടുചേലയിട്ടു വള ഇഷ്ടമുള്ള തച്ചർക്ക്
മറ്റു പണിമക്കൾക്കന്നദാനം പണം ചേലയും
ഇഷ്ടമോടെ സ്ക്കീപ്പായടിപുക്കിരപ്പവർക്കെല്ലാം
കിട്ടും വേണ്ടും നന്മയെല്ലാം അന്നുമിന്നുമെന്നുമേ

(ആറാം പാദം)

അഴകൊണ്ടേൻ മല്ലിക പൂങ്കാവും പൂമരം
പുകഴുണ്ടേൻ മല്ലിക പൂത്തതും കായ്ച്ചതും

മഴയുണ്ടേൻ പെയ്യുന്നു പൂമരമൂടെല്ലാം
മഴകൊണ്ടു പെയ്തപ്പോൾ കായും കനികളും
കുയിൽ വണ്ടിനങ്ങളും പൂങ്കോഴിയന്നവും
മയിലുണ്ടെയാടുന്നു പീലിക്കാമേളവും

---

* കൊല്ലം 754-ന് ക്രി. 1579 ഇതു മാർ അബ്രഹാം മെത്രാന്റെ കാലത്താണ്.

മുകിൽ വണ്ടിനങ്ങളും പാടുന്നു ഗീതവും
അഴലൊത്ത കണ്ണിണപ്പൂമരമേൽ നോക്കി
പകൽകൊണ്ട് മല്ലികക്കൂട്ടമമർന്ന പോൽ
വെയിൽകൊണ്ടു നിന്റെ തണലിങ്കൽ ഞങ്ങളും
അഴൽ കൊണ്ടിരക്കുമ്പോൾ പെരിയോന്റെ വാഴ്‌വെല്ലാം
മയിലാഞ്ചിപ്പെൺകൊടി തിന്നാക്കനി പഴം
അഴലാർക്ക് ആദത്തിൻ മക്കൾക്കു ദോഷമായ്
മുകിമുറ്റ കന്നി താനേറ്റ ക്നിപഴം
ബലമുണ്ടു സങ്കേതമായ കുരിശിങ്കൽ
കനിയുണ്ടേൻ കോട്ടയകം തന്നിലടിയാർക്ക്
ദോഷത്തെ നീക്കി ഗുണം താ പെരിയോനെ

# ചുങ്കത്തിൽ പള്ളിയുടെ പാട്ട്

മന്നിൽ പെരുകിയ മാനുഷരെ
മായവൻ പണ്ടു മുടിച്ച ശേഷം
എണ്ണിൽപ്പെരുതല്ല പേരാന്മമാരെ
എട്ടാൻ പെരുകിയ ഭുവനമെല്ലാം
പെണ്ണിൽ തിറം പെറ്റ വേറരുപി
പേർപെറ്റ ശോഭ നിറഞ്ഞുകൊണ്ട്
മുന്നിൽ പ്പെരുമ മുടിഞ്ഞപോലെ
ഹവ്വായുമൊക്കെ മുടിഞ്ഞവാറെ
ഇന്നിപ്പെരുമപ്പിഴക്കാരായി
ഇഭുവനത്തിലും അങ്ങേതിലും
പെണ്ണിൽ തിറംപെറ്റ വേറരൂപി
പേർപെറ്റ നന്മ നിറഞ്ഞുംകൊണ്ട്
പെണ്ണിൽ ജനിച്ചിതേ ദൈവകന്നി
പേർപെറ്റ നിറഞ്ഞഴകാൽ
പെണ്ണിൽ പെരുകിയ കാരണത്താൽ
എണ്ണിപ്പറവാൻ അരുൾതരിക.

(രണ്ടാം പാദം)

വന്നിസറായിലുണ്ടെന്നയെന്നയാൾ
ഉന്നീതപസ്സുകൾ തന്നിലുറച്ചു
മക്കളെതരായോ തമ്പുരാനിപ്പോൾ
മാതാവെന്നെന്നെ വിളിപ്പതിന്നാർ
ഭർത്താവും പോയി വനത്തിലുറച്ചു
പുത്രരെതരായൊ തമ്പുരാനിപ്പോൾ
ധർമ്മത്താലുള്ള തപസ്സു കണ്ടാറെ

താശിയാൽ മാലാഖാ വന്നുര ചെയ്തു
യോയാക്കീമെന്ന പുരുഷാനിൻ ഭാര്യ
യോഗത്താലോറോശലത്തിന് പോവാൻ
പൊന്നണി വാതിൽ ദർശനമെങ്കിൽ
പൊന്മകൾ നിങ്ങൾക്കരുളുന്നതുണ്ട്.

(മൂന്നാം പാദം)

ചൊല്ലുമരുൾ കേട്ടു പുരുഷനും വനം കടന്നു
നല്ലോരോറോശലം നഗരി പൊന്നണിഞ്ഞ വാതിൽ
മെല്ലെയതു പോലെയണഞ്ഞന്നു കുറിച്ചപോലെ
മുത്തു മരതകം ഗുണംപെറ്റ മാണിക്യക്കല്ലാം
മെച്ചം വിളങ്ങുന്ന മനയാളും പുരുഷനുമായ്
ഇഛയുടൻ പള്ളിയകം പുക്കു നമസ്കരിച്ചു
ഒച്ചമികച്ചവനരുൾ പോലെ മകൾ ജനിച്ചു
കന്നിപിറന്ന നാളറിവുണ്ടു തരുതായ്ക്കൾക്ക്
കന്നിയിളം തിങ്ങളിലിരുനാലിലിരക്ഷചെയ്വാൻ
തിങ്കളുലകെങ്കും പടപ്പുകൾക്കുദിച്ച പോലെ
തങ്കും മരുതോലിലുമ്മാ ഞങ്ങളെ കാത്തരുളേണം.

(നാലാം പാദം)

ആണ്ടുംപുകൾ കൊല്ലമെഴുനൂറ്റൻപത്തുനാലുങ്കൽ *
അന്നവിടെ നിന്ന തിങ്ങൾ രണ്ടു ചെന്നവൃശ്ചികം
അന്നു മണിക്കണ്ടർ മുടി മന്നവനരുൾചെയ്തു
അമ്പിനോടെ തന്ന ഭൂമിദാനമിന്നിവിടെ
അരചനു രാജമണിക്കണ്ടവിരാതിഴുമല വാഴുങ്കോവിൽ
അരുളതുപോലെ കരുതണമെങ്കിൽ കരുതി വരുത്തിമേന്മേൽ

---

* കൊല്ലവർഷം 754 (ക്രി.വ.1579) വൃശ്ചികം 2-ാം തീയതി ചുങ്കത്തിൽ പള്ളി സ്ഥാപിക്കപ്പെട്ടു. വൃശ്ചികം 2-ാം തീയതി എന്നു കാണുന്നത് പഴയ കണക്കനുസരിച്ചാണ്. പഴയ കണക്കെന്നു പറയുന്നത്, 1599-ൽ ഉദയം പേരൂർ സൂനഹദോസു വരെ സുറിയാനിക്കാർ ഇവിടെ ഉപയോഗിച്ചു വന്നിരുന്ന ജൂലിയാൻ കണക്കാണ്. ഈ സൂനഹദോസു മുതൽ ഇവിടെ ഗ്രിഗോറിയൻ കണക്കു നടപ്പായി. ജൂലിയൻ കണക്കിലെ ന്യൂനതകളെ (16-ാംയുഗത്തിൽ) പതിമൂന്നാം ഗ്രിഗോറി പാപ്പാ കണ്ടു പിടിച്ച് അതിനെ തിരുത്തി നടപ്പാക്കിയതിനാലാണ് അതിന് ഗ്രിഗോറിയൻ കണക്കെന്ന് പേർ സിദ്ധിച്ചത്. ഇംഗ്ലീഷ് കണക്ക് പിശകായി ചിലർ ഇവിടങ്ങളിൽ പറയുന്നത് ഈ കണക്കിനെയാണ്. ഈ പുതിയ കണക്കു നടപ്പായപ്പോൾ അതിനു പഴയതിനേക്കാൾ 10 ദിവസം കൂടുതൽ വന്നതനുസരിച്ച് അന്നു മുതൽ ഇന്നാൾ വരെ ഈ വ്യത്യാസത്തോടു കൂടി കത്തോലിക്ക സുറിയാനിക്കാരതിനെ പഴയ കണക്കെന്നു പറഞ്ഞു വരുന്നു. ചില കിഴക്കൻ റീത്തുകാർ ജൂലിയാൻ കണക്കിനെത്തന്നെ ഇപ്പോഴും അനുസരിച്ചു പോരുന്നു.

മരതകമുത്തൊടു വൈരം പുഷ്പരാഗം പവിഴം വൈഡൂര്യം
മാണിക്യം ഗോമേതകനീലം പൊന്നും വെള്ളികളിവയെല്ലാം
കൂട്ടിയിട്ടടിസ്ഥാനം പടുത്തു പൊക്കി കല്ലാലെ
മെച്ചമുന്ത തച്ചർവന്നു തീർത്തിതേ മരപ്പണി
ഉത്തരം ശീലാന്തി ബന്ധം നൽകഴുക്കോൽ പട്ടിക
ഓടിറക്കി വെള്ള പൂശി ചിത്രത്തിലിറത്താവ്
വട്ടമായ് വളച്ചു വാതിൽവെച്ച കുരിശാനന്ദം
തച്ചർ മുതലായവർക്കും മറ്റും പണിമക്കൾക്കും
പട്ടും വള പൊൻപണം കൊടുത്തു തരുതായ്ക്കന്മാർ
മറ്റുപണി മക്കൾക്കന്നദാനം പണം ചേലയും
ഇഛപെറ്റ പള്ളിപണികൊണ്ടുതുപ്പാൻ മാത്തു
കീർത്തി പെറ്റ കന്നി തന്റെ പള്ളിമരുതോലിൽ
ഒക്കെയരുൾ ചെയ്കയീശോയന്നുമിന്നും എന്നുമേ.

# ചുങ്കത്തിൽ പള്ളിയുടെ കുരിശിന്റെ പാട്ട്

ആലാഹാനായൻ തുണയാകെ വേണം
ആദിയാലുള്ളോരവസ്ഥ ചൊൽവാൻ
മൂലമെയൊന്നായ വാഴുടയോൻ
മൂവരുമൊന്നായരുളിച്ചെയ്തു.
ആലഞ്ചമഞ്ഞതിൽ മാലാഖാമാരും
ആകാശമൊമ്പതു മണ്ഡലവും
ചേലായ ഭൂമിയും പാതാളവും
ശേഷം നരകം മറ്റെല്ലാവകയും
മേലായ ആദവുമൌവ്വായേയും
മേദിനി തന്നിൽ ചമച്ചഴകാൽ
ദോഷം ചമയ്ക്കും കനിവിലക്കി
ചേലോടെ മാറാനെക്കുമ്പിടുവാൻ
കോലം കെടുക്കും കനികൾ തിന്നു
കോമളമണ്ഡലം വേർപിരിഞ്ഞു
നാലാൽ പെരുകിയ മക്കളെല്ലാം
മണ്ഡലമൊക്കെയുഴലുന്നേരം
പാലം കടത്തുവാനങ്ങൊരുവൻ
പാതിരാ നേരം പിറന്നിടുന്നു.

(രണ്ടാം ഭാഗം)

മാറാൻ പിറന്നു വറുഗീസു കൈക്കൊണ്ടു കന്നിമടിയിൽ വളർന്നു
വളർക്കയും തന്നെ സ്തുതിച്ചിരിക്കയും
ഉറക്കവും കണ്ടു തെളിഞ്ഞിരിക്കയും
കന്നി തനിക്കുള്ള നന്മ
മാറാന്റെ മുപ്പതിൽ മാമ്മോദീസാ മുങ്ങി, ശിഷ്യരുമീരാറുകൂടി
മനസ്സോടിങ്ങനെ നടത്തി മാമ്മോദീസാ
വഴിക്കു യൂദരെ നടത്തി മാർഗ്ഗവും
ഏറ്റം പുതുമകൾ ചെയ്തു
ഒക്കെക്കടലും മലയും മറ്റെടമെല്ലാം തക്കമായം മാർഗ്ഗം നടത്തി
ഒടിഞ്ഞ കാലോടു പൊടിഞ്ഞ കണ്ണുകൾ
ചെകിട്ടു പേകളും മരിച്ചുപോയതും
ഒക്കെതുണപ്പതും നായൻ
ഒക്കെയപായങ്ങളായ കുലത്തിനെ പൊക്കി നടത്തി മൂവാണ്ടു
അകത്തു തിക്കൽകൊണ്ടിറക്കിയ കട്ടില്
ഇറക്കിയ ഞൊണ്ടിയാലെടുത്ത് കട്ടില്
ഏറ്റി നടത്തി സമൂഹെ
കണ്ടു മനുകുലം മണ്ടിയടഞ്ഞവർക്കിണ്ടലൊഴിപ്പതു നായൻ
മറച്ചുകെട്ടിയങ്ങടക്കിയ ശവം
അടക്കിയപടി പുറത്തുവന്നതും
മറയുമഴിച്ചു നടത്തി
കണ്ടു പ്രീശെന്മാർക്കു കൊണ്ടു പരിഭവം ആണ്ടവനെ കുലയൂന്നി
ഇണക്കു യൂദായെ നിനക്കുപൊൻതരാം
വളർത്ത നായനെ കുലയ്ക്കു കൂട്ടുക
ഏറ്റു സ്ക്കറിയോത്താ ശാപം
മേല്പട്ട യൂദന്മാർ സൈത്തുമല തന്നിൽ കർത്താവു തന്നെപ്പിടിപ്പാൻ
അടുത്തു യൂദരോ നിലത്തു വീണിതേ
തടുത്തു കേപ്പായും കൊടുത്തു വെട്ടുടൻ
കർത്താവു താൻ മുറികൂട്ടി
സാന്തക്കുരിശിന്മേൽ ബന്ധിച്ചിട്ടങ്ങനെ ഗാഗുൽത്തായെന്ന മലമേൽ
അടുത്ത കള്ളനു കൊടുത്തു മോക്ഷവും
തരത്തിൽ ബാവായൊടുരത്തു മുന്മൊഴി
യൂദപ്പാതകരോടമ്പാൽ
ചിന്തമെയാദത്തെ ചിന്ത തെളിയിക്ക കാരണം നല്ലടിയിർക്ക്
വെറുത്ത സാത്താനും വിറച്ചു നിക്കവേ
കുറിച്ച വാറുപോൽ അടുത്തു നായകൻ
ആദമവ്വായരികത്തായ്

മുപ്പതു വെള്ളിക്കു മുത്തിയ യൂദായും തപ്പാതെ പോയ് നരകത്തിൽ
കൊടുത്ത വെള്ളിയങ്ങെറിഞ്ഞു പള്ളിയിൽ
കഴുത്തിൽ വള്ളിയും പുറത്തു ചങ്കുമായ്
ഭൂമി തൊടാതെ ഞാലുന്നു.

(മൂന്നാം പാദം)

ആദിയിലാദത്തെ വീണ്ട കുരിശിത്
സാരമതായതും ഭൂമിലോകത്ത്
മേഘത്തിൽ കണ്ട കുരിശടയാളം
നാമത്താലെയെമ്പ്രദോരുജയിച്ചു
നാണത്താൽ യൂദരൊളിച്ച കുരിശിത്
ശാസിച്ചെടുപ്പിച്ചാനെമ്പ്രദോര്
വേഗത്തിൽ പെട്ടകം വെള്ളിയാൽ തീർത്ത്
ഘോഷത്താൽ ഗാഗുൽത്താ തന്നിലിരുത്തി
ലോകത്തിലോരോ രാജ്യങ്ങൾ തോറും
വച്ചൊരു നല്ല കുരിശടയാളം
മുത്താലും പച്ചപ്പളുങ്കാലും മറ്റും
മാണിക്യത്താലും മരതകത്താലും
വൈരവും പച്ചപ്പവിഴക്കാൽകൊണ്ട്
മെച്ചമായുള്ള പണിക്കാരെല്ലാം
വെച്ചു കുരിശു പ്രത്യുക്കാൾ നാട്ടിൽ
ആശയാൽ കൊച്ചിയും മെച്ചമാം ഉറുമീസും
ചീനം മലാക്കാ മൈലാപ്പൂരെല്ലാം
ഉണ്ടു പലജാതി മാർ സ്ലീബാ കാണ്മാൻ.

(നാലാം പാദം)

മൂലമേ ആദമൌവാ മുടിവിനുടെ കനികൾ തിന്നു
നിലകടന്നൊക്കെക്കടലിൽ
അലയാഴിയതു കടന്നു മലയാഴിയതിലൊരേടം
ഇടയാം തുരുത്തുകരയ്ക്കു
തിറകൊള്ളും മുടിമന്നന്റെ നിറമേറും ചുങ്കത്തിങ്കൽ
നിറക്കൊണ്ടോനെ മരുതോലിൽ
അഴകോടെ പള്ളിയും വെച്ച് അരുളോടെ മുപ്പതു കാലം
ഇനിവേണം കല്ലാൽ കുരിശ്
കത്തങ്ങൾ മൂപ്പന്മാരും ഒത്തങ്ങു കുരിശും വെച്ചു
മാത്തു ചാക്കോയുടെ അമ്പാലെ.

(അഞ്ചാം പാദം)

ഏകലോടെ വന്നു കണ്ടു അന്ന് രാമനാഥനും
ഏറ്റുപണി കല്ലുകീറി ഇട്ടൊരടിസ്ഥാനവും

ഉറ്റു നല്ല ബാലവർഗ്ഗം മറ്റും തരുതായ്ക്കളും
ഉറ്റ തപ്പും മദ്ദളവും കൊമ്പും കുഴൽ താളവും
കോലമുറ്റ മങ്കമാരും പാട്ടും കുരവയലങ്കാരം
കൊല്ലമെണ്ണൂറ്റഞ്ചു ചെന്ന മിഥുനം മൂന്നോടിരുപത് *
കോമളമാം നൽവരവും മാർത്തോമ്മാന്റെ ദുക്റാന
അന്നു നിറവേറി കുരിശാലാഹാ തന്നരുളാലെ
ഭക്തിയൊത്തവരൊക്കെ പണി ചമച്ചു വെച്ചാറെ
പട്ടുചേല പൊൻപണം കൊടുത്തു രാമനാഥന്നു
മറ്റും പണിമക്കൾക്കു കൊടുത്തു പണം ചേലയും
ദിക്കു നാലുമൊക്കെ വന്നു കണ്ടു കേണു നന്മകൾ
എണ്ടിശയും ഇണ്ടൽകൊണ്ടു മണ്ടിയണയുന്നോർക്ക്
ഇണ്ടീശയും കൊണ്ടയിണ്ടൽ തീർത്തരുളും നായകൻ.

# കല്ലൂശ്ശേരി പള്ളിയുടെ പാട്ട്

ആലാഹാനായനരുൾ വഴിയെ
ആദിയാലുള്ളോരവസ്ഥ ചൊൽവാൻ
ആലാഹാനായനോടൊന്നിരന്നേൻഅമ്പൻ
ആമ്പൻ മിശിഹാടെ നാമത്താലെ
ആലാഹാ തന്റെയരൂപീറൂഹാ
ആദരാൽ നാവിൽ വിളങ്ങീടെണം
ആലം ചമപ്പതിൻ മുമ്പു കാലം
ആദരാൽ ഭൂതലം അരൂപമായി
അക്കാലം മേഘം തീ മണ്ണുവെള്ളം
അഞ്ചോടൊന്നായ്ക്കലർന്നഴകാൽ
ആകാശം മൂടിക്കിടന്ന വെള്ളം
ആരാലും സീമ പറഞ്ഞുകൂട
ആദ്യന്തമില്ലാ ദിവസത്തിന്റെ
രായെന്നപോലെ കഴിഞ്ഞു പാതി
ആലാഹാ മൂലം വെളിപാടായി
ആലം ചമപ്പാൻ തുടങ്ങിടുന്നു.

(രണ്ടാം പാദം)

തമ്പുരാൻ തന്റെയരുളപ്പാടാൽ
താനെ ചമഞ്ഞുള്ള ലോകപ്രപഞ്ചം

---

* ചുങ്കത്തിൽ പള്ളി സ്ഥാപിക്കപ്പെട്ടിട്ട് 50 വർഷം കഴിഞ്ഞ ശേഷം കൊല്ലം 805 (ക്രി.വ. 1629) മിഥുനം പഴയ കണക്ക് 23-ാം തീയതിക്കു പുത്തൻകണക്കിൽ കർക്കടകം 3-ാം തീയതി മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾദിനം കുരിശു തീർന്നു.

ഒന്നാം ദിവസത്തിൽ കാണപ്പെട്ടു
ആകാശമേൽത്തട്ടും ഭൂമിതാനും
മാലാഖമാർ കൂട്ടം ഒൻപതുണ്ട്
മോക്ഷവാനത്തു വെളിവുണ്ടായി
മാലാഖാമാരിൽ വെളിവരുളി
മൂലം പിഴച്ചിട്ടു ചേതമായി
രണ്ടാന്നാളാകാശത്തട്ടുകളെല്ലാം
റൂഹാ പൊരുന്നിരിപ്പാൻ വേർതിരിച്ചു
ശേഷിച്ച വെള്ളക്കലശൽകൊണ്ട്
ചേർച്ചയാൽ വേറുതിരിച്ചുവച്ചു
ഭൂമിയെ മൂടിക്കിടന്ന വെള്ളം
പ്രത്യക്ഷമാം വണ്ണം നീക്കി നിറുത്തി
മൂന്നാം ദിവസം പുല്ലു വൃക്ഷാദികൾ
മായവൻ ചൊൽക്കൊണ്ടു ഭൂമി ചമച്ചു
നാലാം ദിവസത്തിൽ അർക്കചന്ദ്രൻ
നക്ഷത്രരാശികൾ ശിക്ഷയായി
അഞ്ചാം ദിവസം കടലിനോടും
ആനന്ദവിനാദി പറവ ഊവ്വാ
ആകെ നീ താൻ ചമയ്ക്കെയെന്ന്
ഏകിയപോലെ ചമയപ്പെട്ടു

ആറാം ദിവസത്തിൽ ഭൂമിതന്നിൽ
ആടുമാടാന കരടി സിംഹം
പക്ഷികൾ ഊർവ്വെയെന്നീത്തരങ്ങൾ
പാടെയവനിയിൽ കാണപ്പെട്ടു
ഭൂമികൊണ്ടാദത്തെ തൃക്കൈയ്യാലെ
വാഴുടനായൻ ചമച്ചഴകാൽ
അസ്ഥിമേൽ നാരിയെ രൂപിയാക്കി
ആത്മാവുമിട്ടാദം പേർവിളിച്ചു
കൂടിപ്പെരുകിനെന്നരുളിച്ചെയ്തു
കാതലായ്വെച്ച പറുദീസായിൽ
ഏഴാം ദിവസത്തിൽ താനടങ്ങി
ഏകലാൽ തന്നെയിരുന്നരുളി.

(മൂന്നാം പാദം)

ആദത്തെ വെച്ചു പറുദീസാ തന്നിൽ
ആണ്ടവനന്നു ഗുണദോഷം ചൊല്ലി
ഹാവാമനയാളും പേവാക്കുഴ കേട്ട്
നന്മതിന്മയറിവിൻ കനി തിന്നു
അവളോടിച്ചെന്നു പതിക്കതു നൽകി
ആദവും തിന്നു പിഴച്ചഴൽ പൂണ്ടു

ആകവേ ശോകിച്ചു കേണിരുന്നേറ്റം
അമ്പേരിലമ്പൻ തമ്പുരാനെഴുന്നള്ളി
ആപത്തു തീരുമെന്നരുൾ ചെയ്തു
ആദത്തെ നീക്കി, പറുദീസാ തന്നിൽ
മാലാഖാ ക്രോബേലെ കാവലുമാക്കി
മാറ്റേറും പൊൻ, മുരുൾ, കുന്തുരുക്കം
കാഴ്ച വെപ്പാനാദം പെട്ടകം മൂന്ന്
കാലേ കരുതി അവനിലിരുന്നു
കാരണനാദത്തിൻ മക്കളിൽ മൂത്തവൻ
കായനുമാബേലെ കൊന്നതു മൂലം
ഏകലാൽ മൂന്നാമൻ ശേതു തനിക്ക്
അമ്പോടു ബാവായും വാഴ്‌വു കൊടുത്തു
പ്രാക്കേറ്റ കായേനും സന്തതിയോടും
ബന്ധിക്കരുതെന്നാദത്തോടാലാഹായും
പ്രമാണിച്ചാറെ ഒടുക്കമെതെല്ലാം
പാടെ മറന്നുപോയ് ചേർന്നുളവായി.

(നാലാം പാദം)

ആദമുണ്ടായി രണ്ടായിരത്തി-
മുന്നൂറ്റിത്തൊണ്ണൂറോടൊന്നാം കാലം
അന്നുള്ള ലോകരെ വെള്ളം കൊണ്ടു
ഒക്കെ മുടിച്ചു ശേഷിച്ചു നോഹും
വർദ്ധിച്ചു ലോകരും മക്കൾ മൂന്നാൽ
വാഴ്‌വേറ്റ ശേമിന്റെ കൂട്ടത്താലെ
പ്രാക്കേറ്റ കാമിന്റെ കൂട്ടത്തോടെ
ഭേദിച്ചു പിന്നെയും ദോഷപ്പെട്ടു
ആലാഹാ തന്റെയരുൾ വഴിയെ
അബ്രാഹമെന്നിയെ ഇല്ലെയെന്ന്
അവനോടു വറുഗീസു വേണമെന്ന്
ഉപദേശമായ് താൻ കല്പിച്ചാറെ
അബ്രഹാം താനും മകനിസഹാക്കും
ഇശുമായേലിനും വറുഗീസിട്ടു
അതുമൂലം വന്നിസറായേൽക്കെന്ന്
മുന്നം ക്നാനായ മാർഗ്ഗമതായി.

(അഞ്ചാം പാദം)

മാർഗ്ഗമങ്ങു കൊടുത്തുതാൻ വഴിപാട്ടിലെ നിവിയാക്കളും
മായവൻ പിറവിക്കു പുസ്തകമാകയാൽ തികയുന്നിത്
സൃഷ്ടിലോകമതായ നാൾ മുതലിച്ച കാലമതോർക്കിലൊ

സാക്ഷിപെട്ടു പിറന്ന കാലം പള്ളിവാണു * വരുത്തുക
ഗുശെയെന്ന രാജാക്കൾ മൂവരും ആദമുന്നിയ പെട്ടകം
കാഴ്ചവച്ചു നരാധിമന്നവർ വാങ്ങി നന്മ മനോഗുണം
വാഴുവേറ്റവനാറഞ്ചു വയസ്സിങ്കൽ മുങ്ങിതു മാമ്മോസാ
വാസ്തമെന്നറിയിച്ചോറാറിണ ശിഷ്യരാൽ ഭൂവിയൊക്കവേ
വാനതിൽ പ്രിയരാശിയോട്ടമതിൻ ഫലം പരമൂഴിയിൽ
മന്നിൽ നിൻപ്രിയ ശിഷ്യരോടുമതിൻ ഫലം മരണാന്തരേ
രക്ഷ മുപ്പതോടാണ്ടു മുന്നിൽ വരുത്തി തൻ മരണത്തിനാൽ
ക്രിസ്ത്യരെന്നു വിളിച്ചു പേരും അതിനു ചേർന്ന ജനങ്ങളും
നാളു മൂന്നിലുയർത്തു നാല്പതിലേറി മോക്ഷപുരത്തിന്
നായനൊത്ത പടിക്കു പത്തിലിറക്കി റൂഹാദക്കുദിശായെ
നേരൊടുക്കമതിൽ വിധിപ്പാനൊക്കെയൊത്തുയിരുടുമ്പോൾ
നായകൻ മിശിഹാ പ്രാബല്യമോടിങ്ങു വീണ്ടും വരുന്ന നാൾ
ദോഷമെങ്കളിലുള്ളതൊക്കെയനുഗ്രഹിച്ചു പൊറുക്ക നീ
സൃഷ്ടീശാപുരി മോക്ഷവാനത്തിലാക്കുവാൻ തൊഴുതിടുന്നേൻ.

(ആറാം പാദം)

ശില്പമോടെ ഭൂമിതന്നിൽ കർത്താവിന്റെ വീടായി
ശിഷ്യരും വിശ്വാസകാരുമൊക്കെയൊത്തന്ത്യോഖ്യായിൽ
മാർഗ്ഗവാസികൾക്കു ക്രിസ്ത്യാനിയെന്ന നാമവും
ശ്ലീഹന്മാരിൽ പ്രഭുവാകും മാർ ശെമഓൻ കേപ്പായും
അന്ത്യോഖ്യാ വിട്ടറിയിച്ചു റോമ്മാതന്നിൽ മാർഗ്ഗവും
വേദസാക്ഷിയായവിടെ സ്ലീബാ നാട്ടി പാറമേൽ
പാരിലുള്ളവർക്കു മാതാവാക്കി വെച്ച പള്ളിയും
നന്മകൾക്കു ജന്മവീടായിത്തുടങ്ങി കർമ്മവും
നൽക്കുരിശവിടെനിന്നു ചെന്നു പല പള്ളിയിൽ
ചീനം,മക്കം, മൈലാപ്പൂർ, റുമ്മീസുമിളാക്കായും
ചേരൻ വീരൻ മലനാട് മാർത്തോമ്മാൻ വഴിക്കെല്ലാം
ദേശത്തിലോ മുമ്പു ഗ്രാമം തെക്കും കല്ലൂശ്ശേരിൽ
ദേശത്തീശോ തന്റെ വീടായ് കന്നിനാമം പള്ളിയും
വെച്ചതിന്റെ മൂലം ചൊല്ലി ദൈവനാമം പാടുവാൻ
വാഴുടനായനേ തുണച്ചരുൾകവേണം.

(ഏഴാം പാദം)

മാറാനീശോമിശിഹാ തന്റെ മനഗുണനെറിവെന്നൊരു വേദം
മാമ്മോദീസായും കുർബാന മനസാലേഴു തിരുകൂദാശ
മാർഗ്ഗവിധിക്കൊരു പള്ളി നമുക്കിവിടെ ചിതമെന്നറിവാളൻ
മാനുഷസുന്ദരനാം ബലമേറിയ തുളുർനാട്ടച്ചൻ കത്തനാർ

---

* പള്ളിവാണു- 5491

അഴകൊടു കല്ലിശേരി മലയ്ക്കിണ പല മലചേരും പള്ളിക്ക്
ആദിപുരാൻ വിധിനോഹു ചമച്ചകപ്പൽകർസോൻ മലയിന്മേൽ
അറിവാൽ മൂശയോടരുളിയ വാമൊഴി സീനായിൻ മലമേൽ നിന്ന്
ആകെയുടയവനേകൽ മുഴുത്തു പിറന്നിതു ബേതലഹേം മലമേൽ
മോക്ഷമതിൻ നിഴൽ സാക്ഷി തികച്ചതു താബോറിൻ മലമേൽ നിന്ന്
മാനുഷരക്ഷ കുറിച്ചു മരിച്ചതു ഗാഗുൽത്താ മലമേൽ നിന്ന്
മോക്ഷപുരത്തു കരേറിയതും തവ സൈത്തിനുടയ മലമേൽ നിന്ന്
മാർഗ്ഗമതിന്നു സാക്ഷികൊടുത്തതുമാളിക സെഹിയോന്മേൽ നിന്നു
മോക്ഷമതും തവ തന്നിലുരത്തതും പലതും പലമലമേൽ നിന്ന്
അറിവോർ ചൊല്ലുകിൽ പലപൊരുളുണ്ടേൻ ആലാഹാ തന്നരുളാലെ
അഴകൊടു പട്ടക്കാരരുമത്മേനികളുമൊരുമ്പെട്ടഴകോടെ.

(എട്ടാം പാദം)

അരചൻ വിരുതെഴുമഴകിയ നിറമണി
മുത്തേടത്തു സ്വരൂപത്തിൽ മൂപ്പുവാഴും
ആചാര്യപ്രഭുദേവൻ പരമീശൻനാമം
ചേരും വീരൻ തിരുമുൻപിൽ കനകം വെച്ചു
വെച്ച കാഴ്ചയെടുത്തുടനെ ഭൂമിദാനം
പള്ളിക്കും നാലർക്കും നൽകി തൃക്കൈ ലക്ഷ്യത്താൽ
വാങ്ങിക്കൊണ്ടവർ തെളിവോടെ വന്നു തച്ചർ
സ്ഥാനം കണ്ടു തറയുമടിച്ചു പള്ളിക്ക്
മാറവുറാഹം അപ്പസ്ക്കോപ്പായരുളാലെ
മാറാനീശോമിശിഹായുടെ രാജധാനിക്ക്
വെച്ച കുരിശും കൂദാശ ചെയ്തു പട്ടക്കാരൻ
കുരിശാലയവും കെട്ടി കുറുബാനയും
വൈകിടാതെ പുറം ചുറ്റും കുഴിപ്പിച്ചു
പണിക്കാരൻ മേസ്തിരിയെ വരുത്തിക്കൊണ്ട്
വൈരം മുത്തൊടു നാഗമണി ഗോമേതകം നീല
മരതകവൈഡൂര്യം പവിഴത്തൊടു പുഷ്പരാഗം
ഘോഷത്തോടെ പൊന്നും വെള്ളിയീപ്പതിനൊന്നും
കൂട്ടിയിട്ടടിസ്ഥാനം പടുത്തു കല്ലാലെ
കല്ലാൽ പണിചെയ്തു കഴിയും തുലാവും കെട്ടി
കനം ചേരിൽ മദുബഹായും പണി മതൃന്നു
തീർത്തു ചേർച്ചയോടൈക്കലായും ചുറ്റൊപ്പിച്ചു
വാനാതിലെ കണക്കിലങ്ങുരംവെച്ചു

തീർത്തു ശീലാന്തി നിരത്തി നൽ കഴുക്കോലും
പട്ടികയും തറച്ചോടുമേഞ്ഞൊരുങ്ങിതേ.

(ഒമ്പതാം പാദം)

നന്മയാലെ വച്ചു ത്രോണോസുമ്മാ തന്റെ പള്ളിയിൽ
നേർ കിഴക്കു ചേർത്തു നടകെട്ടി വളവിന്നകം
തീർത്തഴിക്കു കാൽ നിറുത്തി ചിത്തിരത്തിലിറത്താവ്
തങ്കമിട്ട തൽപ്രഭയ്ക്കു ശങ്കവേണ്ട കൽപ്രഭ
തീർത്തു വളവിൻപുരത്തു രണ്ടുപാടും ത്രോണോസ്
പട്ടക്കാരർ നിൽക്കും മാനിഭസ്ഥലമഴിക്കകം
വേണമേ പണികൾ പള്ളിക്കെന്നെഴുത്തുപെട്ടപോൽ
വള്ളിക്കെട്ടും വൃക്ഷം പക്ഷി ചെന്നാ പുലി സിംഹങ്ങൾ
കൊത്തുരൂപവുമെഴുത്തും ചിത്തിരപ്പണികളും
കണ്ടു കണ്ടു ചൊല്ലുകിലൊരിക്കലും മതിവരാ
കന്നിയെ ശരണമെന്നു കൈതൊഴും ജനങ്ങൾക്കു
കാത്തുരക്ഷ ചെയ്തു മോക്ഷം ചേർക്കുമീശോമിശിഹാ
ഒട്ടറിഞ്ഞതു പറഞ്ഞേനെൻ പിഴ പൊറുക്കണം
ഒക്കെയറിവില്ലിനിക്കു വാഴുടനായനെ
കാരണം മഴുക്കീർ തന്നിൽ വെച്ച പള്ളി മുപ്പതാം
കാലവുമവിടെനിന്നു മുങ്ങിപ്പൊങ്ങി മലയില്
കർത്താവു തന്നരുളാലെ പള്ളി നിറവേറി
കല്ലുശേരിപ്പള്ളിക്കുണ്ടോരൊപ്പമൊരു പള്ളി
പൊന്നും കാതൽകൊണ്ട് പൊരുളേറ്റമായ് ചമച്ചു
പൊരുവോളം തരവേണം പോറ്റിയടിയാർക്ക്
നിത്തിരയിലറിയിപ്പാനന്നന്നുള്ള നന്മകൾ
നിത്യവും തൻനിനവാലെ വാഴ്വാനരുളാലെ
ആരിവിടെ തരുതായ്ക്കളന്നുമിന്നും വാഴ്വാൻ
ആലാഹാതന്നരുളാലെ അന്നുമിന്നുമെന്നുമെ*.

---

* കല്ലുശ്ശേരിപള്ളി മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ അനുമതിയോടും ചുങ്കത്തിൽ പള്ളി പണിതതിന്റെ ശേഷമായും സ്ഥാപിക്കപ്പെട്ടതാണ്. ഇത് ഇപ്പോൾ തെക്കുംഭാഗ സുറിയാനിക്കാരിലുള്ള പുത്തൻകൂറ്റുകാരുടെ കൈവശത്തിലാണ്.

# പൈങ്ങോളത്തു പള്ളിയുടെ പാട്ട് *

മന്നിൽ പുകൾപെറ്റ പൈങ്ങോളത്തിൽ
ബാവയും ഉമ്മായും സാക്ഷിയാലെ
മുമ്പുള്ള പള്ളികടുത്തുരുത്തിൽ
ഉമ്മാ ശരണമെന്നല്ലാവരും
ഇമ്പമായുള്ളോരുദിയം പേരൂർ
കന്തീശങ്ങളെ ശരണമെന്ന്
വൻപെഴുന്നാകിയ കോട്ടയകം
കന്നിമറിയം ശരണമെന്ന്
അൻപോടു നല്ലോരു ചുങ്കത്തില്
മുൻപിൽ കുരിശു പണ്ടില്ലായ്കയാൽ
മാർത്തോമ്മാൻ തന്റെ കൈപ്പണിയാൽ
വിസ്മയത്തിന്നിട കൂട്ടിയല്ലോ
ആകാശത്തോടൊത്ത കല്ലൂശ്ശേരിൽ
ആകാശത്തിൽനിന്നിറങ്ങിയവളേ
അൻപോടെ അഞ്ചരപ്പള്ളിക്കാരും
ഒന്നായിട്ടങ്ങുണർത്തിച്ചപോലെ
നന്മനിറഞ്ഞ മറിയം ചൊല്ലി
അമ്മയോടേറ്റമപേക്ഷിക്കുന്നു.
ഈശോമിശിഹാ പിറന്ന ശേഷം
ആയിരത്തറുനൂറ്ററുപത്തേഴിൽ
അന്നു പള്ളിച്ചിറ ദേശം തന്നിൽ
മന്നൻ കുലശേഖരൻ കണ്ടൻതന്നിൽ
മന്ത്രായാകുന്നോരു പാലത്തുങ്കൽ
ധന്യനാം അലക്സന്ത്രയോസും

---

* പൈങ്ങോളത്തു പള്ളി 1667-ൽ സ്ഥാപിക്കപ്പെട്ടു. ഈ പള്ളിയിൽ തെക്കുംഭാഗക്കാരും വടക്കുംഭാഗക്കാരും കൂടി യോജിച്ചു നടന്നു വന്നാറെ വടക്കുംഭാഗരിൽ കിഴക്കേക്കുറ്റ് ബഹു. ചെറിയച്ചൻ പാളയത്തിൽ പുതിയതായി ഒരു പള്ളി സ്ഥാപിച്ചു പിരിഞ്ഞ അവസരത്തിൽ പൈങ്ങോളത്തു പള്ളിയിൽ നിന്ന് ഒരവകാശം അവർ ആവശ്യപ്പെടുകയും ഇതനുസരിച്ച് 1877 മുതൽ 88 വരെ സുറിയാനിക്കാരെ തനിച്ചു ഭരിച്ചിരുന്ന വരാപ്പുഴ മർസ്ലിനോസ് മെത്രാനവർകളുടെ കല്പനാനുസരണം അന്ന് ഇരുഭാഗക്കാരും കൂടി രണ്ടായി ഭാഗം ചെയ്തതിൽ വടക്കുംഭാഗരുടെ വീതത്തിൽ നിന്ന് ഒരംശം പാളയത്തു പള്ളിക്കാർക്കു ലഭിക്കുകയും ചെയ്തു. വടക്കും ഭാഗരിൽ ശേഷമുള്ളവരും തെക്കുംഭാഗരും കൂടി ഇപ്പോഴും ഈ ഭാഗമനുസരിച്ച് എല്ലാ സംഗതികളിലും രണ്ടായി നടന്നു വരുന്നു.

യൗസേപ്പും തോമ്മായും കത്തങ്ങളും
ശേഷം ജനങ്ങളും കൂടിക്കൊണ്ട്
മറ്റും പണികൾ തികച്ച ശേഷം
മാതാവോടേറ്റമിരന്നിടുമ്പോൾ
ശക്തി മുഴുത്തൊരു ദേവസ്യാനോസ്
പൈങ്ങളം തന്നിൽ എഴുന്നള്ളീട്ട്
അപ്പഴേ അങ്ങുള്ള പ്രജകളോട്
നന്നായ് നടത്തിയ കാലത്തുങ്കൽ
വമ്പനായുള്ളോരു എസ്തപ്പാനോസ്
എല്ലാവരെയും സൂക്ഷിപ്പാൻ വന്നവനേ
ആറിൽ മികച്ച മാറെസ്തപ്പാനോസ്
ബാവാടെ മുമ്പിലണഞ്ഞവനേ
ഞങ്ങൾക്കുടയവൻ നിങ്ങളല്ലോ
ആദരാൽ ഞങ്ങളെ കാത്തിടേണം
പൈങ്ങളം തന്നിൽ വസിക്കുന്നോരു
മർത്താമറിയമേ നീ ശരണം.

# ഉഴവൂർ പള്ളിയുടെ പാട്ട്

ആലാഹാനായനോടൊന്നിരന്നേൻ
ആദിയാലുള്ളൊരവസ്ഥ ചൊൽവാൻ
ആരിയചേരകോൻ നാടുതന്നിൽ
അൻപിൽ മുൻപും വെൺപല നാടുതന്നിൽ
വെല്ലും സ്വരൂപം വടക്കുംകൂറ്റിൽ
കാതിൽ മികച്ച കടുത്തുരുത്തിൽ
കാരണപ്പെട്ട വലിയപള്ളീൽ
കല്പക മാളിക തന്നിൽ നിന്ന്
കുമ്മനിട്ടുപ്പു കത്തനാരുതാനും
നിത്തിര തന്നിൽ പെരുമ കണ്ടു
നാടെട്ടു മുമ്പു വടക്കും കൂറ്റിൽ
നാലെട്ടിനൊത്തോരുഉഴവൂർ * തന്നിൽ

* ഉഴവൂർ പള്ളി 1631-ാം കാലം ദോം എസ്തപ്പാൻ ദെബ്രിത്തോ എന്ന പോർട്ടുഗീസ് ജസ്യൂറ്റ് മെത്രാന്റെ അനുവാദത്തോടു കൂടെ ബഹു. കുമ്മൻ ഇട്ടൂപ്പ് കത്തനാർ മുതൽ പേരാൽ സ്ഥാപിക്കപ്പെട്ടു. കുമ്മൻ എന്ന പദം അദ്ദേഹത്തിന്റെ വീട്ടുപേരായ കുമ്മനത്ത് എന്നതിൽ നിന്നുൽഭവിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഈ പള്ളി പുതിയ രീതിയിൽ പണിയിക്കപ്പെടുകയും ക്രി.വ. 1901 ധനു 26-ാം തീയതി വരാപ്പുഴ മെത്രാപ്പോലീത്തായുടെയും ചങ്ങനാശ്ശേരി, എറണാകുളം എന്നീ മിസ്സങ്ങളിലെ മെത്രാന്മാരുടെയും സഹകരണത്തോടു കൂടി ആഘോഷപൂർവ്വം അഭിഷേകം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു.

നാലെട്ടിണങ്ങരും താനും കൂടെ
നന്മയിൽ തന്നെ പറഞ്ഞവാറേ
ചിന്തയിലോർത്തു നിരൂപിച്ചിട്ട്
ചിക്കനെ നന്മയിലാശകൂറി
വെൺപല നല്ല വടക്കും കൂറ്റിൽ
വമ്പേറും കയ്മളൊ ചിന്തെഴുത്ത്
അമ്പുറ്റ ലോകരും കൂടി നന്നായ്
ഭൂമി പല സ്ഥാനം നോക്കിക്കണ്ടു
പുകൾപെറ്റ ഭൂമി കൊടുത്തു കയ്മൾ
ആദിയാലുള്ള വലിയ പള്ളീൽ
അട്ടിപ്പേർ പൊന്നിട്ടെഴുതിക്കൊണ്ട്
കാര്യമായിന്നു ശേഷം ചൊല്ലുവാൻ
കർത്താവീശോമിശിഹാ തുണയ്ക്കു.

(രണ്ടാം പാദം)

ഓതിനവേദം ജ്ഞാനവഴിക്ക് ഉണർവ്വതു കുമ്മൻകത്തനാർ
ഒരുവനെയുന്നി പരിചൊടു കൊച്ചിതിറമുള്ള കോട്ട പുകിന്താറെ
മലനാടഴകൊടു വാഴുന്നോരു എസ്തപ്പാനോസ് മെത്രാനെ
മനകുലതിലകൻ കുര്യനർക്കതിയാക്കോൻ താനും മനഗുണമായ്
കേൾപ്പിച്ചഴകൊടു പള്ളിക്കാര്യം അനുമതി വാങ്ങുന്നതിനായി
നായൻ മിശിഹാ തന്റെ സഹദേന്മാരിൽ മുമ്പനാകുന്ന
നാമമെഴും മാറെസ്തപ്പാനോസ്, മർത്തമറിയം തുണചെയ്ക
ഉടനടി തന്നുടെയനുമതിയെഴുതി കടലാസിൻ പ്രമാണത്താൽ
മേടിച്ചുടനെ വാഴ്വും ഗുണവും എസ്തപ്പാനോസ്സരുളാലെ
പെരുമയിലുടയവനെ തുണയെന്നങ്ങഴകൊടു വന്നു പള്ളിക്കൽ
മൂലം മറയാതൊരു കുരിശുംകുട വേണ്ടും വെഞ്ചനതരമെല്ലാം
മുമ്പാകുന്ന വലിയ പള്ളീന്നു അമ്പൊടു താൻ കൊണ്ടുവന്നു.
ആണിയഴകിയ തിറമണി പുരുഷൻ നടുവത്തിട്ടിക്കയ്മളെ
അമ്പൊടു കണ്ടു പറഞ്ഞുടനെ വിളികൊണ്ടെടവകയിലറിയിച്ചു
കൂടിയ നരരിൽ കുയിൽ പണിതച്ചർ സ്ഥാനം കണ്ടു തറയടിച്ചു
തപ്പൊടു താളം തകിൽ മുരശടി വെടി വേണ്ടും വണ്ണം ചെയ്യിച്ചു
കോമളമുറ്റൊരു കനകപ്പൊന്നൊടു നവരത്നങ്ങളടിസ്ഥാനം
കെല്പ്പിൽപ്പണുതു മുകൾമുറുക്കി പട്ടുതരങ്ങൾ ചാർത്തി
കൊല്ലമെണ്ണൂറ്റാറൊടു മാസം നല്ല ധനുവം പതിനാറിൽ
മാറാൻ പിറന്നിട്ടായിരത്തറുനൂറ്റി മുപ്പത്തൊന്നാം കാലത്തിൽ
അംബരത്തിലർക്കചന്ദ്രാദികളുണ്ടായ ബുധനാഴ്ച നാൾ
കാരണനാകിയ കുമ്മൻ കഹനാകുരിശും വെച്ചു കുർബാന ചൊല്ലി
കൂടിയ നല്ല കത്തങ്ങളേവരും ഭക്തിയോടെ കുർബാന ചൊല്ലി
അമ്പൊടു നേർച്ച കൊടുത്തെല്ലാരും പെരിയവനെ സ്തുതികൾ
ചെയ്തു.

(മൂന്നാം പാദം)

മൂലമെ തൊമ്മിയും ചാക്കോയും പള്ളിയ്ക്കായ് ചെയ്ത പ്രയത്ന
ങ്ങളേറ്റം
മന്നിൽ പുകൾപെറ്റ പള്ളി ഉഴവൂരിലെന്നു ലോകം പുകഴ്ന്നു
പരിശൊത്ത പള്ളി വിശേഷങ്ങൾ ചൊല്ലുന്നോർ
പെരിയവന്മേലറിയേണം
മൂലം മാലാഖാമാർ പിന്നെയാദമവ്വാ ചെയ്ത പിഴകളാലേറ്റം
കോപിച്ചു കർത്താവു ശിക്ഷിച്ചവരേയും, തന്റെ മഹത്വത്തെ കാട്ടി
പിഴപെട്ട മാനുഷ വർഗ്ഗത്തെ രക്ഷിപ്പാൻ തൻപുത്രനെ യാത്രയാക്കി
സ്രഷ്ടാവിൻ പുത്രൻ പിറന്നു കന്നീൽ നിന്നു മാനുഷ രൂപമെടുത്തു
മുപ്പത്തുമൂന്നു വയസ്സിലൊടുക്കത്തിൽ മാനുഷ രക്ഷ തികച്ചു
മരിച്ചിട്ടു മൂന്നാം നാളുയർത്തു നാൽപതാം ദിവസമതിൽ മോക്ഷമേറി
കാണകപ്പെട്ട പടപ്പുകളൊക്കെയും കർത്താവരുളാലൊടുക്കം
ഏറ്റം കനത്ത കല്ലും മലയൊക്കവെ ദഹിച്ചീടും തീയതിനാലെ
ഒടുക്കമായൊക്കെയും കല്പനയാലങ്ങു വൻകടലാലും നശിക്കും.
വമ്പിച്ചിടിയും മിന്നലുകളുമൊക്കെ, ഭൂകമ്പമുണ്ടാകുമെന്ന്
ആകാശത്തു കൊമ്പു മിഖായേലും വിളി ആദം തൊട്ടന്നുള്ളവരെ
മാനുഷരെല്ലാരും ഭൂമിയിൽ നിന്നുയർക്കവെ കൂട്ടമായന്ന്
കൂടുന്നുയോറോശലത്തുള്ള യോഹശാപ്പാത്തെന്ന താഴ്വര തന്നിൽ
കർത്താവിൻ ഘോരമാം കല്പന കേൾക്കുമ്പോൾ മാനുഷർ രണ്ടായ്
തിരിയും
ദോഷത്താളരായ മാനുഷക്കൂട്ടത്തെയസുരന്മാർ കയ്യിലേൽപ്പിക്കും
അസുരന്മാർ കൊണ്ടെനരകത്തിലിട്ടിട്ടു ചെയ്തീടുന്ന ശിക്ഷകളേറ്റം
ഓരോരോ ദോഷങ്ങൾക്കോരോ ശിക്ഷകൾ തീയാഴീലിട്ടു ചെയ്യുന്നു
കർത്താവിൻ ദൃഷ്ടിയെ കാണാതുഴലുന്നു കാലാകാലത്തോളം
തീയിൽ
മോക്ഷത്തിലേറിയ കുറ്റമില്ലാത്തോർക്ക് ഉള്ളോരു നന്മകളെത്ര
ദൈവതിരുമുമ്പിൽ മാലാഖാമാരോടും പുണ്യവാന്മാരോടും കൂടെ
സ്തോത്രമഹത്വ സംഗീതങ്ങൾ പാടിക്കോണ്ടറ്റമില്ലാതെ സുഖിക്കാം
മാനുഷർ ജീവിക്കും നാളൊക്കെ കർത്താവിൻ കല്പന കേട്ടുനടന്നാൽ
കാലാകാലത്തോളം മോക്ഷഭാഗ്യത്തോടെ കർത്താവിനെ സ്തുതി
ചെയ്യാം.

# പുന്നത്തുറ പള്ളിയുടെ പഴയ പാട്ട്

അമ്പിനോടെ ബാവാ തന്റെ മനോഗുണമതിനാലെ
ഇമ്പമോടെ വസിച്ചീടും പുന്നത്തുറയിൽ -മെയ്യെ
ഇമ്പമോടെ വസിച്ചീടും മുമ്പനായ മാർത്തോമ്മാനെ
അമ്പിനോടെ ഞങ്ങളിതാ കുമ്പിട്ടീടുന്നു-മെയ്യെ
കുമ്പിടുന്നു ഞങ്ങളിന്നു അമ്പു ചെയ്യേണമെന്നിട്ടു
കുറ്റം പൊറുത്തടിയാരെ രക്ഷ ചെയ്യേണം-മെയ്യെ
പെറ്റതായേപ്പോലെ തന്നെ രക്ഷിക്കേണമടിയാരെ
കൊറ്റവന്റെ പാദമണച്ചരുളീടണം-മെയ്യെ
മന്നിപ്പുകൾ പെരുകീടും പുന്നത്തുറ പള്ളിതന്നിൽ
മാർത്തോമ്മാൻ ശ്ലീഹാ ഞങ്ങളെ കാത്തരുളണം-മെയ്യെ

# പുന്നത്തുറ പള്ളിയുടെ പുതിയ പാട്ട്

തമ്പുരാൻ തന്റെയരുളപ്പാടാൽ
അംബരാഭൂതലമോടു സർവം
സൃഷ്ടിച്ചുടയവൻ സ്ഥാപിച്ചിട്ട്
ഇഷ്ടരാം മർത്യരെ തൃക്കയ്യാലെ
താതനുമൂന്നാമതുത്ഭവിച്ച
ശേതിലുടയവൻ കാരുണ്യത്താൽ
ഏനോസവനിൽ നിന്നുത്ഭവിച്ചു
അനന്തരം കൈനാനവനു ജാതൻ
കൈനാനു സന്തതി മലഹാലയേൽ
പൈതലാം യാറദുണ്ടായവന്ന്
സത്യവാൻ ഹനോക്കവന്നു പുത്രൻ
മൃത്യു രസിക്കാതെ മോക്ഷപ്രാപ്തൻ
ഹാനോക്കിൽ സൂനുവാം മത്തുശ്ലേഹ്
ജനനമായ് ലേമ്മാക്കിവനിൽ നിന്ന്
കർത്താവിനിഷ്ടനാം നോഹിവന്റെ
പുത്രനായുത്തമൻ ജനനമന്ന്
പ്രായമൊരഞ്ഞൂറു ചെന്ന ശേഷം
ദൈവത്താൽ രക്ഷിച്ച സന്തതികൾ
ശേമോന്നൊരുവന്റെ ഭ്രാതാക്കന്മാരാം
ഹാം യാപ്പെത്തിങ്ങനെ മൂവരുമായി
അന്നുള്ള മാനുഷരേറെനാളെ
നന്നായി വാണിവർക്കുണ്ടായി മക്കൾ
വർദ്ധിച്ചു ലോകം നിറഞ്ഞിവരാൽ

സത്യമഴിച്ചു വഷളായ് ഭൂമി
ശിക്ഷിച്ച ലോകത്തെ വെള്ളം കൊണ്ട്
രക്ഷിച്ചു നോഹോടു സന്തതികൾ.

(രണ്ടാം പാദം)

യാനപാത്രമതിൽ നിന്നു നോഹും മക്കളും ചതൃനാരിമാർ
യാനമായി നരസിംഹാദികൾ പക്ഷിനാക്കാലി ഊർവകൾ
വർദ്ധിച്ചിവയെല്ലാം ഭൂതലെ പെരുകുവാൻ ദൈവം കല്പിച്ചു
ആ ദിനങ്ങളിൽ നോഹു താൻ മദുബഹാ പണി ചെയ്തതിൽ
ഭൂമൃഗങ്ങളിലുത്തമഖഗവൃന്ദമൊക്കെയിൽ നിന്നവൻ
ഹോമപൂജ കഴിച്ചതിൽ നിന്നുള്ള ധൂമസുഗന്ധത്തെ
മോക്ഷനായകൻ കൈക്കൊണ്ടായതിലിക്ഷിതിയിലനുഗ്രഹം
നോഹോടവനുടെ സന്തതിമേൽ ആശീർവദിച്ചാലാഹാ
ആയനുഗ്രഹം കിട്ടുവാനിങ്ങുമായവൻ തിരു ആലയം
ഒച്ചപൊങ്ങിടും പുന്നത്തുറയിൽ വെച്ചു മാർത്തോമ്മാൻ നാമത്താൽ
കത്തനാർ ഗുരുശ്രേഷ്ഠനാമം കുമ്മനിട്ടുപ്പു ദേഹത്താൽ
ശിഷ്ടരായന്നു രണ്ടു ഭാഗത്തുള്ള ലോകരുമൊന്നായി
ചിന്ന ശൈലമിതെന്നപോലൊരുയർത്ത ഭൂമി തിരഞ്ഞതിൽ
ഹിന്തുരാജ്യമതിൽ കുരിശങ്ങേഴുവച്ചതിലൊന്നുപോൽ
*വില്ലിരുപതൊടൊന്നു തന്നുടെ നിദ്രവാസരം കൈക്കൊണ്ടു
വാഴ്ത്തി സ്ലീബാ വച്ചു കല്ലതിലിട്ടു രത്നമടിസ്ഥാനെ
രാജരാജാവീശോ തന്നുടെ പാദവന്ദന ചെയ്തതിൽ
നാമധേയമീദേവാലയത്തിനുള്ള തോമ്മാ ചോഴൻ മുമ്പിൽ
ശില്പിഭാവമായ് തത്ര കണ്ടവൻ ഇപ്പണിക്കു സഹായത്താൽ
കാണുമീപ്പണി ഒക്കെയും തിരുവുള്ളമോടു നിവൃത്തിച്ചു
ദൈവമേകനാം ത്രീത്വത്തിങ്കൽ കൈതൊഴുതു വണങ്ങിയേൻ

(മൂന്നാം പാദം)

ശേമിന്റെ പുത്രനായൊരർപ്പക്സാദാദിയായിട്ടുള്ള തലമുറകൾ
അവനു തനയൻ സാലാഹിന്നു പൈതലായൊരേബേറിന്നു
സുതനായുള്ളൊരു ബാലാഹ്
അവനുടെ പുത്രനായൊരറഗാവിൽ നിന്നു തനയൻ സാറോഹിന്നു
ള്ളൊരു സൂനു
നാഹോറെന്നു നാമധേയമെന്നവനു സുതനായുള്ള തേറഹിന്റെ
പുത്രനായിട്ടുത്ഭവിച്ചോരബ്രാഹം
ആദ്യമവനു നാമമബ്രാം മെന്നക്കാലത്തിൽ കർത്താവു പ്രത്യക്ഷമായി
ജനകാലയം തവദേശം നീ വിട്ടു ഞാൻ നിനക്കു കാണിച്ചീടു
ന്നോരു നാടു നിനക്കവകാശമായ് വരുമെന്നും

* വില്ലിരുപതോടൊന്ന് - ധനു 21

എന്നുടെ വാഴുവാൽ നിന്നെ ഞാനുന്നതവംശമായ് ശ്രേഷ്ഠത്വമാക്കും
നിൻനാമമനുഗ്രഹമായ്ത്തീരും നിന്നിൽ അനുഗ്രഹിക്കുന്നവനി-
ലെന്റെ വാഴ്വൊണ്ടാമീ ഭൂതലത്തിലുള്ള സകല പരിഷകൾ നിന്നെ
വാഴ്ത്തീടും
കേട്ടവൻ ഭാര്യയും ലോത്തോടു കൂടെ പുറപ്പെട്ടുഹാറാനിൽ നിന്ന്
പ്രായമൊരെഴുപത്തഞ്ചാം നാൾ വരയ്ക്കും സമ്പാദിച്ച സർവം
മറ്റാത്മാക്കളെയും കൂടീട്ടബ്രാം നാടു കിനാനതു കണ്ടരുളാൽ
തൊണ്ണൂറോടൊമ്പതു ചെന്ന വയസ്സുങ്കൽ അനുകൂലത്തോടന്നു
ദൈവം
വീണ്ടവുറാമ്മിന്നു വെളിവുണ്ടായി സകലേശ്വരനാം ആലാഹാ
തൻ തിരുമുമ്പാകെ തികയപ്പെട്ടവനായ് വരിക
സാഷ്ടാംഗം തൃക്കൺപാർത്തന്നവുറാമെന്നുള്ള പേരും തികച്ചരുളി
ച്ചെയ്തു
വർദ്ധിച്ചധികം ജാതികൾക്കു താതനാക്കിത്തീർത്തു നിന്നിൽ നിന്നു
പല രാജാക്കളുണ്ടാകും നിന്റെ സന്തതികൾക്കു ദൈവം
ഞാനെന്നറിക നീ
കല്പിച്ചു നിങ്ങളിൽ പുരഷന്മാരൊക്കെയും വറുഗീസു കൈക്കൊ
ണ്ടീടേണം
ഭാര്യ നിനക്കുള്ളവൾ സാറായിനാമമിനിസാറായെന്നനുഗ്രഹ
ത്താലബ്രാഹത്തിനു സന്തതി തരുമെന്നിവളിൽ നിന്ന്
കേട്ടുടനൗറാഹം കുമ്പിട്ടു വീണുടനുള്ളിൽ നിനച്ചിതുപോലെ
പ്രായമൊരു നൂറു തൊണ്ണൂറങ്ങുചെന്ന ഭാര്യാഭർത്താക്കന്മാരായ
ഞങ്ങളിന്നീ സന്തതിക്കു പ്രാപ്തരോ
ദാസി തനയനായുള്ളൊരിശുമായേൽ ജീവിക്കിൽ കർത്താവേ നന്ന്
കേൾക്ക നിന്റെ നാരി സാറാ തന്നിൽ നിനക്കുത്ഭവിച്ചവന്റെ
നാമമിസഹാക്കെന്നു വിളിയ്ക്ക നീ
നിന്നുടെ യാചന കൈക്കൊണ്ടിശുമായേൽ തന്നിലങ്ങനുഗ്രഹിച്ച്
പെരുകി വർദ്ധിച്ചവനിൽ നിന്നുളവാകും പ്രഭുക്കന്മാരും വംശം
വലിയൊരു ജാതിയായ് തീർന്നിടും
കല്പിച്ചു തന്നുടെ പ്രമാണമൊക്കെയും ഇസഹാക്കിൽ
സ്ഥിരപ്പെടുത്തും
അരുളിച്ചെയ്തിങ്ങനെ പല തിരുവചനമവസാനിച്ചുടയവൻ
താനബ്രാഹത്തെ വിട്ടെഴുന്നള്ളീടിനാൽ

(നാലാം പാദം)

കല്പിച്ചുടയവൻ വിധികൾ പോലെ
ഉത്ഭവിച്ചാത്മജൻ സാറാ തന്നിൽ
കല്പിച്ചു താൻ മുമ്പിലരുളിയപോലെ
വാത്സല്യനിസഹാക്കെന്നുള്ളൊരു പേരും
കർത്താവിനിഷ്ടനായ് വളരും കാലം
കർത്താവരുളിച്ചെയ്തവുറാഹം നീ
ഓമനയായൊരു നിൻ പുത്രനെ
ഹോമബലി നൽകുവാനരുൾചെയ്തു
ഈ വിധിപോലവുറാഹം സുതനെ കൂട്ടി
പർവതം പ്രാപിച്ചു പൂജിപ്പതിനായ്
ബന്ധിച്ചിസഹാക്കിനെ പീഠം തന്നിൽ
ഏതും മടിയാതെടുത്തവുറാഹം വാൾ
ഭക്തവാത്സല്യനായുള്ളോരു ദൈവം
ഭക്തനാമവുറാഹത്തെ തൃക്കൺ പാർത്തു
വെട്ടായ്ക ബാലനെ എന്നൊരു നാദം
പെട്ടെന്നാകാശത്തിൽ നിന്നിവൻ കേട്ടു
എന്നിൽ നിനക്കുള്ളരേകസുതനാം
നിൻ പുത്രനെ നീ വിരോധച്ചീടാഞ്ഞ്
ദൈവഭയമവനിൽ കണ്ടെന്നറിയിച്ചു
ദൈവഭക്തൻ തന്റെ പിൻഭാഗത്ത്
നിർമ്മലമായുള്ള കുഞ്ഞാടതൊന്ന്
ഹോമബലിക്കായി കണ്ടവനെടുത്ത്
പുത്രനു പകരമായവ കൊണ്ട്
തത്ര പൂജിച്ചുടനവറാഹം താൻ
ദൈവകുഞ്ഞാടായ നിർമ്മലനീശോ
ചെയ്ത ബലിക്കിതു സാദൃശ്യമായി
ദിവ്യരക്ഷിതാവിന്റെ രക്തം ചിന്തി
ഔഷധം മാനുഷ രക്ഷയിതിനാൽ
കല്പിച്ചു പെസഹാ ദിവസത്തിലീശോ
അപ്പമെടുത്തു താൻ വാഴ്ത്തി മുറിച്ചു
വാങ്ങുവിൻ നിങ്ങൾക്കായ് നിങ്ങളിതെന്നു
ഇങ്ങു നമുക്കിതുകൊണ്ടു പൂജിപ്പാൻ
ശുദ്ധസ്ഥലങ്ങൾ ചമച്ചു പീഠത്തിൽ
ശുദ്ധമതായുള്ള കർമ്മമിതായി
ഭൂതലെ കർത്താവിനാലയം പലതിൽ
മാർത്തോമ്മാ നാമമീ ദേവാലയം
കുമ്മനിട്ടൂപ്പു കഹനാ മുതൃന്നു
മൂവരൊരുവൻ തുണയ്ക്കയെന്ന്.

(അഞ്ചാം പാദം)

റബേക്കാ തന്നെ വിവാഹംചെയ്തിസഹാക്കും
അരുളാലെ ഗർഭമിവളിൽ
ഉത്ഭവിച്ചിരുവർ പുത്രന്മാരിവളുടെ
ഗർഭത്തിൽ തിക്കിത്തുടങ്ങി
കാരണമതിനാലവളുടെ പ്രാർത്ഥന
കർത്താവു കേട്ടരുൾ ചെയ്തു
ജാതികൾ രണ്ടങ്ങു നിന്നുടെ ഗർഭത്തിൽ
ജാതമായ് രണ്ടു വിധത്തിൽ
ഒരവനിലെത്രയുമൂറ്റമാം മറ്റവൻ
ചെറിയവനിൽസ്സേവിച്ചീടും
കാലം തികഞ്ഞു പ്രസവിച്ചേസ്സോവു താൻ
കാലതിൽ കൈപിടിച്ചനുജൻ
ജാത്മായ് വന്നവൻ നാമവും യാക്കോബ്
മൂത്തവനെസ്സോവു ശക്തൻ
വേട്ടയിലഭ്യാസിയായി വളർന്നവൻ
വീട്ടിൽ വസിച്ചതു യാക്കോബ്
മാനതിനുള്ളൊരു മാംസം ഭുജിച്ചിവൻ
ജനകനു വാത്സല്യമേറ്റം
തമ്പുരാൻ തന്നുടെ വാഴുകയ്യേറ്റൊരു
തമ്പിയിൽ മാതാവിനിഷ്ടം
ആലസ്യമോടൊരു വാസരമെസ്സോവ്
ആലയം പ്രാപിച്ച ശേഷം
ദാഹമോടേറ്റവും ക്ഷുത്തു വളർന്നവൻ
ആഹാരം യാചിച്ചാനേരം
ജേഷ്ഠാഴ്മയെന്നുള്ളോരവകാശം നൽകുകിൽ
അഷ്ടി തരാമെന്നനുജൻ
കേട്ടുടനെസ്സോവും ജനനാവകാശത്തെ
യാക്കോബിനായവൻ വിററു
കൊറ്റു കഴിച്ചു നിരസിച്ചവകാശം
വിറ്റവനാണയുമിട്ടു
പ്രാപിച്ചു വൃദ്ധതയിസ്സഹാക്കിൻ കണ്ണിന്
ദീപം കുറഞ്ഞൊരു നാളിൽ
മൂത്തവനെസ്സോവു തന്നെ വിളിച്ചവൻ
വൃദ്ധനായ് ഞാനിനിയെപ്പോൾ
മരണസമയമറിവില്ലതിൻ മുമ്പിൽ
കരുണയാൽ വാഴു കയ്യേൽപ്പാൻ
ഇഷ്ടമിനിക്കുള്ളോരാഹാരം നൽകുവാൻ
തേടുക പോയി വയലിൽ
വില്ലാളിയായുള്ളോരാദ്യസുതൻ പോയി
നല്ലോരിറച്ചികൾ തേടി

തള്ളയിതൊക്കെയും കേട്ടുടൻ യാക്കോബി-
നുള്ളു കൊടുത്തവൾ ചൊല്ലി
വെള്ളാടു രണ്ടിങ്ങു കൊണ്ടുവരികിൽ ഞാൻ
നല്ലൊരാഹാരമുണ്ടാക്കാം
കേട്ടുടൻ യാക്കോബു ആടുകൾ രണ്ടിനെ
കൂട്ടത്തിൽ നിന്നിങ്ങു വേഗം
കൊണ്ടുവന്നായവ റബേക്കായാലുടൻ
വേണ്ടുന്നോരാഹാരമാക്കി
തീർത്തവൾ യാക്കോബിനെസ്സോവു തന്നുടെ
വസ്ത്രമെടുത്തുകൊടുത്തു
നിർമലമായുള്ളൊരാട്ടിൻതുകലിവൾ
വെണ്മയാം കൈ കഴുത്തെല്ലാം
പുത്രനു ഭൂഷണമായുടുപ്പിച്ചങ്ങ്
താതന്റെ മുൻപിലയപ്പാൻ
ഭക്ഷണമൊക്കെയെടുത്തു കൊടുത്തിട്ട്
തൽക്ഷണം വിട്ടയച്ചവൾ
ആചാരത്തോടു വിളിച്ചവൻ താതനെ
ആശയാൽ പുത്രാ നീ ആര്
യാക്കോബിതുകേട്ടുപായമായ് ചൊല്ലുന്നു
കേൾക്കാനിന്നാദ്യസുതൻ ഞാൻ
ചേർത്തുതടവിയിസഹാക്കു ചൊല്ലുന്നു
ഓർത്താലിളയവൻ നാദം
ദേഹമിതെസ്സോവിനുള്ളതു സൂക്ഷിച്ചാൽ
നേരോ നീ ചൊന്നവയെന്നും
മൂത്തവൻ ഞാനെന്നു ചൊന്നതു കേട്ടുടൻ
പുത്രനു വാഴു കൊടുത്തു
കർത്താവു നിന്നിലനുകൂലമായേറ്റം
വർദ്ധന ധാന്യത്തിൽ നൽകും
സേവിച്ചു നിന്നെ വഴങ്ങീടും ജാതികൾ
വംശത്തിൽ ശ്രേഷ്ഠനായ് വരിക
നിന്നെ ശപിച്ചീടുന്നോർകൾക്കു ശാപവും
നിന്നിലനുഗ്രഹമായാൽ
നന്നായനുഗ്രഹം കിട്ടുമവനെന്ന്
എന്നനുഗ്രഹിച്ചു ബാവാ.

(ആറാം പാദം)

അരുളാലെ പോയ് മാതുലന്റെ ഭവനത്തിൽ
മൂവേഴാണ്ടവിടെ വാണു യാക്കോബക്കാലം
ലേയ്യാ, റാഹേലീ നാരിമാരിരുവരേയും
ചെയ്തു വിവാഹമിവന്റെ പുത്രിമാരിവർ
അടിമയായി നാരിമാരിരുവരെയും

അടക്കി പരിഗ്രഹിച്ചവനക്കാലത്തുങ്കൽ
ലെയ്യാസുതരായി റൂബേൽ ശെമഓൻ ലേവി യൂദാ
ഇസ്സക്കാറും സെബുലോനുമുത്ഭവമായി
റാഹേൽ തന്നിൽനിന്നു ജാതമെവുസേപ്പും
ബനിയാമ്മിതെത്ര വാത്സല്യന്മാരായിട്ട്
റാഹേലിന്റെ ദാസിയായ ബിൽഹാ തന്നിൽ
ദാനും നപ്താലിയുമിവർ പുത്രന്മാരായി
ലേയ്യാ ദാസി ശില്പാ തന്റെ മക്കളായി
ഗാദും ആശേറാകെ പന്തിരണ്ടു പുത്രന്മാർ
യൂദാ തന്റെ പുത്രനായ ഫാറേസിന്റെ
തനയൻ എസറോമ്മിൻ നിന്നങ്ങാറാമെന്നയാൾ
ആറാമ്മിൽ നിന്നുത്ഭവിച്ചോരമിനാദാബിൻ
പുത്രനായ നെഹശോന്റെ സൂനുസൽമോനും
സൽമോൻ തന്റെ സന്തതിയാം ബൊവാസിന്റെ
തനയൻ ഓബേറിന്റെ പുത്രൻ നല്ലോരെശ്ശായി
യെശായ് തന്റെ പുത്രനായൊരരചൻ ദാവീ-
ദുന്നതനായ് കർത്താവിന്റെ തിരുവുള്ളത്താൽ
കർത്താവിനൊരാലയം ചമപ്പാനവൻ
ഓർത്തു സാക്ഷിയുടെ പെട്ടകം കരേറ്റുവാൻ
അതിഘോഷത്താൽ പുറപ്പെട്ടു മഹാരാജാ-
വിസറായേൽ ജനങ്ങളും താനുമൊന്നായ്
മുപ്പതിനായിരം ജനങ്ങളുമേറ്റം
ആർപ്പും കൈത്താളങ്ങൾ വീണ തംബുരുവാലെ
ക്രോബിഗണങ്ങൾക്കിടയിൽ വസിച്ചിടുന്ന
കർത്താവിന്റെ പെട്ടകമെടുപ്പതിന്നായി
അമിനാദാബിൻ ഭവനത്തിൽ നിന്നായവ
പുതിയ തേരിൽ കരേറ്റുന്നു ഘോഷത്തോടവർ
ആചാര്യന്മാരിരുവരുമരചനും
ആചാരത്തോടകമ്പടി വാദ്യഘോഷത്താൽ
സകല വാദ്യഗീതനാദം കേട്ടുടനെ
കാളകൾ വിരണ്ടേറ്റം തേരുഞ്ഞെടുക്കമായ്
ദൈവവിധിസംഗ്രഹമാം പെട്ടകം താൻ
ചായുമെന്നു കണ്ടു ഗുരുവായൊരുസ്സായും
നീട്ടികൈകൾ പെട്ടകം പിടിപ്പതിന്നായ്
പെട്ടെന്നീശൻ ശക്ഷിച്ചുസ്സാതന്നെയുമന്ന്
അതിഭയങ്ങൾ കർത്താവിങ്കലുണ്ടായേറ്റം
അധിപതിക്കും ജനങ്ങൾക്കും സങ്കടമായി
ഭീതിയാലെ പെട്ടകത്തെ കൊണ്ടുപോകാ
തൊബേതേദോമ്മിന്റെ ഭവനത്തിൽ ചെന്നു
കർത്താവേറ്റമനുഗ്രഹിച്ചാ ഭവനത്തെ

വാർത്ത കേട്ടിട്ടിങ്ങു പെട്ടി കരേറ്റിടുവാൻ
അതിസന്തോഷം കോലാഹലം ബലികൾ കാഴ്ച
നൃത്തം ചെയ്തു മഹാരാജൻ സന്തോഷത്താലെ
പട്ടണത്തിൽ പ്രാപിച്ചാർപ്പും ഘോഷത്തോടെ
അഷ്ടി മഹാരാജാവെല്ലാർക്കും നൽകിനാൽ
വാഗ്ദത്തത്തിനുള്ള പെട്ടിവെപ്പാനവൻ
അയ്ക്കലൊ ചമപ്പതിന്നായുത്സാഹിച്ചന്ന്
അരുളപ്പാടന്നുടയവൻ ജനങ്ങൾക്കായ്
അധികയുദ്ധം ചെയ്തഹേതു വിലക്കീടുന്നു
നിന്നുടെ പിന്നാലെ വരും സന്തതിയിൽ
എന്നേയ്ക്കും സ്ഥിരമാക്കീടും സിംഹാസനത്തെ
അവനെന്നുടെ നാമത്തിലങ്ങയ്ക്കലൊയും
അവനു താതൻ ഞാനായീടുമെൻ പുത്രനവൻ
മഹിപതിയാം ദാവീദിന്റെ പുത്രൻ ശ്ലേമ്മോൻ
മഹിമയാലെ തീർത്തുപള്ളി കൽപ്പനയാലെ
അരുളപ്പാടതുപോലെ താനേഴുനായ്ക്കു
തലമുറയ്ക്കീശോ ജാതം ഭൂതലത്തിങ്കൽ
യാക്കോവംശം പാലിച്ചു താനെന്നന്നേക്കും
ദാവീദിന്റെ സിംഹാസനം വാണിരിപ്പാനായ്
കന്യകയിൽ നിന്നു പിറന്നീശോനാമം
രക്ഷിതാവെന്നെല്ലാവർക്കും ബോധിപ്പാനായി
രക്ഷിച്ചു താൻ മരിച്ചുയർത്തെഴുന്നേറ്റു
ശിഷ്യന്മാർക്കു കാണപ്പെട്ടു സാക്ഷിക്കാരായി.

(ഏഴാം പാദം)

ഈശോ താനുയർത്തെഴുന്നേറ്റവർ കണ്ടെട്ടുതികഞ്ഞൊരു നാൾ വീണ്ടും
ഈ ജനമൊന്നിച്ചൊരുഭവനത്തിൽ പൂട്ടിയ വാതിൽക്കുള്ളിലവർ
കർത്താവുടയോനിവിടെ പ്രാപിച്ചതിശയമായൊരു കാഴ്ചയിതു
സ്വത്വം ചൊല്ലിയനുഗ്രഹത്താൽ തിരുമുറിവിവരെ കാണിച്ചു
തോമ്മാതന്നുടെ ചിന്തയറിഞ്ഞിട്ടവനൊടു ദൈവം കല്പിച്ചു
സംശയമൊക്കെയകറ്റുക തോമ്മാ മുറിവിൽ കൈവിരൽ തൊടുകെന്ന്
മാറാനീശോതൻ തിരുവചനം കേട്ടുടനെ തോമ്മായും
മാർവതിലുള്ളൊരു തിരുമറിവെ കണ്ടേറ്റം വിശ്വാസത്താലെ
എന്നുടെ കർത്താവെൻദൈവം നീ ഇങ്ങനെ ചൊന്നവ കേട്ടരുളി
എന്നെ നീ കണ്ടതുകൊണ്ടിട്ടുള്ളൊരു വിശ്വാസങ്ങൾ നിങ്കലെന്നും
കാണാതെന്നെ ചിത്തേ വിശ്വസിച്ച ജനത്തിനു ഭാഗ്യമെന്നും
നിർണ്ണയമതിനാൽ പലരുടെ സംശയമൊക്കെയകറ്റുന്നതിനാലെ

കർത്താവും മമദൈവം നീയെന്നുള്ളൊരു വന്ദവവാക്കതിനാൽ
സത്യം ദൈവം മർത്ത്യസ്വഭാവമെടുത്തന്നുള്ളതറിഞ്ഞീടാം
നാമമിരട്ടയതെന്നു വിളിക്കും മാർത്തോമ്മായെ ഹിന്തുവിൽ
നമ്മുടെ ബാവാ തന്നാലീശോമിശിഹാതന്നെയറിയിപ്പാൻ
കല്പിച്ചതിനാൽ പലരും മോക്ഷം പ്രാപിപ്പാൻ വഴിതാൻ കാട്ടി
അത്ഭുതമേറ്റം മലയാളത്തീശ്ലീഹാ തന്നുടെ കയ്യാലെ
മാമ്മോദീസാ മുങ്ങി പലരും തിരുസ്സഭ തന്നിൽ ചേരുന്നു
നമ്മുടെ കർത്താവീശോതങ്കൽ വിശ്വാസത്തെയുറപ്പിച്ചു
മാർഗമറിയിച്ചെല്ലാവരെയും സത്യവിശേഷം കേൾപ്പിച്ചു
സ്വർഗം പ്രാപിച്ചധികവിശേഷം ചെയ്തതുചൊൽവാനെളുതല്ല
പള്ളികൾ പലപല ദേശങ്ങളാലീമാർത്തോമ്മാ തൻനാമത്തിൽ
ഉള്ളിൽ ഭക്തിമുഴുത്തിട്ടേറ്റം കൊണ്ടാടി സ്തുതി ചെയ്യുന്നു
നന്മ നമുക്കു ലഭിപ്പതിനായി പുന്നത്തുറയതി കൗതുകമായി
കുമ്മനിട്ടൂപ്പുകശീശാ കയ്യാലിതിനോടിണയായി മറ്റൊന്നും
മാറാൻ തന്നെ കുമ്പിടുവാനായ് ഉളവൂർ, പുന്നത്തുറരണ്ടും
മാർത്തോമ്മാ മാറെസ്തപ്പാനോസ് ഇവരുടെ മദ്ധ്യസ്ഥാനത്തിൽ
ഇടവക രണ്ടു ഭരിക്കുന്നേറ്റം പരിശുദ്ധന്മാർ കൃപയാലെ
ഇടവും വലവും നമ്മെ പാലിച്ചെന്നെന്നേയ്ക്കും വാഴുന്നു
സ്വത്വം ശ്ലീഹന്മാർക്കു കൊടുത്തൊരു തൃകൈകൊണ്ടിങ്ങടിയാരെ
നിത്യം തുണയാലാശീർവദിപ്പാൻ മിശിഹാപാദേ കുമ്പിട്ടേൻ
എസ്തപ്പാനോസീശോതന്നെ ദൈവത്തിന്നുടെ വലഭാഗേ
സത്യം കണ്ടൊരു മാനുഷപുത്രൻ തന്റെ വലങ്കൈ അടിയാരെ
സതതം വാഴുതരുവതിനായി പരിശുദ്ധന്മാർ പ്രാർത്ഥിപ്പിൻ
നിത്യം പ്രാർത്ഥിച്ചീടുകയേറ്റം കന്യകമാതാവടിയാർക്കായ്
അടിയൻ ചൊന്നതിനുള്ളൊരു കുറ്റം മിശിഹാ തന്നുടെകുരിശാലും
അടിമയതോർത്തു പൊറുക്കണമെന്നുടെമുമ്മസുഖത്തെകുമ്പിട്ടേൻ
ഹല്ലേലുയ്യാ ഈറേന്മാരുടെ രാജാവിനു മഹത്വങ്ങൾ
ആലാഹാ തന്നരുളാലെ അന്നുമിന്നുമെന്നുമേ *

---

* പുന്നത്തുറപ്പള്ളി 1635-ാം കാലം കുമ്മനിട്ടൂപ്പുകത്തനാർ അവർകളാൽ സ്ഥാപിക്കപ്പെട്ടു. 1631-ൽ ഉഴവൂർ പള്ളി സ്ഥാപിച്ചതിന്റെ ശേഷം അവിടെ ചില വിഘ്നങ്ങൾ നേരിട്ടതിനാൽ പ്രസ്തുത ഇട്ടൂപ്പുകത്തനാർ അവർകൾ പുന്നത്തുറ വന്ന് ഈ പള്ളി സ്ഥാപിക്കുകയും ഇതിന്റെ ശേഷം അദ്ദേഹം ഉഴവൂർപ്പള്ളിയിൽ ചെന്നു താമസിച്ച് അവിടെ മരിച്ചടക്കപ്പെടുകയും ചെയ്തു.

# കൈപ്പുഴ പള്ളിയുടെ പാട്ട് *

ആലാഹാതന്റെയരുളപ്പാടാൽ
ആകാശം ഭൂമി നിർമ്മിച്ചശേഷം
ആദ്യപുരുഷനും ഭാര്യയേയും
ആണ്ടവൻ സൃഷ്ടിച്ചോരാജ്ഞാവിധി
ആദേനിടം മുതലായവ ഭൂമി
ആകെയടക്കി വിധിച്ചിവർക്ക്
ആജ്ഞ മറന്നു പിഴച്ച പാപം
ആകവെ വന്നിങ്ങു സംഭവിച്ചു
ആകാശദത്തം അകന്നതിനാൽ
ആദിപെരിയോനെ ഓർത്തുകേണു
ആണ്ടവൻ കാരുണ്യമായതിനാൽ
ആദിയിലേകൻ നിനച്ചതുപോൽ
ആത്മജൻ ജാതവും ഭൂതലത്തിൽ
ആകെയെണ്ണൊമ്പതാം ഉത്ഭവത്തിൽ
അരൂപി സർവ്വേശവിസ്മയത്താൽ
അന്നാസുതയിലങ്ങവതാരം
അറിവാളരാലെ വചിച്ചപോലെ
അമ്മാനുയേലെന്നു നാമധേയം
എന്നരുൾപോലെ വിളിപ്പതിനായി
അത്യുഗ്ര സിംഹാസനത്തേൽ വാസം
ഐശ്വര്യം യാക്കൊഗണപ്രഭു
അരുളാൽ വിളിച്ചീശോ രക്ഷിക്കണം.

---

പുന്നത്തുറപ്പള്ളിയിലിപ്പോൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും താനും മൂനം അക്ഷരത്തിൽ കൊത്തപ്പെട്ടതുമായ ഒരു കല്ലിന്മേൽ 'കൊല്ലം 8520 -ാം ആണ്ട് (ഇതിന് ക്രി.വ. 1677) മേടമാസം 7-ാം തീയതി പള്ളിപണി തീർന്നു കുരിശുവച്ച്' എന്നു കാണുന്നു. ഈ പള്ളിയിൽ തെക്കുംഭാഗരും വടക്കും ഭാഗരും കൂടി സമാവകാശമായി നടന്നു വന്നാറെ വടക്കുംഭാഗരിൽ പട്ടക്കാർ ചുരുക്കമായി വന്ന കാലത്ത് തങ്ങൾക്ക് പസാരവീതം ഒന്നു പകുതി കിട്ടണമെന്നു വാദമുണ്ടായപ്പോൾ, ഇപ്രകാരമാണെങ്കിൽ എല്ലാ സംഗതിയും ഭാഗം ചെയ്യണമെന്ന് തെക്കുംഭാഗർ ആവശ്യപ്പെടുകയും ഇതനുസരിച്ച് ഇരു ഭാഗക്കാരുംകൂടി അന്ന് കോട്ടയം മിസത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ലവീഞ്ഞു മെത്രാനവർകളുടെ കല്പനപ്രകാരം 1895-ൽ എല്ലാ വസ്തുക്കളും ഭാഗിക്കുകയും മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള വലിയ പള്ളി തെക്കും ഭാഗർക്കും പ്രസ്തുത പള്ളിക്ക് തെക്കുവശം മാർ യൗസേപ്പിന്റെ നാമത്തിൽ പണി ചെയ്യപ്പെട്ടിരുന്ന പുത്തൻപള്ളി വടക്കും ഭാഗർക്കും ലഭിക്കുകയും ചെയ്തു.

★ തകടിയേൽ ഇട്ടിയവിരാ അവർകളാൽ ഉണ്ടാക്കപ്പെട്ടത്.

(രണ്ടാം പാദം)

ലോകപാലകനായ താൻ തൽക്കാലാന്തരെ മാതൃവിൽ
ജ്ഞാനഭാജന ബാല്യരൂപെ ആനഘന്റെ വളർച്ചയും
മാനുഷകുലമൊക്കെയിലും സുന്ദരാനനബാലകൻ
പ്രായമാറിണവത്സരത്തിൽ ദൈവമണ്ഡപേ പ്രാപിച്ചു
ശാസ്ത്രസൽഗുരുഭൂതരോടതി ശാസ്ത്രയുക്തി വചിച്ചതും
യാത്ര തന്റെ പിതാക്കളുമായ് തത്രവാണു നസറായിൽ
കാലസംഖ്യ തികഞ്ഞു തന്നുടെ കല്പന വിധി കാട്ടുവാൻ
ഭക്തനാകിയ യോഹന്നാനുടെ യുക്തമീവണ്ണമുണ്ടായി
യൂദായിടത്തുള്ള കാനനത്തിൽ വേദവാക്യമറിയിച്ചു
കേട്ടുജനസംഘം വന്നുകൂടി ഇഷ്ടമായി മുങ്ങി മാമ്മോദീസാ
ഏകസൃഷ്ടിപരൻ കുമാരൻ ലോകപാല കുഞ്ഞാടീശോ
എന്നറിയിച്ചു മാമ്മോദീസാ അന്നു കൈകൊണ്ടു നാഥനും
സ്വർഗ്ഗവാതിൽ തുറന്നു റൂഹാ സ്വർഗ്ഗനാഥനിലാവാസം
ഇഷ്ടപുത്രനിതെന്നു ദൈവം വിഷ്ടപത്തിലറിയിച്ചു
വേദകല്പനപൂർവ്വമാർഗ്ഗെ ദത്തമായി വന്നു മൂശയാൽ
സത്യകാരുണ്യമുത്ഭവിച്ചു സത്യമാർഗ്ഗത്തിലീശോയാൽ

(മൂന്നാം പാദം)

വനമതിലിവയെല്ലാമറിയിക്കും നാൾ
ജനങ്ങളിതാരെന്നുള്ളൊരു ചിന്തയാലെ
ഗുരുജഗപ്രീശേന്മാരുമടുത്തു വന്നിവനിൽ
വരുമൊരു ജഗപാലൻ നിവിയായെന്ന്
പറക നീ ഏലിയായൊ അറിവാൻ ഞങ്ങൾ
അറിവിവർക്കേലിയിലുണ്ടായതു പറയാം
നൃപനായൊരാഹാബിന്റെ രാജ്യഭാരത്തിൽ
പാപം ചെയ്തു ബാലബിംബം സേവിച്ചേറ്റം
തല്പരനെന്നല്ലാതുള്ള ഭക്തികേടു ലോകത്തിൽ
അതുകൊണ്ടു തിരുവുള്ളക്കേടിവരോട്
അതുകാലം ഏലിയായെന്നുള്ളവനാലെ
അതിശയം പലതു ചെയ്തുടയവനിവനാൽ
വർഷിച്ചീടായേറ്റം നീളെ ഭൂതലത്തിൽ
കൃഷികളും ധാന്യമെല്ലാം നാശങ്ങായി
പരിഷയെല്ലാം വലഞ്ഞേറ്റം നിലവിളിയായി
കാലത്രയമൊരാറു തിങ്ങൾ പൂട്ടി മേഘം
കാലികളും വലഞ്ഞേറ്റം ദാഹങ്ങൾ പഷ്ണി
ഏലിയായെ പോറ്റിയന്നു പക്ഷികളാലുടയോൻ
അനന്തരമേലിയാതാനാഹാബിന്
മനഗുണമറിയിച്ചീവണ്ണം ചൊല്ലി

ഞാനും ബാലാദാസന്മാരും കാളകൾ ഭോഗം ചെയ്ത്
ഹോമപീഠം രണ്ടു ചമച്ചോരോ കൂറ്റൻ
വിസ്മയാഗ്നി കൊണ്ടിവറ്റെ ഹോമം ചെയ്തു
ബിംബവുമെ ദൈവശക്തി എല്ലാവർക്കും കാണാം

ഭൂപതിക്കും ജവങ്ങൾക്കും സമ്മതമായി
ഒൻപതിറ്റോടൊമ്പതു വിഗ്രഹസേവികൾ
കുമ്പിട്ടവരുടെ ബാലാതന്നെക്കൂപ്പിവിളിച്ചു
യതികാലേ തൊട്ടുച്ചവരയ്ക്കധിബോഷത്തായെ

കുത്തിമുറിച്ചത്യുച്ചത്തിലട്ടഹസിച്ചേറ്റം
തത്സമയത്തു വസിപ്പാൻപോലും ഏകനില്ലവർക്ക്
അസ്തമിപ്പാൻ വാസരത്തിലന്തിനേരം
ഉത്തമനായോരേലിയാതാൻ കല്പിച്ചേവം

പാർത്തു മമാന്തികെ ചേർന്നിട്ടാരെ വിളിക്കുന്നോർപ്പിൻ
ആറു രണ്ടു കല്ലുകളാലുള്ള പീഠത്തിൽ
മാറേലിയാകയ്യാലതിൽ പൂകിച്ചു മാംസം
നീരാലായതെല്ലാം നനച്ചത്യത്ഭുതം കാണിപ്പാൻ

ദൈവസിംഹാസനേ ദർശിച്ചേലിയാതാൻ
അവുറാഹവും തൻസുതനിസഹാക്കിന്നുടെ
ആത്മജനാകിയ യാക്കോബും മറ്റഖിലന്മാർക്കുള്ള
കർത്താവാകിയ സർവേശ്വരനേകനാഥാ

ഓർത്തു നിൻതിരുസന്നിധിയിലെന്റെ സ്തോത്രം
നിത്യനാം നിൻ ദാസൻ ഞാനെന്നുള്ളതിങ്ങറിയിക്ക
സൃഷ്ടീശൻ ത്രയതാതന്മാരുടെ ദൈവം താനും
കേട്ടു കടാക്ഷിച്ചനുകൂലമായവനിൽ

പെട്ടന്നംബരയഗ്നികളാലൊക്കെയുമങ്ങു ദഹിപ്പിച്ചു
വിട്ടീടാതെ പിടിപ്പിച്ച നാനൂറ്റൻപത്
ദുഷ്ടന്മാരെ കൊല ചെയ്തന്നവരൊക്കെയൊടുക്കി
വർഷാധിക്യം കാണ്മാറായെന്നരുളിച്ചെയ്തു
കർമ്മേൽ ശൈലം പുക്കു കുമ്പിട്ടേലിയാതാൻ
ധർമ്മജപത്താൽസാഷ്ടാംഗം ചെയ്തേഴ് ഊഴം
കാർമേഘങ്ങൾ കടലിൽ നിന്ന് കരേറീടുന്നത് കാണാം
മേഘങ്ങളാലാകാശങ്ങൾ മൂടിയിരുണ്ടും
മേഘ നിർഘോഷങ്ങൾ വർഷം ഭൂതലത്തിൽ
ഏകൻ പാദേ വന്ദിച്ചേറ്റം ജനങ്ങളും കുമ്പിട്ടു
ബാലാതന്റെ ഭക്തന്മാരെ വധിച്ച ഹേതു
ഏലിയായും ഭയപ്പെട്ടൊരു കാനനത്തിൽ
മാലാഖായാലപ്പം നൽകി ആലസ്യങ്ങൾ തീർത്തു
പൈദാഹങ്ങൾ കൂടാതവൻ നാല്പതു നാളെ
ദൈവകാരുണ്യത്താലങ്ങു സഞ്ചരിച്ചു

ചെയ്ത വിസ്മയങ്ങളെല്ലാം ചൊൽവാനേറ്റം പണിയുണ്ട്
ലക്ഷണങ്ങൾ ചോദിച്ചറിഞ്ഞീടുവാൻ രാജൻ
രാക്ഷസാന്തികത്തിൽ വിട്ട ദൂതന്മാരെ
തൽക്ഷണത്തിൽ ശാസിച്ചങ്ങു വിട്ടയച്ച കാരണം
വൻഭടരെ കല്പിച്ചയച്ചേലിയാന്തികേ
അൻപതു കാലാൾ രണ്ടീടെജമാനന്മാരും
വ്യോമാഗ്നികളാലിവരെ ദഹിപ്പിച്ചരുളാലെ
അതിശയം പലതു ചെയ്തവസാനത്തിൽ
നദിയുടെ നടുവെ പോയ്നടന്നു
ഭൃത്യനായോരേലീശാ കണ്ടിവനുടെ ഗമനം
വഹ്നിവിമാനമതിങ്ങു താണതിലായി
ഉന്നതമാം വായുയെടുത്തായതിനോടെ
അന്തരീക്ഷേ ഗമനം ചെയ്തറിവുണ്ടെന്ന്
കാരണങ്ങളതിനാലെ യോഹന്നാനിൽ
ദൂരദർശിനിയോയെന്നവർ ചോദിച്ചതിൽ
ഉരചെയ്തുല്ലിങ്ങു ചരിക്കും മിശിഹാ രക്ഷിക്കും.

(നാലാം പാദം)

ഭക്തനാം മവുന്താന ശിഷ്യജനത്തെ
ഭക്തവാത്സല്യനെ കാണിച്ചു ചൊല്ലി
ദൈവകുഞ്ഞാടിതാ കാണ്മാനിവനെ
ദിവ്യരക്ഷിതാവെന്നു കേട്ടോരുനേരം
ശിഷ്യരിരുവരു തന്റെ പിന്നാലെ
രക്ഷകനോടിവരാദിനം ചേർന്നു
കേപ്പായോടനന്തരമന്ത്രയോസും
തല്പരൻ മിശിഹായിതെന്നു ചൊല്ലി
വിശ്വരക്ഷിതാവിൻ പിന്നടി ചേർന്നു
വിശ്വസിച്ചുത്തമനാം പീലിപ്പോസും
നാഥാനിയേലാദിയായുള്ളവരെല്ലാം
നാഥന്റെ പിന്നടി ചേർന്നു ഗമിച്ചു.
പൂർവ്വഗോത്രത്തിന്റെ സംഖ്യയോടൊത്ത
ആറിണശ്ലീഹാ ജനത്തെ വിളിച്ചു
രക്ഷിതാവെന്നുള്ളതുള്ളിലുറച്ച്
തൽക്ഷണം വിശ്വസിച്ചുത്തമർ മറ്റും
കല്പിച്ചു നീളെ നടത്തീ താൻ മാർഗ്ഗം
കല്പിച്ച പ്രായത്തിലിഛരിച്ച നാളിൽ
പൂർവ്വേ പറഞ്ഞുള്ള ശാസ്ത്രങ്ങൾ പോലെ
ഉർവ്വിയിൽ രക്ഷ വരുത്തി താൻ മൃത്യു
വാസരം മൂന്നിൽ പ്രത്യക്ഷനായി താൻ
മാതാവു ഖേദവും പോക്കി ശിഷ്യർക്ക്

നാല്പതുനാളെ ദർശിച്ചു തന്നാൽ
കല്പിച്ചവൻ മലപുക്കരുൾ പോലെ
കർത്താവു തൻതിരു പാദം വണങ്ങി
വാർത്തകൾ കല്പിച്നുഗ്രഹിച്ചേറ്റം
ത്രിദിവം ഭൂതലമൊക്കെയിനിക്ക്
സ്വന്താധികാരമായ് കല്പിച്ചു നിത്യം
ലോകേനടന്നതിൻ സാക്ഷികളായി
ലോകരോടറിയിച്ചു മാമ്മോദീസാ
മൂവരോരുവന്റെ നാമത്തിൽ നൽകി
എൻ വിധി പ്രമാണിച്ചിരിപ്പിൻ വിധിപ്പിൻ
ലോകാന്തത്തോളവും ഞാൻ തുണയിങ്ങു
ലോകത്തിൽ നിന്നെഴുന്നള്ളിനാനീശോ.

(അഞ്ചാം പാദം)

സൃഷ്ടീശനാം തന്നെ ദർശിച്ചിരിക്കുമ്പോൾ
വിഷ്ടേപം വിട്ടെഴുന്നള്ളി
ദൃഷ്ടിമറഞ്ഞൊരു നിർമ്മല മേഘത്തിൽ
പെട്ടെന്നീശനെഴുന്നള്ളി
യാത്രാവിശേഷങ്ങൾ സൂക്ഷിച്ചു ശിഷ്യരും
നേത്രമിളകാതെ നിന്നു
സൂര്യാദി സോമനും താരാഗ്രഹങ്ങളും
നിര്യാണം കണ്ടു സ്തുതിച്ചു
ദൂതഗണങ്ങളാലാശ്രയഘോഷണ
താതൻ വലഭാഗത്തീശോ
ലോകത്രയം പരിപാലകനായിട്ട്
സ്വർഗ്ഗേശൻ താനിരുന്നള്ളി
വന്ദിച്ച കർത്താവെ ദർശിച്ചിരിക്കുമ്പോൾ
വന്നിതു മാലാഖ തത്ര
രണ്ടുപേർ നിർമ്മല ഭൂഷണ വേഷത്തിൽ
കണ്ടൊരു ദൂതരാൽ ചൊല്ലി
മേൽഭാഗേ യാത്രകൾ കണ്ടതുപോലിന്നീ
തല്പരനിങ്ങെഴുന്നള്ളും
കേട്ടുഗമിച്ചവർ മാതാവോടൊന്നിച്ച്
പട്ടണം തന്നിൽ വസിച്ച്
പത്താം ദിവസത്തിൽ കൈകൊണ്ടു റൂഹായാൽ
ശക്തി ലഭിച്ചരുളാലെ
സംഖ്യയില്ലാതുള്ള മാനുഷരീശോതൻ
സംഘത്തിൽ ചേർന്നറിയിപ്പാൻ
ശത്രുതയോടെഴുനേറ്റന്നു യൂദരും
ബന്ധിച്ചു കൈയേറ്റം ചെയ്തു.

പൂട്ടിയവർകളെ ബന്ധിച്ചിരിക്കിലും
വിട്ടയച്ചീടും മാലാഖാ
ഭൂതലമൊക്കെയിൽ ശിഷ്യന്മാരിങ്ങനെ
വേദമറിയിച്ചു യാത്ര
ഉറഹാദിശി പുക്കു മാർത്തോമ്മാതാനന്ന്
സർവ്വേശവാർത്തകൾ ചൊല്ലി
അക്കാലം ചോഴന്റെ കാഴ്ച നിമിത്തമായ്
പൂക്കവനീ മലനാട്ടിൽ
കണ്ടു പറഞ്ഞു താൻ ചോഴനുമായിട്ട്
വീണ്ടും വരുമ്പടി ചൊല്ലി
യാത്ര തിരിച്ചവൻ സഞ്ചാരവേഷത്തിൽ
ശാസ്ത്രജ്ഞന്മാരോടെതിർത്തു
അഴകാലെ കൊട്ടയ്ക്കു മുറ്റമാം ഗ്രാമത്തിൽ
ഏഴാറു ഭൂസുരർ മറ്റും
വിസ്താരമായറിയിച്ചേക ദൈവത്തെ
വിശ്വസിച്ചീശോയാൽ രക്ഷ
കേരളസഞ്ചാരം ചെയ്തുതാനിങ്ങനെ
കുരിശേഴു പ്രതിഷ്ഠ ചെയ്തു.
കഷ്ടങ്ങളേറ്റു മരിച്ചീശോ രക്ഷിച്ചു
ദൃഷ്ടിയാൽ കണ്ടായതോർപ്പാൻ
മാർഗ്ഗമറിയിച്ചു മാമ്മോദീസയാലേ
സ്വർഗ്ഗമെന്നുള്ളവ കാട്ടി
കാലം തികഞ്ഞു താൻ പാടുകളേൽപ്പാനായ്
മയിലാപ്പൂരെത്തി താൻ വീണ്ടും
പരലോകസമ്മാന ഭാഗ്യഗുണങ്ങളെ
പരമാർത്ഥമായറിയിച്ചു.
കഷ്ടങ്ങളേറ്റു മരിപ്പാൻ മല തന്നിൽ
ദുഷ്ടരാം കാവരാലന്ന്
വേലുകളേറ്റു താൻ നിദ്ര സമീപിച്ചു
ആലാഹാപാദം വണങ്ങി
സത്യസ്വരൂപിയോടെബ്രായ ഭാഷയിൽ
ഹിന്തുവാം മാനുഷ്യർക്കായി
സ്തോത്രം തികച്ചു മുഴങ്കാലിൽ നിന്നു താൻ
യാത്ര പരിശുദ്ധ ദേഹി
സ്വർല്ലോകവാസികളാലെയെതിരേറ്റു
സ്വർല്ലോകം ചേർന്നു സന്തോമ്മാ
പണ്ടു പറഞ്ഞൊത്ത സിംഹാസനം തനി
ക്കാണ്ടവൻ ദാനമായി നൽകി.
കേരളവാസികളായോരടിയാരെ
പരിപാലിച്ചെന്നേയ്ക്കും വാഴ്ക.

(ആറാം പാദം)

കാലമനന്തരം മലങ്കരയ്ക്കിടയരായി
പാലിച്ചീടുന്നൊരു ഗുരുവരരുളവാകാഞ്ഞ്
മാർത്തോമ്മാ ക്രിസ്തവർക്കവിശ്വാസം കടപ്പത്തിന്ന്
ശത്രു കള വിതച്ചരുളപ്പാടതുപൊലന്ന്
പൂർവ്വസഭപാലൻ കാസോലിക്കാ തനിക്കു ചിത്തെ
അറിവാൻ നിയോഗിച്ചു മലങ്കര ഭവിച്ച വാർത്ത
തോമ്മാസവർകളോടിവയെല്ലാമരുളിച്ചെയ്തു.
ഭൂമി മലനാട്ടിൽ നമുക്കുള്ളവർ വസിച്ചീടണം
അപ്പസ്തോലൻ ബാവാ നിയോഗിച്ച കുരിശേഴിന്ന്
സപ്ത കുടുംബം തൽ ദിശി തന്നിലുറപ്പിക്കണം
സപ്തദശാത്മാക്കൾ മെസറെനിൽ കുടികൊണ്ടപോൽ
താതൻ മുതൽക്കീശോവരെയ്ക്കുള്ള പിതാക്കൾ സംഖ്യ
ഒമ്പതിറ്റിരുനായ്ങ്കു പെരുക്കമുണ്ടറിയിപ്പുകാർ
ഓർമ്മയ്ക്കിടയായി കുടുംബങ്ങളെഴുപത്രണ്ടുരശപുത്രർ
ഉള്ളു തെളിവോടെ കുടികൊൾവാനനുഗ്രഹിച്ചു
പള്ളി മലയാഴത്തെഴുപത്രണ്ടുളവായി പിന്നെ
കിട്ടി പദാർത്ഥമത്തുക പോലെ കുടികൊണ്ടനാൾ
ഒട്ടും മടിക്കാതെയനുഗ്രഹെ പുകിന്തു കപ്പൽ
സിന്ധുകര കണ്ടു ജനങ്ങളെ നടത്തി മൂശ
ഹിന്തുകരചേരാനിവരോടു ഗമിച്ചു തോമ്മാ
ക്നാൻ നാടതിലിസറായേൽ പരിഷകളെ
ക്നായിതൊമ്മനാൽ നസറായേൽ പരിഷകളെ
സ്വതപുരത്തവർ വസിച്ചന്നു ചമച്ചുപള്ളി
ഇത്ഥം മഹാദേവിയൂർ പുരിനാമം വിളിച്ചു തത്ര
യാക്കോ തനയർക്കായ് കുലത്തിനെ മുടിച്ചു പണ്ട്
ഇക്കാലത്തിവർകളെ കുലത്തിൽ വച്ചുയർത്തീ ദൈവം
സ്വർണ്ണക്കിരീടേന്ദ്ര പെരുമാളിജ്ജനങ്ങൾക്കായി
സ്വർണ്ണക്കിരീടാഗ്രേ കനകപുഷ്പം പദാർത്ഥം മറ്റും
തോമ്മാസവർകളാം പ്രഭു തന്റെകരത്താൽ നല്കി
ഇമ്മഹീവാസം കഴിഞ്ഞു വേറരചന്മാരായ്
കാലം പഴക്കത്താലെവുസേപ്പിൽ പറവോനേപ്പോൽ
കാലക്രമം കൊണ്ടിട്ടനന്ത്രവർ അകന്നു തമ്മിൽ
നാടുകടന്നഞ്ചരപ്പള്ളി മർത്തോമറിയത്തിന്നായ്
വാട്ടമകന്നതിൽ തലയായകടുത്തുരുത്തിൽ
പൂർവ്വജപാലയമതിൽ കുമ്പിട്ടനേകം നാളെ
സ്തുതിസേവകളകലാതെ ജപകർമ്മത്താൽ
ജനനിതിരുപ്പാദം വണങ്ങി വന്നതിരമ്പുഴെ

തനതുജനാശ്രയൻ * സൻദേവസ്യാക്കവിടെതീർത്തു
വരിഷമനേകം നാളൊരുപോലെ നടന്നു തത്ര
പരിഷവഴക്കാലെ വിവദിച്ചങ്ങിടഞ്ഞു തമ്മിൽ
ചിത്തേ നിനച്ചിങ്ങു ജനാശ്രയം ചമപ്പാൻ പേറെ
ബുദ്ധി വിശേഷജ്ഞൻ തറേ ലൂക്കാ മുതിർന്നു വേഗം
എത്തി സഭാ പാലാന്തികേ ചെന്നങ്ങവസ്ഥയെല്ലാം
ചിത്തേ ഗ്രഹിപ്പതിനറിയിച്ചങ്ങനുവദിച്ചു
കത്തും ലഭിച്ചീക്കൈപ്പുഴക്കുന്നേൽ ചമപ്പാൻ പള്ളി
എത്തിയവിടത്തിൽ ഗുരവരൻ പ്രോസ്പരുപാദ്രി X
പള്ളിമണികൾ മേൽനടപ്പിനു മുതലേതന്നു
ഉള്ള പരമാർത്ഥമറിഞ്ഞു കല്ലിടണമെന്നും
പാതിരി മഹായോഗെ വചിച്ചതിൽ മടിച്ചിടാതെ
പാതിച്ചെലവേറ്റു പൂവത്തിൽ കുറിയാക്കോസും
കേട്ടുമഹാമോദെ ഗുരുവരനനുഗ്രഹത്താൽ
കോട്ടയകത്തുള്ളോരെവുസേപ്പുകഹന+ കയ്യാൽ
വാടിപ്പുകഴ്ചയാൽ തിരുപുജനിയവേദിച്ചു
പീഠാന്തികേ കർമ്മമുടയവനനുഗ്രഹത്താൽ
ഈശോ ജനിച്ചേകസഹസ്രവും ശതങ്ങളെട്ടും
ദശത്രയോ തുലാം തിങ്കളിരട്ടി പഞ്ചം ✠
ഇട്ടുവനരത്നമടിസ്ഥാനം പതിച്ചു കല്ലും
നാട്ടി കുരിശീശോമിശിഹായെ തുണചെയ്കെന്നും.

(ഏഴാം പാദം)

ശുദ്ധമാകപ്പെട്ട നാമം കുമ്പിട്ടിവിടെ സ്തുതി ചെയ്‌വാൻ
ശുദ്ധസ്ഥലം ഗീവർഗീസിൻ നാമത്താലെ സ്ഥാപിച്ചു
അഴകാലീഗിരിഗാഗുൽത്താ പോലീശൻ വന്നിളകൊള്ളുന്നു
ഘോഷത്തോടെ സീനാമലയിൽ കാട്ടിയ പെരുമകൾ തിരുമനസ്സാൽ
മൂശയോടരുളിച്ചെയ്തപോലാമലയിൽ ദൈവം വെളിവായി
ഈശൻ താനിളകൊള്ളും മലയിൽ പ്രാണികൾ പോലും കയറാതെ
മൂന്നാം ദിവസം ഉദയത്തുങ്കൽ കാർമേഘത്തിലെഴുന്നള്ളി.

---

* അതിരമ്പുഴെ വി.സെബസ്ത്യാനോസിന്റെ പള്ളി നീണ്ടൂർ പൂവത്തിൽ കുടുംബക്കാരാൽ പണിയിക്കപ്പെട്ടിട്ടുള്ളതാണെന്നറിയുന്നു.

X പ്രോസ്പർ പാദ്രി അന്ന് വരാപ്പുഴ വികാരി ജനറാളായിരുന്നു.

\+ ഇദ്ദേഹം കോട്ടയത്ത് വലിയപള്ളി ഇടവക (പഴയകൂർ) മാഞ്ഞൂർ ഉതുപ്പാൻ കത്തനാർ അവർകളാണ്.

✠ കൈപ്പുഴ പള്ളി 1813 തുലാം 10 -നു സ്ഥാപിക്കപ്പെട്ടു.

മിന്നൽപിണരും ശോഭിച്ചിടിയും ഘോഷത്തോടെ കേൾക്കായി
കൊമ്പുധ്വനിച്ചാനാദം കേട്ടു പാളയമൊക്കെ ഞടുങ്ങുന്നു.
തല്പരപാദം കാണ്മതിനെല്ലാം നിർമ്മലവേഷം പൂരിച്ചു.
ശുദ്ധഗിരിക്കടിഭാഗത്തെത്തി മൂശയോടൊന്നിച്ചവരെല്ലാം
ശുദ്ധപരാപരനേറ്റം വെളിവാൽ അഗ്നിശോഭയിലിളകൊണ്ടു
അടവികൾ ഗിരിമുകളെല്ലാമങ്ങു പുകയാലേറ്റം മറയുന്നു
അടിമുകളൊരുപോലേറ്റം ധൂപം ജ്വാലകളോടെ പൊങ്ങുന്നു
ഇളകിമഹാമല ഭയങ്കരനാദം കാഹളക്കുഴലത്യുച്ചം
മൂളിച്ചേറ്റം ഘോഷത്താലെ കേട്ടു ജനങ്ങൾ ഭയപ്പെട്ടു
ഇളകൊള്ളുന്നു മലയാൽ താനന്നരുളപ്പാടു കൊടുപ്പതിന്
ഇളകാതവനും തിരുമനസ്സാലെ ശൈലം തന്നിൽ പ്രാപിച്ചു
കല്പനയെല്ലാം കേട്ടറിയിച്ചാൽ കാക്കണമെന്നു ജനങ്ങളുമായി
കല്പിച്ചങ്ങനെ തിരുമനസ്സായിട്ടരുൾ മേഘത്തിനു ചേർന്നവനും
നാല്പതു വാസരമാലാഖയുടെ പാദാന്തികയെ വാണവനും
കല്പന പത്തും മറ്റു വിധികൾ വാങ്ങിക്കൊണ്ടു ഗമിച്ചരുളാൻ
മണ്ഡലമിങ്ങിളകൊള്ളും നമ്മുടെ നാഥൻ തിരുവടി താൻതന്നെ
കണ്ണുമറഞ്ഞീ കാഴ്ചയപ്പം തന്നുടലായിട്ടു വരുന്നിവിടെ
അക്കാലത്തിലടുത്തരുൾ കേൾപ്പാൻ മൂശയവർക്കൊരു മദ്ധ്യസ്ഥൻ
ഇക്കാലം മാർ ഗീവർഗീസിനു മദ്ധ്യസ്ഥാനം കൈക്കൊണ്ടു
കഷ്ടതപെട്ടു മരിച്ചിട്ടിരുളാലേറ്റം പ്രബലൻ താനായി
ഇഷ്ടത്തോടെ തിരുമുമ്പാകെ സ്തോത്രം ചെയ്തു കടാക്ഷിപ്പാൻ
മൂശകരങ്ങളുയർത്തി സ്തുതി ചെയ്തനുകൂലമായക്കാലത്തിൽ
ഈശൻ പാടെ സ്തുതി ചെയ്തേറ്റം മുക്തി ലഭിപ്പതിനീഗിരിയിൽ
ലൂക്കാ കുരുവിള ഉത്സാഹത്താൽ പുണ്യവിഹാരം സ്ഥാപിച്ചു
ജനകൻ തനയൻ ദൈവാത്മാവാം ഒരുവൻ നാമം കുമ്പിട്ടു
അനുകൂലമോടെൻ പിഴതീർത്തഖിലം സ്ലീബായാലെ രക്ഷിക്ക
ആലാഹാതന്നരുളാലെ അന്നുമിന്നുമെന്നുമേ.

# പിറവത്തു പഴയ പള്ളിയുടെ പാട്ട്

പിറവത്തിലിളംകുന്നേൽ മരുവും പള്ളിയിൽ മേവും
നിറവുകൾ ഗുശ്ശരാജ ശരണമെന്ന് -മെയ്യെ
പിറന്നീശൊ ബേദലമേലതുനേരമുദിച്ചൊരു
പുതിയ നക്ഷത്രം കണ്ടു പുറപ്പെട്ടാറെ-മെയ്യെ
ഏറോദേശ് മന്നനേക്കണ്ടേവനോട് കേട്ടറിഞ്ഞു
തിരിച്ചപ്പോൾ മറഞ്ഞ മീൻ തെളിഞ്ഞു കണ്ടു-മെയ്യെ
മറയവനൊരുവനിലരചർക്കരചനായ്

എളുതവർക്കെളുതായി പിറന്ന പൈതൽ-മെയ്യെ
പിറന്ന പൈതലിനു പൊന്നും മുരുൾ കുന്തിരിക്കം
ഭൂപതികൾ മൂവരുമങ്ങണച്ചു കാഴ്ച-മെയ്യെ
ചെറുപൈതലനുഗ്രഹിച്ചർക്കു നന്മകൾ നൽകി
അരൂപിയാൽ കേട്ടു യാത്ര മറുവഴിക്കു-മെയ്യെ
കരുണക്കാതലേ നിന്റെ പെരുമയ്ക്കു തക്കവണ്ണം
വരം നൽകീടണമെന്നു സ്തുതിച്ചിരിപ്പേൻ-മെയ്യെ
ഭരിച്ചു പാരിടം വാണു സ്തുതിച്ചവർ മരിച്ചിട്ട്
പരലോകരാജിതത്തിലുയർത്തീടിനാൻ-മെയ്യെ X

# പിറവത്തു പുത്തൻ പള്ളിയുടെ പാട്ട് *

ആദിസമസ്തമുടയവനേകൻ
ഭൂതലാപാലകൻ തൻസുതദേവൻ
അരൂപിസുരാത്മാവു വിസ്മയറൂഹാ
ഒരുവനീലാളുമൂന്നൊന്നു പോലായി
മുമ്മത്വമേകനൊരിക്കൽ നിനച്ചു
നിർമ്മിച്ചു സ്വർഗ്ഗവും മറ്റുള്ളതെല്ലാം
ആറടയാളന്റെ വിസ്മയത്താലെ
ആറുനാൾകൊണ്ടിവയൊക്കെച്ചമച്ചു
നവസംഘ മുഖ്യസ്വരൂപികൾ മോക്ഷേ
ദൈവദാസത്വവും കല്പിച്ചവർക്ക്
ഭൂമൃഗമൊക്കയിൽ മുഷ്ക്കരെപ്പെട്ട്

---

X പിറവത്തിൽ പഴയപള്ളി മിഗുശ്ശേന്മാരുടെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ പള്ളിയുടെ സേവനകാലം എപ്പോഴെന്ന് സൂക്ഷ്മമായി കിട്ടിയിട്ടില്ലെങ്കിലും ഇതു കത്തോലിക്കരാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതിന് ആ പള്ളിയിൽ അനേക ലക്ഷ്യങ്ങൾ കാണ്മാനുണ്ട്. ഈ പള്ളിയുടെ പണി മിക്കവാറും കോട്ടയത്തു വലിയപള്ളിയുടെ രീതിയിലാണ്. 16-ാം ശതാബ്ദത്തിന്റെ മദ്ധ്യകാലങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്ന് ഊഹിക്കപ്പെടുന്നു. പുത്തനെന്നും പഴയതെന്നും രണ്ടു ഭാഗം ഉണ്ടായതിന്റെ ശേഷം ഈ പള്ളിയിൽ രണ്ടു കൂട്ടരും സമാവകാശമായി നടന്നു വന്നിരുന്നു. കൊല്ലം 994-ൽ കോട്ടയത്തു വലിയപള്ളിയിൽ സംഭവിച്ചതു പോലെ പഴയ കൂറ്റുകാർക്ക് യാതൊരവകാശവും കൊടുക്കാതെ ഗവൺമെന്റ് അധികാരികൾ ചെന്ന് അവരെ ബലമായി ഇറക്കിവിട്ടു. പഴയ കൂറ്റുകാരിൽ തെക്കുംഭാഗർ ഈ പള്ളിക്കു സമീപം പുത്തൻപള്ളി വച്ചു നടന്നു വരുന്നു. പഴയപള്ളി ഇപ്പോൾ വടക്കുംഭാഗരിലുള്ള പുത്തൻകൂറ്റുകാരുടെ കൈവശത്തിലാണ്.

* തകടിയേൽ ഇട്ടിയവുരാ അവർകളാൽ ഉണ്ടാക്കപ്പെട്ടത്.

ഭൂമിയവകാശമാക്കിക്കൊടുപ്പാൻ
പറുദീസാ തന്നിൽനിന്നൊട്ടടുത്തുള്ള
പൂർവദിക്കാദംസായെന്നൊണ്ടു നാമവും
രക്തനിറമൊത്ത മണ്ണെന്നു കേൾവി
ഭക്തരീലിഷ്ടന്റെ തൃക്കൈകളാലെ
വായുവും വെള്ളവും അഗ്നിയും മണ്ണാൽ
മായവൻ കൈക്കൊള്ളും തൽസ്വരൂപത്തിൽ
പൂരുഷാരൂപത്തിലാത്മാവും നൽകി
പേരു വിളിച്ചുടൻ ആദമുണർന്നു
നാരീസ്വരൂപമവനിൻനിന്നെടുത്ത്
ഭാര്യയായ് കല്പിച്ചവനുകൊടുത്തു
കല്പകപൂങ്കാവു തന്നിലിരുത്തി
കല്പിച്ചു വൃക്ഷം വിലക്കി വിധിച്ചു.

(രണ്ടാം പാദം)

ദൈവപുത്രനരജാതരൂപം ദൈവഭക്തർ വന്ദിപ്പാൻ
ദൈവകല്പന ലംഘിതന്മാർ ദൈവശാപമതേറ്റുടൻ
ഐരണ്ടേകമുയർന്ന തട്ടിൽ അയ്യർ വാഴും കോയിക്കൽ
നിന്നിധോലാക ദുർഗ്ഗതിയിൽ അന്നു താഴ്ത്തി താൻ നീചരെ അന്ധരു
പികൾ വെന്തു തീയിൽ ചിന്തവൈരമോടന്തകൻ
വിഷധരാന്വിതവഞ്ചകനൊരു വേഷഭേദമെടുത്തുടൻ
ഉന്നതസ്ഥലസ്വൈരവാസെ പന്നഗാഗതലാസ്യമായ്
നിന്നു ചാരുതവാക്കുകൾകൊണ്ടന്നു നാരിയെ വഞ്ചിച്ചു
ഏകനായകസ്വാമിതന്നുടെ ഏക കല്പന ലംഘിച്ചു
ലക്ഷണപ്രഭു മോക്ഷഭൂപതി തൽക്ഷിതൌ വിളിച്ചാദത്തെ
ഒച്ചകേട്ടു ഞടുങ്ങി തത്ഭുവി പശ്ചാത്താപമോടാദവും
വാളു കൈകളിലുള്ള ക്രോബേൽ ഇളതാഴ്വരെ ആക്കിനാൻ.

(മൂന്നാം പാദം)

പിഴപെട്ടോരാദം ഹാവാ അഴൽപെട്ടവർ മേദിനിതന്നിൽ
പിഴയേറ്റവർ കേണുതുടങ്ങി
തല്പരതവതിരുവുളമിങ്ങു നിഷ്ഫലമായ് വന്നു ചമഞ്ഞു
കെല്പില്ലാതെ പിഴച്ചനിമിത്തം
ദാനവനുടെ ചതികൊണ്ടടിയൻ കാനനമിതുവാസം ചെയ്വാൻ
മനഗുണവാരിധി കല്പിച്ചയ്യോ
അന്ധം മുതലുള്ളൊരുദുഃഖം സന്തതി മമ കാലത്തേയ്ക്കും
അന്ധരമില്ലാതിങ്ങു വിളിച്ചരുളി

നയനാംബു പെരുത്തൊരു ദുഃഖം നയനത്താൽ തൃക്കൺപാർത്തു
നിയമം തിരുസുതനാൽ രക്ഷ
തല്പരതിരുസുതനെ പാർത്തു കെൽപ്പു നമുക്കിവനാലുണ്ടാം
ഉത്ഭവമിവളിൽ തനയന്മാർ
മൂത്തവനുടെ നാമം കായേൻ ഉത്തമനാം ഹാബേലനുജൻ
ഒത്തു വളർന്നു വസിക്കും കാലം
നാട്ടിൽ കൃഷി കായേൻ ചെയ്ത ആടിനെ മേച്ചവനുടെയനുജൻ
ഉടയവനോടരുളപ്പാടവരോടുണ്ടായ്
ബാലകരുടെ കാഴ്ചകൾ രണ്ടും ആലാഹാ തിരുമുമ്പാകെ
കാലം വൈകാതെയണപ്പാൻ
കായേൻപോയ് ദുഷ്കൃതചിത്തേ അയ്യമതായുള്ള ഫലങ്ങൾ
കയ്യാണ്ടവനുടെ തിരുസന്നിധിയിൽ
കരുണകളോടവനുടെയനുജൻ കരുണാനിധിതിരുമുമ്പാകെ
ഓരോതരമായ് നല്ല മൃഗങ്ങൾ
കാഴ്ചകൾ കണ്ടൊരുവൻ ബാവാ ദോഷത്തെ ചെയ്ത നിമിത്തം
ദ്വേഷിച്ചന്നിതു കായേൻ തന്നിൽ
മനഗുണമായുള്ളൊരു കാഴ്ച അനുഗ്രഹമായ് തൃക്കൺപാർത്തു
അനുകൂലമായിതു ഹാബേലോടന്ന്
ദുഷ്കൃതനാം കായേൻതന്നെ തൽക്രിയകൊണ്ടവനുടെയനുജൻ
മുഷ്ക്കരപ്പെടുമെന്നരുളിച്ചെയ്തു
തിരുവുള്ളമൊഴികേട്ടിതു കായേൻ കരളകമേ ദ്വേഷമുറച്ചു
പെരുമകളെന്നിലുമിളയവനൊ
സോദരനെ കൂട്ടിക്കൊണ്ടൊരു മേദിനിയുടെ വെൺദിശിതന്നിൽ
വധചെയ്തിതു കശ്മലധീരൻ താൻ
പ്രത്യക്ഷപ്പെട്ടിതു ദൈവം ഉത്തമനാം നിന്നുടെയനുജൻ
സത്യംപറക നീയെവിടെയെന്ന്
അറിയുന്നില്ലെന്നൊരുവചനം അറിയിച്ചതു തിരുമുമ്പാകെ
പ്രാക്കേറ്റു പിരിഞ്ഞതു കായേനന്ന്
ഒരു നൂറൊടു മുപ്പതു പ്രായേ ഒരു സുതനും താതനു ജനനം
പേരവനു വിളിച്ചിതു ശേദെന്ന്
മണ്ഡലമതിലാണ്ടുകളാദം എണ്ണൂറൊടു ശതവും മുപ്പതിൽ
എണ്ണിത്താൻ കാലം ചെയ്തന്ന്.

(നാലാം പാദം)

ആദം തനിക്കുള്ള തനയന്മാർ ധരിത്രി തന്നിൽ
ജാതം പലവിധം നരന്മാരായ് ചമഞ്ഞശേഷം
മായപ്രപഞ്ചത്തെ നിനച്ചുള്ളൊരഭിലാഷങ്ങൾ
മായപ്പിശാചിന്റെ ചതികൊണ്ടു വലഞ്ഞുലോകം
മൃത്യുഭവിക്കുന്ന ജനങ്ങൾക്കു ഗതിയില്ലാതെ
അധോലോകപുരങ്ങളും നരകഭാഗെ
ഭക്തജനത്തിന്റെ പരിതാപം നിനച്ചു ദൈവം

മുക്തിവരുത്തുവാനിവയ്ക്കെന്തു കഴിവുള്ളെന്നും
പൂർവ്വേ നിനച്ചപോൽ തനിക്കുള്ള തനയൻ താനും
ഉർവ്വീൽ മനുഷ്യനായ് പിറന്നിവർ പിഴ തീർക്കണം
ആദം മനയപ്പെട്ടഞ്ചുസഹസ്രം കഴിഞ്ഞശേഷം
താതൻ മുതൽക്കേഴു ദശം രണ്ടു തലമുറയ്ക്ക്
പൂർവ്വപിതാക്കളോടരുൾചെയ്ത വചനം പോലെ
ഉർവി പരിപാലൻ തിരുക്കന്നി മകനായ് വന്നു
ഇട്ടു തിരുനാമം മലുക്കു പണ്ടുരചെയ്തപോൽ
എട്ടാം ദിവസത്തിൽ വിളിച്ചീശോ തിരുനാമത്തെ
ഇഷ്ടൻ മനുപാലൻ തനിക്കുള്ള ജനനത്തിങ്കൽ
പൂർവ്വ ദിശി തന്നിൽ വെളിവായ പുതിയ ൠക്ഷം
പൂർവ്വദിശീന്ദ്രമാരതു കണ്ടു തനിക്കായിട്ടു
പൂർവ്വതിരുനിക്ഷേപവും തങ്ങളെടുത്തുകൊണ്ട്
നക്ഷത്രവും കണ്ടു പുറപ്പെട്ടോരരചവൃന്ദം
പക്ഷ വരുത്തുവാനവതാരപരനേക്കാൺമാൻ
തൽക്ഷിതി രാജാന്തികെ വന്നങ്ങടുത്തശേഷം
ൠക്ഷം മറഞ്ഞവർക്കതുകൊണ്ടു വിഷാദമേറ്റം
യൂദർക്കരചൻ താൻ പിറന്ന ദിക്കെവിടെയെന്നും
തത്രനരപതിക്കതു കേട്ടിട്ടിളക്കം തട്ടി
ശാസ്ത്രം ഗ്രഹിച്ചുള്ള ഗുരോചാര്യ ജനത്തേക്കൂട്ടി
ശാസ്ത്രവിധിപോലെ പറഞ്ഞവർ ബേതലഹേമിൽ
ഗുശനൃപന്മാരെ വിളിച്ചുകൊണ്ടരുളി രാജൻ
ഈശൻ തിരുപ്പാദം വണങ്ങിക്കൊണ്ടിതിലെ ചെൽവാൻ
പൂർവ്വ നരേന്ദ്രന്മാരവിടേന്നു നടകൊണ്ടപ്പോൾ
പൂർവ്വേദരിശിച്ചോരുഡുബവും തെളിവായ് വന്നു
ചിത്തം തെളിഞ്ഞങ്ങു നടന്നുണ്ണി വസിച്ചീടുന്ന
ഗോഷ്ടാ നഗത്തിന്റെ മുകൾഭാഗത്തുയർന്നുകാണാം
അരിഷ്ടം പുകിന്തീശോ തിരുമേനി അടുത്തു കണ്ടു
പരൻതൻ തിരുപ്പാദം നമസ്ക്കരിച്ചെഴുന്നേൽക്കയും
മുരുൾ കുന്തുരുക്കവും പൊന്നും എടുത്തു തങ്ങൾ
നരപാലരടിയറ ജഗനാഥങ്കൽ
ദുഷ്ടൻ മഹാരാജപുരം തന്നിൽ കടന്നീടാതെ
കേട്ട നിയോഗം പോൽ മറുവഴി ഗമനം ചെയ്തു.

(അഞ്ചാം പാദം)

പാർത്തലരക്ഷകനോടാശീർവ്വാദവും പാർത്ഥിവർകയ്ക്കൊണ്ടുപോയി
ഭക്തരിലിഷ്ടനെ ചിന്തിച്ചു തങ്ങളും മുക്തി ലഭിച്ചങ്ങു വാണു
ആണ്ടവൻ പാടുകളേറ്റു മരിച്ചിട്ട് വീണ്ടുയർത്താകാശം പുക്ക്

ഉത്തമശിഷ്യന്മാർ സഞ്ചാരികളായി സത്യമറിയിക്കും നാളിൽ
മാർത്തോമ്മാൻ കയ്യാലീരാജാക്കൾ മൂവരും ഉത്തമസ്നാനവുമേറ്റു
സാക്ഷിത്വമോടെ മരിച്ചിതു ഗുശന്മാർ രക്ഷകൻ പാദത്തുചേർന്നു
മോക്ഷകിരീടവും കൈക്കൊണ്ടു തങ്ങളും അക്ഷയമായുള്ള വാഴ്ച
ശുദ്ധിമാന്മാരാമീരാജാക്കൾ നാമത്തിൽ ശുദ്ധസ്ഥലങ്ങൾ ചമപ്പാൻ
പള്ളിവിധിച്ച കണക്കിവർ നാമത്തിൽ പള്ളികൾ നാടതിലെല്ലാം
കൊണ്ടാടി വന്ദിച്ചരുൾ പോലെ കുമ്പിട്ടു ഉണ്ടായ നാമമിവിടെ
വൻപുമികച്ച പിറവത്തിളംകുന്നേൽ വൻപേറും രാജാക്കൾക്കായ്
ഐശ്വര്യമായുള്ള പള്ളികവർന്നത് വിശാസഭേദങ്ങൾകൊണ്ട്
ശക്തൻനെബുക്കദനോസറാലെപണ്ടു വിഘ്നങ്ങളോറോശീലംപോൽ
പള്ളികവർന്നതിലുള്ളവയൊക്കെയും കൊള്ളയിട്ടെന്നതുപോൽ
രാജാക്കൾവൃത്താന്തം ചൊല്ലുന്നവാർത്തകൾ ഈ ജനദുഃഖം പെരുകി
മൂഴിക്കലെവുസേപ്പു കത്തനാരും മറ്റും ശേഷം ജനങ്ങളുംകൂടി
അന്തരം കർമ്മങ്ങൾക്കുണ്ടാകാതെകണ്ടു ചിന്തിച്ചു വേലകൾ ചെയ്തു.

(ആറാം പാദം)

അരചർ തിരുനാമമഴകിയ പള്ളിവെപ്പാൻ
അരചൻ മുൻപിലറിയിച്ചു ഭൂമി വാങ്ങി
സന്തോഷത്താലീരൂപത പാലൻ ശ്രേഷ്ഠാചാര്യൻ
സന്തരയിത്താകല്പനയാലീ രാജാക്കൾക്കായി
ഈശോ ജാതം ചെയ്തിടുന്നോരായിരത്തി
എണ്ണൂറ്റിരുപത്തൊന്നാം വത്സരമിടവമാസത്തിൽ
മൂവേഴൊത്തൊരു തീയതി സ്ലീവാ വച്ചൊരു കല്ലും
മൂവരേകൻ തുണയാലന്നതുറപ്പായി
വടക്കുംമന പ്രഭുദ്വിജനും മറ്റാഢ്യന്മാരുടെ
ഉപദ്രവം ഗുശേന്മാരാൽ ഫലിച്ചിടാതെ
കോറേശധിപതി കല്പനയാലെ വീണ്ടും പള്ളി
ഓറശ്ലേമ്മിൽ സ്ഥാപിച്ചെന്നതുപോലെയിന്നിവിടെ
ആദ്യം പീഠമുറപ്പിച്ചിവിടെ തിരുമുമ്പാകെ
വിധിപോലുള്ളൊരു കാഴ്ചകൾ ബലിയും വൈകിടാതെ
ദൈവാത്മജൻ ഗാഗുൽത്തായിൽ കുരിശേൽ തന്നുടെ
ദേവൻ ബാവാ തൻമുൻപിൽ ചെയ്തൊരു ബലിതന്നെ
ആദ്യം കുരിശുവച്ചിട്ടുടനെ തിരുമുമ്പാകെ
നിവേദ്യം പട്ടക്കാരുടെ കയ്യാലിന്നിവിടെ
ആചാര്യനെവുസേപ്പു തനിക്കുള്ള ഉത്സാഹത്താൽ

* പിറവത്തു പുത്തൻപള്ളി കൊല്ലം 995-നു ക്രി. 1821 ൽ സ്ഥാപിക്കപ്പെട്ടു.

തച്ചന്മാരിലിന്നിവയൊക്കെയുമഴകാലെ
തീർത്ത ചേർച്ചകൾ കണ്ടിട്ടേറ്റം ജനങ്ങളാൽ
കീർത്തിയേറും ഗുശ്ലേന്മാരുടെ നാമം കൊണ്ടാടി
കാരണമീപള്ളി ചമപ്പാൻ കഹനാ തന്നുടെ
പരതാപങ്ങൾ ചെല്ലുവതിനേറ്റം പണിയുണ്ട്
ഓർത്താലോർമ്മക്കായിട്ടിടയൊണ്ടതിലൊട്ടു നിനച്ചാൽ
കർത്താവനുകുലമോടിവയൊക്കെയുമഴകതാക്കി

(ഏഴാം പാദം)

നവശതകൊല്ലം തൊണ്ണൂറ്റഞ്ചിൽ പുത്തൻപള്ളി പ്രതിഷ്ഠിച്ചു
വിംശതി രണ്ടും തികവിടവത്തിൽ, പൂജവണങ്ങും പെരുനാള്
സ്വത്വപുരത്തെ പെസഹാകയ്ക്കൊണ്ടതുപോലെയിന്നിവിടെ
പുത്തൻപെസഹാകയ്ക്കൊണ്ടരുളിയ ദിവസം വ്യാഴം കയ്ക്കൊണ്ടു
മുഖ്യപിതാക്കന്മാരുടെ കാഴ്ചകളൊക്കെയിലിന്നീ പൂജമുഖ്യം
ഹാബേൽ ചെയ്തൊരു കാഴ്ച്ചകൾ കണ്ടിട്ടുടയവനേറ്റം തെളിവിതു പോൽ
നോഹയൊരു ബലി മദുബഹാപണിചെയ്തതിനാലനുകുലമിതു പോലെ
അബ്രഹാം തൻ സുതനെക്കൊണ്ടൊരു ബലി ഭാവിച്ചതിനനുകൂലവും
അരചൻ ദാവീദറഔനായുടെ കളമതിൽ വച്ചൊരു മുഖ്യബലി
ശ്ലേമ്മോൻ മഹാരാജാവൊരു ബലിയും പള്ളിചമച്ചതുമതിചിത്രം
വിസ്മയമായൊരു പള്ളി ചമച്ചതു പറകിൽ പെരുമകൾ പലതുണ്ട്
ഉർവ്വീൽമികമുള്ളോറശലേമിൽ യാക്കോതന്നുടെ ധ്യാനം പോൽ
അടിമയിൽ നിന്നു ഗമിച്ചൊരു കൊല്ലം നാനൂറ്റമ്പതു തികവന്നു
അറുപതുമളമുണ്ടയ്ക്കലനീളം മൂന്നൊന്നതിനുടെ വീതികള്
മുഖഭാവത്തൊരു മണ്ഡപവും ചില പുറവാരങ്ങളുമഴകാലെ
തട്ടുകളറയും പുറവാരം വഴി വെളിവായുള്ളൊരു വാതിലുകൾ
കാരകിൽകൊണ്ടു തുലാങ്ങളിരുത്തി തട്ടുകളേറ്റി ചിതമോടെ
ഭിത്തിയകത്തു പൊതിഞ്ഞമരപ്പണി വള്ളിക്കെട്ടു വിചിത്രങ്ങൾ
ശുദ്ധസ്ഥലമതിലിരുപതമുളവും സമചതുരം പൊൻതകിടാലെ
മദുബഹാ ശുദ്ധസ്ഥലമതിലുരുവെ കാരകിലാലെ ചിത്രങ്ങൾ
വള്ളികളെതളും മൊട്ടുകൾ പുഷ്പം ക്രോബേന്മാരുടെ വടിവുകളും
തങ്കത്തകിടു പൊതിഞ്ഞവയെല്ലാം കാഞ്ചനമയമല്ലാതില്ല
പത്തുമുളത്തിൽ ക്രോബേന്മാരുടെ രൂപം രണ്ടും പൊന്നാലെ
അഞ്ചുമുളം നീണ്ടോരോ ചിറകുകളീരണ്ടോരൊ ക്രോബികൾക്കും
ക്രോബേന്മാരുടെ മദ്ധ്യേ കീഴിൽ പൊൻപീഠം ബഹു കൗതുകമായ്

പച്ചകൾ ധവളം പലവകവർണ്ണം പുഷ്പം നെയ്തൊരു മറശീല
ഒലിമരത്താൽ കട്ടിളപോർക്കതകെല്ലാം പൊന്നുപൊതിഞ്ഞുരുവെ
തങ്കക്കെട്ടുകൾ കതകിനു ചിത്രം വള്ളികൾ പുഷ്പം ക്രോമ്പികളും
വൈരം മരതകമറ്റും പലവക രത്നാദികളുടെ ഭൂഷണവും
പത്തു വിളക്കും തൂക്കും തണ്ടുകൾ മറ്റും പലതും പൊന്നാലെ
കുംഭം കലശം പൂജാപാത്രം സകലം പൊന്നല്ലാതില്ല
കാഴ്ചയപ്പങ്ങളിരിക്കും പീഠം പൊന്നെന്നുണ്ടോ സംശയവും
സാക്ഷിഭണ്ഡാരം പള്ളി പൂകിച്ചതിഘോഷത്താലെ മഹാരാജൻ
കൊണ്ടുകളിരുനൂറ്റിരുപതിലേറ്റം തംബുരു വീണകൾ കൈത്താളം
നേർമ്മയിലുള്ളൊരു നിർമ്മല വസ്ത്രമുടുത്തു ഗുരുക്കൾ പാട്ടുകളും
ശുദ്ധസ്ഥലമതിലാലാഹായെ പാട്ടുകളാലെ സ്തുതിചെയ്തു
അപ്പൊഴുതംബരമേഘം കൊണ്ടിപ്പള്ളിനിറഞ്ഞതിശോഭകളും
യന്തം ചെയ്തതിനിടവഴി നിന്നവർ വന്ദനബലിയും കാഴ്ചകളും
ലക്ഷത്തിരുപതിനായിരമാടുകൾ അന്നവിടത്തിരുബലിയായി
ലക്ഷണമൊത്തൊരു കാളകളിരുപത്തീരായിരവും നയവേദ്യം
വഹ്നികളികാശത്തിഷനിന്നിവയെല്ലാം കയ്ക്കൊണ്ടനുകൂലമായ്
പൊന്നാലയമതിലാലാഹായുടെ വെളിവായുള്ളൊരു കതിരുകളും
നിന്നജനങ്ങൾ കാൺമതിനെളുതല്ലാതെയുള്ളൊരു വന്ദനയും
പ്രാർത്ഥിച്ചധിപതിലോകരുമേറ്റം വന്ദനചെയ്തു പിരിഞ്ഞെന്ന്
എന്നതിലതിശയമിന്നിവിടുത്തെ പൂജകളുത്തമമൃഗമല്ല
ഗാഗുൽത്തായിലീശോമിശിഹാ ചെയ്തൊരു ബലിയുമിതുതന്നെ
സ്വത്വത്തിന്നുടെപെട്ടകമെന്നതിനകമെ വിധിയുടെ പലകരണ്ടും
സ്വത്വത്തിന്നുടെ രാജാവീശോമിശിഹായിളകൊണ്ടിന്നിവിടെ
പുഷ്കരമേഘം വെളിവൊടു ശോഭിച്ചന്നവിടെത്തിരുമനസാലെ
ദൈവാത്മാവാമതിശയറൂഹാ അഭിഷേകം ചെയ്തീപ്പള്ളി
വെളിവാലുള്ളൊരു തീയാലവിടെശോഭിച്ചാബലികൈക്കൊണ്ടു
വെളിവിനടുത്തൊരു ദൂതന്മാരുടെ കൂട്ടം കൊണ്ടീപ്പള്ളി നിറഞ്ഞു
പൊന്നാലുള്ളൊരു ക്രോബേന്മാരുടെ രൂപം രണ്ടും തികവവിടെ
പൊൻമുരൾകാഴ്ചകൾ വച്ചൊരു ഗുശ്ശേന്മാരുടെ രൂപം മൂന്നിവിടെ
ഗുശ്ശേന്മാരുടെ പള്ളി പുകിന്തവർ മദ്ധ്യസ്ഥാനേ പ്രാർത്ഥിച്ചാൽ
തിരുമനസ്സാലെ വേണ്ടും നന്മകളൊക്കെയുമിങ്ങു ലഭിച്ചീടും
ജനകൻ തനയൻ ദൈവാത്മാവാമൊരുവൻനാമം കുമ്പിട്ടേൻ
അനുകൂലമോടെൻ പിഴതീർത്തഖിലം സ്ലീബായാലെ രക്ഷിക്ക
ആലാഹാതൻ തിരുനാമത്തിനു നിത്യമഹത്വമിതെന്നേക്കും
ആലാഹാതന്നരുളാലെ അന്നുമിന്നുമെന്നുമെ.

# കോട്ടയത്തു ഇടയ്ക്കാട്ടു പള്ളിയുടെ പാട്ട് *

ആദിയിലൊരുവനരുളപ്പാടാൽ
അത്ഭുതമായുള്ള സൃഷ്ടിപ്പുകൾ
ആകാശം ഭൂമി ചമയും മുൻപിൽ
അംബുമുഖഭാഗത്തശരീരി താൻ
ആവാസം ചെയ്തിതനാദി ദൈവം
അരുൾചെയ്തുടനെ പ്രകാശമുണ്ടായ്
ആദിപരനിൽ നിന്നാവചനം
ആകെയവനാൽ ചമയപ്പെട്ടു.
അരുളാൽ വെളിവിരുൾ വേർതിരിഞ്ഞു
അരുളി പ്രകാശം പകലെന്നു പേർ
അന്ധകാരത്തിനു രാത്രിയെന്നും
അന്തിയും കാല്യവും കല്പിച്ചരുളി
അംബരത്തട്ടു തീർന്നംബമദ്ധ്യേ
അർണ്ണമുടയവൻ വേർതിരിച്ചു
അബ്ധിയകറ്റീട്ടു കണ്ടു ഭൂമി
ആയതിൽ സസ്യഫലങ്ങൾക്കായി
അടവിവൃക്ഷാദി കണ്ടരുളാൽ
ആണ്ടുകൾ കാലം സമയത്തിനായ്
അർക്കചന്ദ്രാതി താരഗ്രഹങ്ങൾ
ആകാശത്തട്ടിൽ ചമച്ചു ദൈവം
ആദിസ്വരൂപി നന്നെന്നു കണ്ടു
അചലയതിലിഴജാതിമൃഗം
അരുളാലെ പക്ഷി നാൽക്കാലി വർഗ്ഗം
അണ്ഡജവർഗ്ഗം പലവകയും
ആറാം ദിവസം നരപിതാക്കൾ
ആലാഹാതൃക്കയ്യാൽ നരനും സ്ത്രീയും
ആകച്ചമച്ചിങ്ങനുഗ്രഹിച്ചോൻ
ആശീർവ്വദിപ്പാൻ കൈതൊഴുന്നേൻ.

(രണ്ടാം പാദം)

ആദിനായകൻ കല്പിച്ചന്നുതാൻ സാദൃശ്യമായ് മാനുഷൻ
വേണമെന്നരുൾചെയ്തവർക്കുതാൻ അർണ്ണജന്തുവശേഷവും

* ടി പള്ളി ഇടവക തകടിയേൽ ഇട്ടിയവിരാ എന്ന കവിയാൽ ഉണ്ടാക്കപ്പെട്ടത്

അംബരേ ഖഗ വൃന്ദമൊക്കെയും ഭൂമൃഗങ്ങളശേഷവും
മാനുഷർക്കിവയൊക്കെയിന്മേൽ വേണമങ്ങധികാരവും
നിർണ്ണയിച്ചതു തൃക്കരത്താൽ മണ്ണിനാൽ നരദേഹവും
സൃഷ്ടി ചെയ്തു തൻ ശ്വാസമായതിവിട്ടു ജീവദേഹിയും
ആദിമാനുഷനാമിവന്നു താൻ ആദമെന്നു വിളിച്ചു പേർ
മേദിനിയിൽ വിശിഷ്ടമാം പുരി ആദേനിൽ പറുദീസായിൽ
ആദത്തെയതിൽ സ്ഥാപിച്ചീശൻ ആദിമാതാം ഹാവായും
മാനുഷനിൽ നിന്നെടുത്തവൾക്കു മാനുഷിയെന്നു നാമവും
വൃക്ഷസസ്യഫലാദി ധാന്യവും ഭക്ഷണങ്ങളിവർക്കതായ്
നൽകി ഭൂതലേ സർവജന്തുവും കീഴമർത്തിയിവർക്കുതാൻ
കർത്താവീശനനുഗ്രഹിച്ചിവർ വർദ്ധിച്ചിങ്ങു പെരുകുവാൻ
നന്മതിന്മയതായറിവിന്റെ ഒന്മയാം ജീവവൃക്ഷവും
കല്പിച്ചിങ്ങനെ രണ്ടതിലൊന്നു വിലക്കിയന്നറിവിൻ തരു
വൃക്ഷമൊന്നതൊഴികെയൊക്കെയും ഭക്ഷിപ്പാൻ നൽകി തമ്പുരാൻ

(മൂന്നാം പാദം)

കർത്താവിൻ കല്പന പോലെ പാർത്തുവരുന്നൊരു സമയത്തിൽ
സാത്താൻ പുക്കൊരു സർപ്പത്തിൽ
നാരിയോടവനുടെ വാക്ക് തരുവതിലെ സകല ഫലങ്ങൾ
അരുളുണ്ടോ ഭക്ഷിക്കരുതെന്ന്
പരമാർത്ഥം സർപ്പത്തോട് അരുളൊണ്ടിവതിന്നാമെന്നാൽ
വരുതിയതിന്റെ നടുക്കുള്ള
വൃക്ഷത്തിൻ ഫലമതിൽ നിന്ന് ഭക്ഷിച്ചീടാതെയിരുന്നാൽ
ശിക്ഷകളില്ലീശൻ രക്ഷിക്കും
പാവനാശനീമൊഴികേട്ട് ഹാവായോടേറ്റം കൊരള
ആപത്തില്ലിതിനാൽ നിങ്ങൾക്ക്
ഭക്ഷിപ്പാൻ രുചിയതിനേറ്റം സൂക്ഷിച്ചാൽ കൗതുകമേറ്റം
സാക്ഷാൽ പലയറിവുകളുണ്ടാം നിങ്ങൾക്ക്
പലവകഗുണമിതിന്നുണ്ടെന്നാ ബലസൂതൻ ചതിമൊഴികേട്ട്
ഫലമതു തിന്നവളും ഭർത്താവും
നേത്രങ്ങൾക്കറിവും ചിത്തേ വസ്ത്രമതില്ലെന്നൊരു ലജ്ജ
പത്രങ്ങൾ കൂട്ടിയുടുത്തവരും
ഉടയവനുടെ നാദം കേട്ട് വിടപികളുടെയിടയിൽ പുക്ക്
പേടിയോടെസംവൃതരായവയും
അരുളപ്പാടവനോടുണ്ടായ് അരുതെന്നു വിലക്കിവിധിച്ച
തരുവതിൽ നിന്നു ഭുജിച്ചോ നീയിന്ന്
അടിയനു നീ തുണയായ് നൽകിയ ഇടവന്ന നാരിനിമിത്തം
വിടകൊണ്ടിങ്ങനെ നരവരനാദം

കല്പിച്ചതു നാരിയെന്ത് തല്പരനോടറിയിച്ചവളും
സർപ്പത്താലശനം ചെയ്തയ്യോ
തെറ്റം കണ്ടനുകൂലമീശൻ കാറ്റശനൻ തന്നുടെ ശീർഷം
പോറ്റിയതാം നാരീ സന്തതിയാൽ
അതിനാലെ ചതയ്ക്കുമതെന്നും ശത്രുതയും കല്പിച്ചതിനായ്
കർത്താവു ശപിച്ചങ്ങുരഗത്തെ
ശിക്ഷവിധിച്ചവരെത്തള്ളി ഇക്ഷിതിയിൽ പൈദാഹങ്ങൾ
യോഷികളിൽ പ്രസവദുഃഖം മറ്റെല്ലാം
മാനുഷരെ വിട്ടവിടത്തിൽ താനവിടെ കാർപ്പാൻ വാളാൽ
വാനവരാം ഖെറുബികളെ കല്പിച്ചു.

(നാലാം പാദം)

ആദംബാവാ ഭൂമിയിൽ ഖേദമായ് വാഴുമക്കാലം
ആദ്യസുതൻ കായനിളയവൻ ഹാബേൽ തന്നെയും
ദുഷ്ടതയാൽ നിഗ്രഹം ചെയ്തു നിമിത്തം കർത്താവ്
ഇഷ്ടക്കേടാൽ കായേനേശ്ശപിച്ചു താൻ ഭൂതലത്തുങ്കൽ
ആദം തന്റെ സാദൃശനായ് മൂന്നാമതുത്ഭവിച്ചൊരു
സുതനു ശേതെന്നുള്ളൊരു നാമം വിളിച്ച ശേഷത്തിൽ
അവനിൽ നിന്നു സന്തതി പൂർവ്വപിതാക്കന്മാരല്ലോ
അവനിതന്നിൽ പലവിധം മാനുഷർ പെരുകി തിന്മയും
അതിനാലീശൻ ഭൂമിയെ ശിക്ഷിച്ചു ജലമതിനാലെ
താതനായ നോഹും തൻ ഭവനവും രക്ഷിച്ചരുളാലെ
അനുകൂലമായ് ശേമിന്റെ സന്തതി വാഴ്ത്തി തമ്പുരാൻ
ജനകനായൊരവുറാഹം തന്നെയനുഗ്രഹിച്ചേറ്റം
വിശ്വാസത്തെ തൃക്കൺപാർത്തവനുടെ സന്തതിയാലെ
വിശ്വമതിൽ സകലരും വാഴ്ത്തുമെന്നരുളിച്ചെയ്തപോൽ
ഇസഹാക്കുതൻ സുതനായ യോക്കോബിൻ മക്കൾ പന്ത്രണ്ട്
ഇസറായേൽ തൻ വഴിപാടിത്രയും പെരുകി ഭൂമിയിൽ
യൂദാ തന്റെ വംശത്തിൽ പുണ്യവാൻ ദാവീതുണ്ടായി
അധിപതിയാമവനോടും ചെയ്തോരുടമ്പടിപോലെ
ജന്മമതിൽ നിന്നീശൻ ഭൂമിയിൽ ജാതം ചെയ്വാനായ്
ബ്രഹ്മചാരി മാർയൗസേപ്പുത്ഭവം യാക്കോബിൽ നിന്നും
നിർമ്മല ജാതാ കന്യകമറിയവും അന്നാസുതനായി
നിർമ്മലമാം കന്യകയ്ക്കുത്തമ ഭർത്താവെവുസേപ്പും
നാരീസൂനു ഫണശീർഷം ചതയ്ക്കുമെന്നരുളിച്ചെയ്തപോൽ
നരതാതനൊടരുൾ പോലെ കാലം നിവൃത്തിയായ നാൾ
പരിശുദ്ധ റൂഹായാലെ കന്നിതൻ ശുദ്ധതയായ
ചോരയാലെ നിർമ്മിച്ച ദേഹത്തിൽ ദൃഢതയായ
ദേഹി പൂകിച്ചായതെടുത്തിതു പുത്രൻ തമ്പുരാൻ

ജനകനോടും റൂഹായോടും കൂടെ വന്ദിച്ചീടുന്ന
തനയനിന്നു കന്യകമാതാവിൽ നിന്നു ജാതമായ്
രക്ഷിതാവെന്നർത്ഥമാം ഈശോയെന്നുള്ള തിരുനാമം
ഇക്ഷിതിയിൽ തിരുരക്തം ചിന്തുവാൻ വർഗ്ഗീസേറ്റന്ന്
പൂർവ്വകാലേ നിവ്യന്മാർ ചൊല്ലിയതൊക്കെത്തികവാക്കി
ഉർവിതന്നിൽ സത്യമാം വേദം പ്രകാശിപ്പിക്കുന്നു.
മാമ്മോദീസാ കല്പിച്ചറിയിച്ചു സത്യമാർഗ്ഗങ്ങൾ
വിസ്മയത്താൽ സഞ്ചാരം ചെയ്തു താൻ ശിഷ്യരുമായി
അരുളിബാവാ സ്വർഗ്ഗത്തിൽ നിന്നങ്ങു പുത്രൻ താനെന്ന്
ഘോരമായ തിരുവചനം കേട്ടവർ സാക്ഷിച്ചീടുന്നു
അക്കാലത്തിൽ കയ്യേപ്പായോടൊത്തു യൂദലോകരും
ശത്രുതയാലീശോയെ ശിക്ഷിപ്പാൻ തിരുമനസ്സായി താൻ
താതൻ തനിക്കരുളിയ സമയമടുത്ത നാളിൽ താൻ
മാതാവിനോടറിയിച്ചതൊക്കെയും യാത്ര ചൊല്ലിതാൻ
പെസഹാകാലമന്നു താൻ നിശിഭോജനാന്തരത്തുങ്കൽ
പാദം ശിഷ്യർക്കുള്ളതു കഴുകുന്നിതധിപന്മാർക്കരചൻ
പുത്തൻ മാർഗ്ഗമിങ്ങതിൽ താതനു പൂജ ചെയ്‌വാനായ്
സത്യമായി കല്പിച്ചു തന്നുടെ ദേഹരക്തത്തെ
അപ്പമൊടു വീഞ്ഞതിൽ കല്പിച്ചെടുത്തു നൽകിതാൻ
കല്പിച്ചതു ശ്ലീഹന്മാർ കയ്യാലെ നാമെല്ലാവർക്കും
ദേഹിയോടു ചേർന്നിരിപ്പാനായ് തന്നു യാവന
ദേഹിനാഥൻ കല്പിച്ചു സ്നേഹമാദിയാം ബുദ്ധികൾ
പൂങ്കാവതിൽ പ്രാപിച്ചു താതനോടേറ്റം പ്രാർത്ഥന
സങ്കടമോടീക്കാസാ തന്നിൽനിന്നങ്ങു നീക്കുവാൻ
ജനകനിഷ്ടം പോലെ താൻ സമ്മതിച്ചെന്നും പ്രാർത്ഥന
സ്തോത്രമതിൽ കുമ്പിട്ടു രക്തം വിയർത്തിടുന്നു താൻ
ജനകനിഷ്ടം പോലാകട്ടെന്നുര ചെയ്തു കുമ്പിട്ടു
ചിന്തി തന്റെതിരുരക്തം നമ്മുടെ പാപമോർത്തിട്ടു
ഭദ്രാസനന്മാർക്കും താൻ നാഥനാം തമ്പുരാൻ പുത്രൻ
സ്വർഗ്ഗത്തിൽ നിന്നങ്ങൊരു മാലാഖാ വന്നു തിരുമുമ്പിൽ
ശക്തിപെട്ടവൻ ചൊന്ന വാക്കാലും മൃത്യുകല്പിച്ചു
പ്രാപിച്ചിതങ്ങൊറ്റനാൽ ശത്രുക്കൾ തന്നെ ബന്ധിച്ചു
സ്രാപ്പെയാദിവൃന്ദമടങ്ങിനിന്നേറ്റം ദുഃഖത്താൽ
മാറാവാസന്മാർ കണ്ടു നിത്യം സ്തുതിച്ചീടുന്നൊരു
മാറാനീശോമിശിഹാടെ മുഖവർ മൂടി ആക്ഷേപം
ചണ്ഡാളനടിക്കുന്നതാചാര്യൻ മുമ്പിൽ തൃക്കവിള്ളേൽ
കൊണ്ടാടുന്ന റക്കോനന്മാർക്കപ്പോൾ ദുഃഖമെത്രയോ
അധികാരിയാൽ തൂണതിൽ ബന്ധനം ചെയ്തടിക്കുമ്പോൾ
മൌത്വേന്മാരാം ശുശ്രൂഷികൾക്കുള്ള പീഡയെത്രയോ
മുൾമുടിവെച്ചാക്ഷേപം കാണുന്നധികാരങ്ങളാം

മാലാഖമാർ വർഗ്ഗത്തിനൊത്തപോൽ കേണവരെല്ലാം
സകലം തനിക്കായിട്ടും തന്നാലും സൃഷ്ടിച്ചെന്നവൻ
സ്ക്കീപ്പാ തോളിലേറ്റി നടക്കുന്നു ഗാഗുൽത്തായോളം
അപ്പമഞ്ചയ്യായിരം പേർക്കതു തിന്മാൻ മറ്റുള്ള
അത്ഭുതങ്ങൾ ചെയ്തൊരു കൈകാലിതാണിയാലവർ
ബന്ധിച്ചവർ കുരിശതും പർവ്വതം തന്നിൽ നാട്ടുന്നു
ചന്ദ്രാദിത്യന്മാരേറ്റം താരഗ്രഹങ്ങളൊക്കയും
വർഗ്ഗത്തിന്നടുത്തപോൽ കേണീട്ടിരുളായ് ഭൂമിയിൽ
ഭൂമിയുമിളകി ഗിരിയും തകർന്നിടുന്നേറ്റം
ദേവാലയമതിലുള്ള തിരശീല ചീന്തി രണ്ടായി
ജീവിച്ചേറ്റം പുണ്യജനങ്ങളെ കാണപ്പെട്ടെന്നു
താതനോടപേക്ഷിച്ചിന്നിത നാദത്താലപ്പോൾ
ആത്മം കയ്യാളിക്കുമാനേരത്തിതൊക്കെയുമുണ്ടായി
ഉണ്ടായതു കണ്ടതിൽ മാർവ്വിലിടിച്ചു സജ്ജനം
കണ്ടു ശതാധിപനും വിശ്വസിച്ചീശോനാഥനെ
ഉത്തമനാം യൗസേപ്പപേക്ഷിച്ചധികാരിയോടു
പുത്തൻ കബറിൽ പരിശുദ്ധ ദേഹവും വെച്ചു കേണവർ
മാനുഷർക്കു വേണ്ടിത്താൻ പെട്ടൊരുപാടു വൃത്താന്തം
മാനുഷരാൽ ചൊൽവാനെളുതല്ലെന്നായി സാക്ഷികൾ
മാനുഷരെ സ്നേഹിച്ചു രക്ഷിക്കും തമ്പുരാൻ പുത്രൻ
മാനുഷരാമടിയാർക്കു കൃപ ചെയ്യും മിശിഹാ രാജാവേ
ഓർക്കണമേ നിന്നുടെ രാജ്യത്തടിയങ്ങളെ നീ
കാത്തുരക്ഷ ചെയ്യണം നല്ലൊരു കള്ളനെന്നപോൽ.

(അഞ്ചാം പാദം)

ആഴ്ചയിലാദ്യമാം ഞായർ ദിവസത്തിൽ
ഉഷഃകാലെ തൻ തിരുദേഹം
ജീവിച്ചെഴുന്നേറ്റു പ്രത്യക്ഷമായ് കണ്ടു
ദിവ്യമാതാവിനും തന്റെ
ശിഷ്യസമൂഹവും ഭക്തജനങ്ങളും
രക്ഷകനീശോയെ കണ്ടു.
തോമ്മാ നിമിത്തമായെല്ലാജനങ്ങൾക്കും
സംശയം തീർത്തരുളാലേ
നാല്പതുനാൾവരെ കാണപ്പെട്ടിങ്ങു താൻ
കല്പിച്ചവരോടുറപ്പാൽ
ചൊല്ലിയവരോടു സ്വർഗ്ഗവും ഭൂമിയും
എല്ലാം തനിക്കധികാരം
യാത്രതിരിച്ചെന്റെ സാക്ഷികളായ് നിങ്ങൾ
ധാത്രിയിൽ സകലർക്കും പോയി
ശിഷ്യന്മാരാക്കണമെന്നരുൾ ചെയ്തു താൻ

മോക്ഷമവർക്കു ലഭിപ്പാൻ
താതനും പുത്രനും പരിശുദ്ധ റൂഹായും
തൻതിരുനാമത്താൽ നിങ്ങൾ
നൽകണം മാമ്മോദീസായെന്നരുൾ ചെയ്ത
സ്വർലോകാരോഹണം ചെയ്വാൻ
ആശിർവദിച്ചീശോ തൃക്കയ്യാൽ ശിഷ്യരെ
തൻശക്തി കാണിച്ചുയർന്നു
പ്രാപിച്ചു മോക്ഷത്തിൽ കർത്താവെഴുന്നള്ളി
പൂർവപിതാക്കന്മാരോടും
നവസംഘമുഖ്യസ്വരൂപികൾ ഘോഷത്താൽ
ദിവലോകെ തന്നെ സ്തുതിച്ചു
താതൻ വലത്തേതിൽ സകല ലോകങ്ങൾക്കും
അധിപതി താനെഴുന്നള്ളി
സൂക്ഷിച്ചു മേല്പോട്ടു ദർശിക്കും ശിഷ്യർക്കു
സൂക്ഷ്മസ്വരൂപികളിരുവർ
കാണപ്പെട്ടെത്രയും നിർമ്മലരൂപത്താൽ
നിർണ്ണയവാർത്തകൾ ചൊല്ലി
സ്വർഗ്ഗത്തിലീശോ താൻ പ്രാപിച്ചതു പോലെ
ശക്തിയാലിങ്ങെഴുന്നള്ളും
ഗിരിയതിൽ നിന്നവരോറശലം തന്നിൽ
പ്രാപിച്ചു മാളികസെഹിയോൻ
ദൈവമാതാവിനോടൊന്നിച്ചു ശിഷ്യന്മാർ
ദൈവത്തെ സ്നേഹിച്ചു നന്നായ്
പത്താം ദിവസത്തിൽ പരിശുദ്ധറൂഹായും
ശക്തിയാൽ പ്രാപിച്ചവരിൽ
ഭാഷകൾ കേൾക്കുന്നനേകമാം ജാതികൾ
ഭാഷിതങ്ങൾ തിരിഞ്ഞുള്ളിൽ
സകല ജഡത്തിന്മേൽ തന്റെയരൂപിയും
പകരുമെന്നുള്ളോരു വാക്യം
വിസ്തരിച്ചീശോയാൽ രക്ഷയെന്നുള്ളതും
സത്യമായ് സാക്ഷിച്ചുയർപ്പും
സദ്വാർത്ത കേട്ടു മൂവായിരം പേരന്ന്
സത്യമാം മാർഗ്ഗത്തിൽ ചേർന്നു
വർദ്ധിച്ചു വിശ്വാസമിങ്ങനെ ലോകത്തിൽ
ശുദ്ധതയാം സഭക്കൂട്ടം
പെരുകി വളരുന്നു കാലക്രമത്താലെ
പരിശുദ്ധന്മാരിതിലേറ്റം
ആദ്യകാലം മുതൽ ദുഷ്ടജനങ്ങളും
വേദശത്രുക്കളുമുണ്ടായ്
ഉഗ്രനാം ദീയക്ലാസ്യാനോസക്കാലത്തിൽ

വിഗ്രഹം വന്ദിപ്പാനായ്
നെറിവാളരെന്നുള്ള വിശ്വാസഭക്തരെ
ഏറിയ ശിക്ഷകൾ ചെയ്തു
ശിക്ഷിച്ചതിക്രമം ചെയ്യുന്തോറും വേദ-
സാക്ഷികളേറ്റം പെരുകി
ഇഷ്ടന്മാരായുള്ള മന്ത്രിവരന്മാരെ
കൂട്ടിയവനാലോചിപ്പാൻ
ഈശോ തൻ മാർഗ്ഗത്തിൽ പ്രാപിച്ചവർകളെ
സംശയിച്ചെന്തെന്തു ചെയ്‌വേൽ
സത്യമാം മാർഗ്ഗത്തിൽ പ്രാപിച്ചവനേകൻ
ഉത്തമൻ ഗീവറുഗീസും
ലോകമുപേക്ഷിച്ചു ധൈര്യങ്ങൾ പ്രാപിച്ച
യോഗസമൂഹേന ചൊല്ലി
സൃഷ്ടിച്ച സർവ്വേശൻ തന്നുടെ പുത്രനാം
വിഷ്ടപരക്ഷകനീശോ
പരിശുദ്ധറൂഹായാമിങ്ങനെ മൂവാളും
ഒരുവനെ സേവിപ്പാൻ ന്യായം
സത്യമാം വാർത്തകൾ കേട്ടവൻ സേവിക്കും
സാത്താന്റെ ഇഷ്ടങ്ങൾ പോലെ
ശിക്ഷകളേറ്റവും ചെയ്തവയോരോന്നായ്
സൂക്ഷ്മം കഥിപ്പാനസാദ്ധ്യം
മന്ത്രിവരന്മാരെക്കൊണ്ടു പലവക
തന്ത്രമുപദേശം ചെയ്തു
ഐശ്വര്യമേറ്റവും നൽകാമെന്നുള്ളതും
നിശ്ചയമല്ലെങ്കിൽ ശിക്ഷ
കേട്ടുഭ്രമിക്കാതെ ദൈവകാരുണ്യത്താൽ
കഷ്ടങ്ങൾ വിവിധമേറ്റു
സൂത്രത്താൽ നൂതന ചക്രം ചമച്ചതിൽ
എത്രയും പുണ്യവാൻ തന്നെ
ബന്ധിപ്പിച്ചധിപതി ഗീവർഗീസിനെ
ചിന്തിച്ചതുപോൽ ശിക്ഷിച്ചു
മൃത്യുഭവിച്ചവനെന്നു നിനച്ചുപോയ്
കർത്താവിൻ ദൂതനവിടെ
വന്നിങ്ങു ബന്ധനമൊക്കെയഴിച്ചവൻ
നന്നായി സ്വസ്ഥത നൽകി
ശിക്ഷകളിങ്ങനെ ചെയ്തു പലതിലും
രക്ഷിച്ചു കർത്താവിയാളെ
കാലം തികഞ്ഞു മാർ ഗീവർഗ്ഗീസിനെ
വാളാലെ ദീയാക്ലാസ്യാനോസ്

ശിക്ഷിച്ച കാലമിരുനൂറ്റിത്തൊണ്ണൂറും
    രക്ഷകവത്സരമേഴും
മേടമിരുപത്തുമൂന്നായ വെള്ളിയിൽ
    നേടി ദ്യോവുച്ചയ്ക്കു പിന്നെ
ഏഴര ചെന്നൊരു നേരത്തു താൻ രക്ത-
    സാക്ഷി കിരീടം പ്രാപിച്ചു
ദീനസ്സപാടോർത്തു പ്രാർത്ഥിപ്പവർകൾക്ക്
    ദീനങ്ങളൊക്കെയകറ്റി
രക്ഷിയ്ക്ക നായനെയെന്നുള്ള പ്രാർത്ഥന
    രക്ഷകൻ കേട്ടനുഗ്രഹം
നിത്യവും ചെയ്യുന്ന കാരണം പള്ളികൾ
    സത്തുക്കളേറ്റമീനാമം
വെച്ചു പല ദിശിയെന്നതിലേറ്റവും
    മെച്ചമാം കോട്ടയകത്ത്
പട്ടണമായതിൽ പെട്ടവർകളേയും
    കോട്ടപോൽ ഗീവർഗീസും
കോട്ടയകമതു ഗീവറുഗീസിന്റെ
    കോട്ടപോൽ സങ്കേതം ചെയ്യും
അരചർക്കരചനാൽ പടനായകനായി
    പരിശുദ്ധൻ നമ്മെ തുണപ്പാൻ
മാർ ഗീവറുഗീസിൻ നാമത്താൽ വച്ചിതിൽ
    മാറാനെ കുമ്പിടും ദാസർ
പള്ളി ചമച്ചതിൻ മൂലമാം വൃത്താന്തം
    ഉള്ളിലുദിപ്പിക്ക ദൈവം.

(ആറാം പാദം)

അരുളാലെ പോയന്നാറു രണ്ട് ശിഷ്യന്മാരും
ധരയിൽ നീളെ സത്യവേദമറിയിപ്പാനായ്
അത്ഭുതത്താൽ മാർത്തോമ്മായെ ഹിന്ദു തന്നിൽ
ശില്പിഭാവമായി വന്നു ചോഴൻ മുൻപാകെ
അമ്പതോടു രണ്ടു ചെന്ന മാറാൻ കാല-
മിമ്പമായറിയിച്ചീശോമിശിഹാ തന്നെ
സപ്തസ്ലീബാ നമസ്ക്കാരസ്ഥലങ്ങളും
സ്ഥാപിച്ചയാൾ സ്വാർഗ്ഗപ്രാപ്തനായശേഷത്തിൽ
വിശ്വാസികൾക്കിടയന്മാരില്ലാതായി
വിശ്വാസത്തിൽ ക്ഷീണം തട്ടി ഛിദ്രം കാരണം
താഴ്ച വന്നു മലങ്കരമാർഗ്ഗമെന്ന്
കിഴക്കിനുടെ കാസോലിക്കാ ദൈവനിയോഗാൽ
അരുളിച്ചെയ്തു തൊമ്മൻ കിനാൻ തന്നോടന്ന്
കേരളത്തിൽ സ്ഥാപിക്കണം വിശ്വാസികളെ

കല്പിച്ചപോൽ നല്ല മാർ യൌസേപ്പെന്നുള്ള
അപ്പസ്ക്കോപ്പായോടും പട്ടക്കാരർ നാലരും
വാഴുവാലെ ശെമ്മാശന്മാരോടു കൂടെ
ഏഴുപന്ത്രണ്ടു രശമക്കളേഴു കുടുംബം
പ്രാപിച്ചവർ കപ്പൽവഴി തോമ്മായാലെ
നൃപനായ ചേരകോനെ കണ്ടു വാണിങ്ങ്
മാറാൻ കാലമുന്നൂറോടു നാല്പത്തഞ്ചിൽ
ഏറ്റം പദവികൾക്കായി ചെപ്പേടും വാങ്ങി
കീർത്തിയേറും പട്ടണവും പള്ളിയിവിടെ
പാർത്തിതനേകകാലവും പിന്നെ പോന്നിങ്ങ്
ദേശം നല്ല കടുത്തുരുത്തിയിൽ വന്നു
ഈശാലയമതിനോടു ചേർന്ന കമ്പോളം
പാർത്തവിടെ അരചൻ ഹേതു അക്കാലത്തിൽ
തീർത്തു നല്ല പുരങ്ങളും പള്ളി ചിത്രമായി
കന്നിയുമ്മാതിരുനാമിതഞ്ചരയിൽ
ഉന്നതമാം കോട്ടയകം നമ്മൾ സുഖമായ്
കൊല്ലമൊരെഴുനൂറോടിരുപത്തഞ്ചിൽ
നല്ല വാർത്ത ഗബ്രിയേൽ വന്നുമ്മാ തന്നോട്
വചനിച്ച നാൾ വെച്ചു പള്ളിയെന്നീതോർമ്മ
ഐശ്വര്യവാൻ ചെറിയാൻ മാത്തു കത്തനാരാലെ
തീർത്തുപള്ളി ശേഷമ്പേരുമുത്സാഹത്താൽ
മർത്തോമറിയത്തിൻ നാമത്താലെ വെച്ചതിൽ
ഏകവിശ്വാസമായിതിലെല്ലാവരും
ഭക്തിയാലെ മൂവരേകൻ തന്നെ സേവിച്ചു
വിശ്വാസികൾ രണ്ടു കൂറായിത്തീർന്നു പിന്നെ
വിശ്വാസികൾ പൂർവ്വമതപള്ളി ചൊന്നപോൽ
കേപ്പാ തന്റെ സിംഹാസനം വാഴും ഏക
സഭയാം പരിശുദ്ധ പള്ളിയ്ക്കിടയൻ പാപ്പായിൽ
സമ്മതിച്ചുവന്നു സത്യവിശ്വാസികൾ
ഇമ്മതത്തിൽ നൂതനമാം മതം ഭിന്നിച്ചു
കാലക്രമത്താല് രണ്ടുകൂട്ടമായ്
കാലം പലതൊന്നുപോലെ നടക്കും കാലം
കൊല്ലം നവശത തൊണ്ണൂറോടു നാലാമാണ്ടിൽ
പള്ളി കത്തോലിക്കാക്കാരിൽനിന്നെടുപ്പാനായ്
സ്വർണ്ണം വെള്ളി മറ്റും പൊതുവിലുള്ളതെല്ലാം
വർണ്ണമേറ്റമഴകേറും ആര്യാഭൂഷണം
അധികാരികളോടവരപേക്ഷയതുപോൽ
വിധിയായ് ധനുവമെട്ടിൽ പള്ളി പുത്തൻകൂറിന്ന്
അക്കാലത്തിൽ പട്ടക്കാരർ മൂവരേറ്റം

ദുഃഖത്തോടെ ശേഷം പേരും പള്ളിവേറായി
വർഷം മൂന്നു സങ്കടത്താൽ നടന്നതിനു
ശേഷംപള്ളി വേറായ്വെപ്പാൻ കല്പന വാങ്ങി
തൊള്ളായിരമോടു തൊണ്ണൂറ്റേഴാം കൊല്ലം
പള്ളിവച്ചീ സ്ഥലത്തന്നിലനുവാദത്താൽ
കർക്കടകത്രിദിനം മാർ തോമ്മാ തന്റെ
ദു:ഖറാനയതിഘോഷാൽ പലർ കൊണ്ടാടി
കീർത്തിയോടെ വടയാറ്റിൽ വാസം ചെയ്യും
മാത്യൂസെന്ന മല്പാൻ കയ്യാൽ സ്ലീബാ കല്ലിവിടെ
രത്നാദികളോടു കൂടെ സ്ഥാപിച്ചേറ്റം
ഭക്തിയാൽ ഗീവറുഗീസു സഹദാ നാമത്തിൽ
ഘോഷത്താലെ പൂജനമസ്ക്കാരമിവിടെ
ശേഷം കർമ്മം ചെയ്വാൻ കുരിശാലയമതും
ഉത്സാഹത്താൽ പട്ടക്കാരൻ മൂവരിവിടെ
*യൗസേപ്പൊടു യാക്കൊ നല്ല കുറിയാക്കോസും
ശേഷംപേരും ഉത്സാഹിച്ചവരാലേറ്റം
ശേഷം പണിക്രമം പോലെ നിവൃത്തിയായി.

(ഏഴാം പാദം)

കന്നി ഉമ്മാ തന്റെ നാമം പള്ളി ചെറിയതൊന്നിവിടെ
ഉന്നതമാം നാമം മുമ്പെ കൊണ്ടാടുന്ന തരുതായ്ക്കൾ
കോട്ടയകം നഗർ പാലിപ്പാൻ സഹദാ തന്റെ നാമത്തിൽ
കൊണ്ടാടുന്നു സഹദേന്മാർക്കും നായികയാം കന്നിയെ
ഏററം കന്നിയോടിരപ്പവർക്കു തന്റെ വാഴ്വെന്നു
ഏറ്റം വിശ്വസിക്കുന്നമ്മതന്റെ ഭാഗ്യം സ്നേഹിച്ചു
കർത്താവുയിർത്താകാശത്തെഴുന്നള്ളിയ ശേഷത്തിൽ
പുത്രനീശോ തന്നെ കാണ്മാൻ ഇച്ഛിച്ചമ്മ പ്രാർത്ഥന
എത്ര കാരുണ്യത്താൽ കേട്ടറിയിച്ചങ്ങു ദൂതനാൽ
യാത്ര കാണ്മാൻ തത്ര വന്നു പുത്രരായ ശ്ലീഹന്മാർ
അത്ഭുതത്താൽ വന്നവരോടുമ്മാ ദീർഘദർശനം
കല്പിക്കുന്നു ശിഷ്യർ തന്റെ കാലാവസാനത്തോളം
ത്രിലോകത്തിന്നധിപൻ തന്റെ ദൂതന്മാരും ബോഷത്താൽ
ഭൂലോകത്തിൽ പ്രാപിക്കുന്നിതാദം ഹാവാ മുതലായി
സകല നന്മ നിറയപ്പെട്ട മറിയം തന്റെ അന്തികെ
സകല നിവ്യന്മാരുമേറ്റം ജനകന്മാരും കൊണ്ടാടി
താതനുപുത്രി തനയനമ്മാ ശുദ്ധമുള്ള റൂഹായാൽ
നിത്യവും തൻ സ്നേഹിതയാം കന്നി തന്റെ ആത്മാവു
കർത്താവീശോ തൃക്കൈലെത്ര സന്തോഷത്താൽ ചേരുന്നു

---

* ഇവർ ബഹു. മാഞ്ഞൂർ ഉതുപ്പാൻ കത്തനാരും, തറയിൽ യാക്കോബു കത്തനാരും, കൊച്ചേനായിൽ കുരുവിള കത്തനാരുമാകുന്നു.

ഭക്തവൃന്ദം സന്തോഷത്താൽ നന്ദ്വനികൾ പൊന്മേളം
മോക്ഷപ്രഭാ വീശിയവിടെ രക്ഷപെട്ടു രോഗികൾ
മോക്ഷം തന്നിലാരോഹണം സുമനസു വൃന്ദമകമ്പടിയാൽ
ചുറ്റിലാറുപക്ഷമുള്ള സ്രാപ്പേന്മാരുടെ പന്തികളും
ഏറ്റം ക്രോബേന്മാരുടെ കൂട്ടം സംഗീതത്താലണിനിരയും
കിന്നരങ്ങൾ നാദം വീണധ്വനിയും കുഴൽ ഘോഷത്താൽ
വൃന്ദമൊമ്പതാചാരം ചെയ്തമ്മാ സ്വർഗ്ഗം പ്രാപിച്ചു
മർക്കോസിന്റെ ഭവനത്തിൽനിന്നമ്മതന്റെ ദേഹത്തെ
യോശാപ്പാത്തെന്ന സ്ഥലത്തുവച്ചു ശ്ലീഹന്മാരാലെ
ത്രിദിനമരൂപികളാൽ വീണരാഗം സംഗീതം
ത്രിദിവാപുരിയിലമ്മാ വീണ്ടുയർത്താരോഹിപ്പാൻ
മാറാനീശോ ജനനീശോഭ ചൊൽവാനടിയാരെളുതല്ല.
മാറാവാസന്മാരീവണ്ണം മാലാഖമാർ അതിഘോഷാ
യാത്ര കണ്ടു തോമ്മാ വന്നു ഹിന്ദുതന്നിൽ നിന്നവിടെ
തത്ര കരഞ്ഞമ്മ പാദം നോക്കിക്കുമ്പിടുന്നയാൾ
വാങ്ങി നിചോളബന്ധനം തൃക്കയ്യാലെ തോമ്മായും
ഭംഗിയായ വൃത്താന്തങ്ങൾ ശേഷം പേരോടറിയിച്ചു
ത്രിവിഷ്ടപം പ്രാപിച്ചെങ്ങും നാഥയാക്കി തമ്പുരാൻ
ത്രിത്വത്തിൽ നിന്നഭിഷേകമായ് മോക്ഷമുടികൈക്കൊണ്ടു
താരാമുടി സൂര്യവസ്ത്രം നക്ഷത്രേശപാദുകം
ഈരാറെണ്ണം ശീർഷേ രാജ്ഞി പ്രാപിച്ചതു നക്ഷത്രം
വിസ്താരമായ് കാതമങ്ങു ദ്വാദശാ സഹസ്രങ്ങൾ
വിസ്മയത്താൽ കണ്ടതിനടിസ്ഥാനങ്ങൾ പന്ത്രണ്ടും
രത്നങ്ങളെക്കൊണ്ടായതും ശ്ളീഹന്മാരുമാറിണ
പന്തീരണ്ടു വാതിലങ്ങു മുത്താൽ കണ്ടു ചിത്രമായ്
ഗോത്രതാതൻ യാക്കോബിന്റെ മക്കൾപന്ത്രണ്ടീവണ്ണം
എത്രയേറ്റം സാക്ഷി മറ്റും ചൊൽവാനടിയാർക്കെളുതല്ല
ഭൂവനത്രയനാഥയാക്കി കല്പിച്ചീശൻ തിരുമുമ്പിൽ
ദൈവജനനീപാദം വന്ദിച്ചടിയാരതിൽ കുമ്പിട്ടേൻ
മർത്തമറിയം തൃക്കൺ പാർത്തിങ്ങടിയാർക്കു നിൻ ഉദരത്തിൽ
ജാതഫലമീശോ തന്നെ കാണിച്ചാശീർവ്വദിപ്പാൻ
കോട്ട ദാവീദിന്റെതെന്നു ചൊല്ലും നിന്റെ പ്രാർത്ഥന
കോട്ടപോലെ കാത്തുരക്ഷചെയ്ക തന്റെ സ്ലീബായാൽ
കോട്ടയകത്തീനാമം രണ്ടിതുമ്മാ സഹദാനാമത്താൽ
സാഷ്ടാംഗത്താൽ മുന്മസുഖത്തെ കുമ്പിട്ടടിയാർ വന്ദിച്ചേൻ
പാലിച്ചെന്റെ കുറ്റമകറ്റുക കുഞ്ഞാടിന്റെ യോഗ്യതയാൽ
ആലാഹാ തന്നരുളാലെ അന്നുമിന്നുമെന്നുമെ

## മൂന്നാം ഭാഗം

# ചങ്ങനാശ്ശേരിപ്പള്ളിയുടെ പാട്ട് *

എങ്ങും പുകൾപ്പെരുകം ചങ്ങനാശ്ശേരിൽ വാഴും മംഗലാരൂപകന്നിയേ
എങ്ങും ദിശിയിലെല്ലാം പൊങ്ങും നിന്നുടെ കീർത്തി
എന്തുചൊല്ലു മമ ഹന്ത നിനച്ചാൽ
സന്തതവും നിന്നെ സ്തുതി ചെയ്‌വാൻ
അമ്പിൽവന്നു മരിയാളുതകീടുക-എങ്ങും പുകൾ

---

* ചങ്ങനാശ്ശേരിപ്പള്ളി തെക്കുംകൂർ രാജാക്കന്മാരുടെ കാലത്തു കൊല്ലം 275-ൽ (ക്രി.വ.1100-ൽ) നിരണത്തുപള്ളിയിൽ നിന്നും പിരിഞ്ഞു സ്ഥാപിക്കപ്പെട്ടതായി അറിയുന്നു.

ചങ്ങനാശ്ശേരിപ്പള്ളിയെപ്പറ്റി ആ ഇടവകയിലുള്ള മാന്യനും വയോവൃദ്ധനുമായ ഒരാൾ ഒരു വിവരണം എഴുതി അയച്ചു തന്നിട്ടുള്ളതിന്റെ ഒരു ചുരുക്കം താഴെ ചേർത്തുകൊള്ളുന്നു.

"കോട്ടയത്തു വന്നു മിഷൻവേല നടത്തി വന്നിരുന്ന പ്രൊട്ടസ്റ്റന്റു യൂറോപ്യൻ മിഷനറിമാരുടെ പല സഹായങ്ങളും ലഭിച്ചുകൊണ്ടിരുന്ന പുത്തൻകൂറ്റുകാരുടെ മെത്രാന്മാരുടെകൂടെയും മേലാൽ വിവാഹം കഴിക്കണമെന്ന് കോട്ടയത്ത് അന്നുള്ള പുന്നത്തുറ കുര്യൻ മെത്രാൻ അവർകളോട് മിഷനറിമാർ ഉപദേശിച്ചപ്പോൾ, കോട്ടയം വലിയ പള്ളിയും ചങ്ങനാശ്ശേരി, ആലപ്പുഴ, പിറവം ഈ സ്ഥലങ്ങളിലെ പള്ളികളും തങ്ങളുടെ (പുത്തൻകൂറ്റുകാരുടെ) കൈവശത്തിലാക്കി കൊടുക്കാമെന്നു വരികിൽ ഇതിനു സമ്മതമാണെന്നു പറകയാൽ ഇതനുസരിച്ചു അന്നത്തെ ബ്രിട്ടീഷ് റസിഡണ്ടായ മൺട്രോ സായിപ്പിന്റെ അടുക്കൽ മിഷനറിമാർ ശുപാർശ ചെയ്യുകയും റസിഡണ്ടുമൂലം മേല്പടി നാലു പള്ളികളും പുത്തൻകൂറ്റുകാരുടെ കൈവശത്തിലാക്കി കൊടുക്കുന്നതിനു 993-ൽ അന്നു രാജ്യം ഭരിച്ചിരുന്ന റാണി പാർവ്വതിഭായി തിരുമനസ്സിൽനിന്ന് ഒരു തിരുവെഴുത്തു വിളമ്പരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഈ തിരുവെഴുത്തു വിളമ്പരപ്രകാരം റസിഡണ്ടും ഗവൺമെന്റ് അധികാരികളും കോട്ടയത്തെത്തി പഴയ കൂറ്റുകാരും പുത്തൻ കൂറ്റുകാരുംകൂടി നടന്നുവന്നിരുന്ന വലിയ പള്ളിയിൽനിന്നു പഴയ കൂറ്റുകാരെ ബലമായി ഇറക്കി പള്ളി പുത്തൻകൂറ്റുകാരുടെ കൈവശത്തിലാക്കി കൊടുക്കയും രണ്ടു കൂട്ടർക്കും അവകാശമുള്ള പിറവത്തുപള്ളിയിലും മേൽപ്രകാരം ചെയ്കയും ചെയ്തു. പഴയ കൂറ്റുകാരുടെ സ്വന്തമായിരുന്ന മററു രണ്ടു പള്ളികളിലും മേൽപ്രകാരം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെന്റധികാരികൾ ചങ്ങനാശേരിയിൽ ചെന്നു പള്ളിവിട്ടുകൊടുക്കുന്നതിനു പള്ളിക്കാരോടു നിർബന്ധിച്ചതിൽ അവർ സമ്മതി

ഉർവിയിൽ മികവുള്ള പർവതത്തിന്മേൽ വന്നു
ഗൗറിയേൽ ചൊന്നപോലെ ഓറോശലം പുകിന്തു
പതറാതെ പൈതൽതന്നെ പള്ളിയിൽ കാഴ്ചവെച്ചു
കണ്ടസമയമതിലാശുവരേണമെന്നു
ചെന്നുകണ്ടുമരിയാളുതകീടുക-എങ്ങുംപുകൾ
അന്നാതനയയതിൽ വന്നുളവായ നാഥാ.
വെന്നി കിളർന്നഗിരി തന്നിൽ സുരാപം ചെയ്‌വാൻ
മുന്നം ഭൂവി ലോകമെല്ലാം വെളിവാകെ പിറന്തുടരെ
ഉടനുടനിതമൊടുമൃഗ പരനിടയിൽ
ഹിതമൊടു കണ്ടരുളീടുക-എങ്ങുംപുകൾ
എങ്ങുംമൂലമതോർത്തീടുകിൽ പാലായിൽ മേവുമെന്റെ
കാലം കഴിഞ്ഞു മമ സെഹിയോൻവെട്ടം മുമ്പേ ചെന്നു
മാലോഴിച്ചുമയമാക്കീട്ടടിയന്നു
സാരമായ് ഗഹനത്തിലുണർപ്പാൻ
ഉപവിയായ സുതനോടരുളീടുക-എങ്ങുംപുകൾ

---

ക്കാത്തതിനാൽ പള്ളി ബലമായി തുറന്നു കൂടെപോയിരുന്ന ദൂരസ്ഥന്മാരായ ഏതാനും പുത്തൻകൂറ്റുകാർക്കു കൈവശപ്പെടുത്തി കൊടുത്തു. പള്ളിക്കാർ ഉടനെ കൊല്ലത്തുചെന്ന് മേലധികാരികളെ ബോധിപ്പിച്ചതിൽ അനുകൂലമായ യാതൊരു തീരുമാനവുമുണ്ടാകാഞ്ഞതിനാൽ തിരിച്ചുവന്നു പള്ളിയുടെ വാതൽ കൗശലത്തിൽ അകത്തുണ്ടായിരുന്ന പുത്തൻകൂറ്റുകാരെക്കൊണ്ടു തുറപ്പിക്കുകയും ഉടനെ എല്ലാവരുംകൂടി അകത്തു പ്രവേശിച്ചു അവിടെ താമസിച്ചിരുന്ന രണ്ടുമൂന്നു കത്തങ്ങളെയും ഏതാനും ജനങ്ങളെയും ഓടിക്കയും ചെയ്തു. ഓടിപ്പോയവർ ഉടനെ കോട്ടയത്തെത്തി വിവരമറിയിക്കയിൽ അവിടെയുണ്ടായിരുന്ന മിഷനറിമാർ, ചങ്ങനാശ്ശേരിയിലെ പഴയ കൂറ്റു മാപ്പിളമാർ ബലമായി പള്ളിയിൽ പ്രവേശിച്ചുകൊണ്ടു യുദ്ധത്തിനു കോപ്പുകൂട്ടിവരുന്നെന്നും അതിനാൽ ഉടനെ അവരെ പിടിച്ചു ബന്ധനത്തിലാക്കണമെന്നും മറ്റും റസിഡണ്ടാദിയായവർക്ക് എഴുതി അയച്ചു. അതനുസരിച്ച് മേലുദ്യോഗസ്ഥന്മാർ, പട്ടാളക്കാർ മുതലായവർ സ്ഥലത്തെത്തിയപ്പോൾ പള്ളിയടച്ചിട്ടുകൊണ്ടു ചില വൈദികന്മാരും ജനങ്ങളും ഭക്തിപൂർവ്വം നമസ്ക്കരിച്ചുകൊണ്ടിരുന്നതായി കണ്ടതല്ലാതെ മിഷനറിമാരുടെ അറിയിപ്പും പ്രകാരംമറ്റൊന്നും കണ്ടില്ല. ഈ സമയം അവിടെ എത്തിയിരുന്ന കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോറച്ചൻ മുഖാന്തിരം പള്ളി തുറപ്പിക്കയും ബഹു. കണ്ടങ്കരി ഫീലിപ്പോസു കത്തനാരു മുതലായി ഏതാനും വൈദികരെയും ജനങ്ങളെയും പിടിച്ചുകൊല്ലത്തു കൊണ്ടുപോയി ബന്ധനത്തിലാക്കുകയും ചെയ്തു. അന്നു കൊല്ലത്തെ പട്ടാളം കമാനാപ്പസരുടെ മദാമ്മ ഒരു റോമൻ കത്തോലിക്കാക്കാരിയായിരുന്നതിനാൽ അവർ ദിവസവും കാലത്തു കൊല്ലത്തുയത്തുപള്ളിയിൽ പോയി വി.കുർബാന കാണുക പതിവായിരുന്നു. ഒരു ദിവസം പള്ളിയിൽവച്ചു ജാഞ്ചികണക്കൻ എന്നൊരാൾ ചങ്ങനാശ്ശേരിപ്പള്ളിക്കാർക്കു നേരിട്ടിരിക്കുന്ന സങ്കടത്തെക്കുറിച്ചും അവിടുത്തെ പട്ടക്കാരെയും ജനങ്ങളെയും അന്യായമായി തടവിൽ പാർപ്പിച്ചിരിക്കുന്നതിനെപ്പറ്റിയും മറ്റും വിസ്തരിച്ചു പറഞ്ഞു മദാമ്മയെ മനസ്സിലാക്കി. മദാമ്മ ബംഗ്ലാവിൽ എത്തിയ ഉടനെ സായിപ്പുമായി വലിയ കലശലുകൾ കൂട്ടുകയും ഇതിനു തീരുമാനമുണ്ടാക്കാത്തപക്ഷം അവർ ഒരുമിച്ചു താമ

സിക്കുന്നതല്ലെന്നു പറയുകയും ചെയ്കയാൽ റസിഡണ്ടു സായ്പു ഇവിടെ ഉടമ്പടിക്കു വിരോധമായി ചെയ്ത അനീതികളെയും അക്രമങ്ങളെയും മറ്റും പറ്റി വിവരമായി കമാനാപ്സർ മദ്രാസു ഗവൺമെന്റിലേയ്ക്കു എഴുതി അയയ്ക്കുകയും മൺട്രോസായ്പിനെ അവിടെനിന്നു തിരിയെ വിളിപ്പിച്ചു പകരം നൂവാൽ സായ്പിനെ റസിഡണ്ടായി നിശ്ചയിക്കുകയും പള്ളി പഴയ കൂറ്റുകാരുടെ കൈവശത്തിലാക്കിക്കൊടുക്കുകയും ചെയ്തു. ഈ തീരുമാനം മറ്റു മൂന്നു പള്ളികളെയും സംബന്ധിക്കുന്നതിനാണ് ന്യായം. ചങ്ങനാശ്ശേരിക്കാരുടെ ഈ ബാദ്ധ്യതമൂലമാണ് ആലപ്പുഴ പള്ളിയിലോട്ട് ആരും പോകാതിരുന്നത്. മറ്റു രണ്ടു പള്ളികളിൽ രണ്ടു കൂട്ടക്കാരുംകൂടി നടന്നുവന്നിരുന്നതുകൊണ്ടോ എന്തോ പഴയ കൂറ്റുകാർ വേറെ പള്ളിവച്ചു നടന്നു വരികയാണല്ലോ ചെയ്യുന്നത്.

തിരുവനന്തപുരത്തു റസിഡൻസി മാനേജരായിരുന്ന മിസ്റ്റർ ആഗുർ ബിഏ 1903-ൽ മദ്രാസിൽ എസ്.പി.എസ്. പ്രസിൽ അച്ചടിപ്പിച്ച (Church History of Travancore) "തിരുവിതാംകോട്ടേപള്ളി ചരിത്രം" എന്നു പേരായി ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകത്തിൽ 19-ാം അപ്പന്റക്സിന്റെ 3-ാം പേജിൽ "കൊല്ലം 994 മകരം 22-ാം തീയതി തിരുവിതാംകൂർ മഹാറാണി പ്രസിദ്ധപ്പെടുത്തിയ ഒരു വിളംബരത്തിൽ കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, പറവൂർ ഈ സ്ഥലങ്ങളിലെ പള്ളികൾ റോമൻ കത്തോലിക്കാ സമൂഹത്തിന്റെ സ്വന്തനടത്തയ്ക്ക് വിട്ടിരിക്കുന്നതായി" പ്രസ്താവിച്ചിരുന്നു. പിറവം എന്നു വരേണ്ടത് തെറ്റിദ്ധരിച്ച് പറവൂർ ആയിപ്പോയതായിരിക്കാം. എന്നാൽ കോട്ടയത്തും പിറവത്തുമുള്ള പഴയകൂറ്റുകാർ എന്തോ വേറെ പള്ളി വച്ചു നടന്നു വരികയാണ്. മേൽ 110 ഉം 117 ഉം പുറങ്ങളിൽ കാണിച്ചിരിക്കുന്നതുപോലെ അവർക്ക് യാതൊരവകാശവും ലഭിച്ചിട്ടുമില്ല.

മേൽപറയപ്പെട്ട കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരായിരുന്ന പോർട്ടുഗീസുകാരനും ദോമിനിങ്കോസു സഭക്കാരനുമായിരുന്ന പ്രെ പൗൾ തോമസ് എന്ന ദേഹം പിന്നീട് കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയും തന്റെ ആസ്ഥാനം ചങ്ങനാശ്ശേരിയിൽ ആക്കുകയും അവിടെ ഇപ്പോൾ പള്ളിയോടു ചേർന്നു കാണുന്ന മേട അദ്ദേഹത്താൽ തന്റെ അരമനയായി പണിയിക്കപ്പെടുകയും ചെയ്തു. 1823 ൽ അദ്ദേഹം കൊല്ലത്ത് ഓലിക്കരവച്ചു കാലം ചെയ്കയാൽ ചങ്ങനാശ്ശേരിക്കാർ വഴക്കു പറഞ്ഞ് അവിടെനിന്ന് അദ്ദേഹത്തിന്റെ പ്രേതം ചങ്ങനാശ്ശേരിയിൽ കൊണ്ടുവന്ന് അടക്കുകയും അദ്ദേഹത്തിന്റെ സ്മാരകമായി ഒരു കല്ലു സ്ഥാപിക്കുകയും ചെയ്തു.

1704-ൽ ബാബേലിൽനിന്നുവന്ന മാർ ഗൗറിയേൽ എന്നു പേരായ ഒരു കത്തോലിക്ക മെത്രാൻ കുറെനാൾ ചങ്ങനാശ്ശേരിയിൽ താമസിച്ചിരുന്നതായും അവിടെ പള്ളിക്കു സമീപം അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തിന് ഇപ്പോഴും മെത്രാമ്പറമ്പ് എന്ന പേർ പറഞ്ഞു വരുന്നതായും അറിയുന്നു ചങ്ങനാശേരിപ്പള്ളി പുതിയ രീതിയിൽ പണിചെയ്യിച്ച് 1887 ൽ മൂന്നു മെത്രാന്മാരാൽ അഭിഷേകം ചെയ്യപ്പെട്ടിട്ടുണ്ട്.

കോട്ടയം മിസത്തിന്റെ വികാരി അപ്പസ്തോലിക്ക ആയിരുന്ന ലവീഞ്ഞു മെത്രാനവർകൾ ഒടുവിൽ തന്റെ വാസസ്ഥലം ചങ്ങനാശേരിയിലാക്കുകയും അവിടെ അരമന, സ്കൂൾ മുതലായവ പണിയിപ്പിക്കയും ചെയ്തു. 1896-ൽ സുറിയാനിക്കാർക്ക് മൂന്നു മിസങ്ങൾ ഉണ്ടായപ്പോൾ തെക്കെ മിസത്തിന്റെ ആസ്ഥാനം ചങ്ങനാശേരി ആയിത്തീരുകയാൽ ചങ്ങനാശേരി മിസത്തിന്റെ ആദ്യവികാരി അപ്പസ്തോലിക്കാ ആയ മാക്കീൽ മാർ തോമ്മാ മത്തായി മെത്രാൻ അവർകൾ അവിടെ താമസിച്ചുവരുന്നു. ചങ്ങനാശേരി മിസത്തിലെ ഇപ്പോഴത്തെ വടക്കുംഭാഗ വികാരി ജനറാളായ വന്ദ്യ ദിവ്യശ്രീ കണ്ടങ്കരി കുറിയാക്കോസു കത്തനാർ അവർകൾ മേല്പറഞ്ഞ പീലിപ്പോസു കത്തനാർ അവർകളുടെ അനന്തരവനാണ്.

# കോട്ടയത്തു ചെറിയപള്ളിയുടെ പാട്ട്

ആലാഹാനായനരുളപ്പാടാൽ
ആകാശവും ഭൂമിയുമുണ്ടായ് വന്നു
ആയതിൽ വേണ്ടുന്ന വസ്തുക്കളെല്ലാം
ആകയാലഞ്ചുനാൾക്കഴകതായി
ആറാംന്നാളാലാഹാതൃക്കയ്യാലെ
ആദംസായെന്ന മണ്ണെടുത്ത്
ആരൂപിയായവൻ തന്നെപ്പോലെ
ആദത്തെ സൃഷ്ടിച്ചുവച്ചശേഷം
ആധാരമായോരവ്വായേയും
ആദത്തിൽനിന്നു വശംവരുത്തി
ആദനിൽച്ചേരാം പറുദീസായിൽ
ആദരാൽ കൈക്കൊണ്ടു കുടിയിരുത്തി
ആകെയടുക്കമേ കീഴടക്കി
അൻപിനോടെ നിങ്ങൾ വാഴ്വിനെന്ന്
അൻപുചെയ്തൻപേരിൽ മുൻപനായോൻ
ആലമെല്ലാമുടൻ തമ്പുരാനെ.

(രണ്ടാം പാദം)

തമ്പുരാനെന്നൊരു വിൻപിനുനേരെ
തുമ്പം വരുത്തുവാനാകൽക്കറുന്നു
തൻകോലം മാറിച്ചമഞ്ഞൊരു സർപ്പം
തന്നിലായവത്തടുന്നവ്വായോട്

---

ചങ്ങനാശേരി മിസത്തിൽ ഇപ്പോൾ 100 ഇടവകപ്പള്ളികളും അൻപതിൽപരം കുരിശുപള്ളികളും ഉള്ളത് ഏഴ് ഫൊറോനാ പള്ളികളുടെ കീഴായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഇവ ചങ്ങനാശ്ശേരി, കല്ലൂർക്കാട്, കോട്ടയം, കടുത്തുരുത്തി (വലിയപള്ളി), മുട്ടുചിറ, പാലാ, ഭരണങ്ങാനം എന്ന സ്ഥലങ്ങളിലെ പള്ളികളാണ്.

ചങ്ങനാശേരിയിലെ മുഹമ്മദീയർ കീഴ്പതിവിനെ ധിക്കരിച്ചു ചങ്ങനാശേരി പ്പള്ളിയുടെ മുൻവശത്തുകൂടി തങ്ങളുടെ ചന്ദനക്കുടഘോഷയാത്ര നടത്തുന്നതിന് ശ്രമിച്ചതിൽ ക്രിസ്ത്യാനികൾ എതിർത്ത് അവരെ തിരിയെ ഓടിക്കയാൽ ഇതേപ്പറ്റി വ്യവഹാരമുണ്ടായി. മേലാൽ കീഴ്പതിവിനെ ധിക്കരിച്ച് ചന്ദനക്കുടം പള്ളിവാതിൽക്കൽ കൂടി എടുത്തുകൂടാ എന്ന് അഞ്ചാറു വർഷം മുൻപ് വിധിയുണ്ടായിട്ടുള്ളതും 1908-ൽ ചങ്ങനാശേരി പള്ളിക്കാർ ഒരു കഴുന്ന് പ്രദക്ഷിണം നടത്തുന്നതിന് വട്ടം കൂടിയിരിക്കുന്ന സമയം ആറൻമുളക്കാരൻ പുഞ്ചമണ്ണിൽ മാമ്മൻ എന്നു പേരായ ഒരു നവീകരണ ഉപദേശിയും കൂട്ടരും പ്രസംഗം നടത്തുവാൻ വന്നപ്പോൾ മേല്പറഞ്ഞയാളെയും മറ്റും അവിടെ നിന്നോടിച്ചതു പ്രസ്താവയോഗ്യമാണ്.

താശിയാൽ പേശിപ്പറഞ്ഞിളതാക്കി
താമസംകൂടാതെ ആദവുമപ്പോൾ
തൻതുണചൊൽ കേട്ടളതായ്വന്നു
താണവരായ് വന്നവരിപ്പിഴമൂലം
സങ്കടം പൂണ്ടവർ മക്കളുമൊക്ക
താപം മുതൃന്നിങ്ങു കാലം പലതും
തായോടു തന്മക്കൾ കരയുംപോലെ
ധരണിതന്നിൽ വസിക്കുന്നവരും
ധരിത്രിയുള്ളിലിരിക്കുന്നവരും
തങ്ങൾക്കു തങ്ങൾ ചേരും പരിശെ
സാക്ഷിപെട്ടെങ്ങു നിറഞ്ഞവനോടു
സന്തതം ചിന്തിച്ചാരെഴുതീവണ്ണം.

(മൂന്നാം പാദം)

കനിയും മനസാൽ നിറഞ്ഞൊരു ബാവാ
കടവും പിഴകളും നിറഞ്ഞിതാ ഞങ്ങൾ
കടിയദിവ്യാളന്മാർക്കടിയാരായ്
കവർച്ചയിൽ വീണു മുഴങ്ങും മുൻപെ
കരക്കൊൾകവേണമിതൊരുനാൾമുന്നെ
കണക്കുതികഞ്ഞുവന്നണയുംകാലം
കരുണനിനച്ചിതിനുതകീടണം
കലഹമൊഴിഞ്ഞിങ്ങു കാണാകവേണം
അന്നന്നിതിങ്ങനെയറുതികൂടാതെ
അലയും അടിയാരെ കണ്ടിതു നായൻ
അരിശമിളച്ചുനൽവഴിപാടെണ്ണി
ആദിയിൽ മുമ്പവുറാഹമോട്
അതിരുതിരിച്ചിതെ പറുദീസായിൽ
അരുൾചെയ്തുതകിയ വിധികൾ പത്ത്
ആയതിലൊഴിയാതെ പിഴയിതൊന്ന്.

(നാലാം പാദം)

ഇപ്പിഴപോകാതെ നിന്നകാലം
അയ്യായിരത്തിന്മീതെ നാലുനൂറ്
ഈവണ്ണം തൊണ്ണൂറ്റൊന്നൊത്തകാലം
തല്പാദതാശീയാലീശോമിശിഹാ
ഈലോകംതന്നിൽ പിറന്നവനും
ഈശോയെന്നായവർ കേട്ടനേരം
ഇമ്പത്താലാറഞ്ചുകാലം
നല്ലോരു മാസം മകരമാറിൽ

ഈടേറ്റം ചെയ്തോരു മാമ്മോദീസാ
കൈക്കൊണ്ടു യോഹന്നാൻ കയ്യാൽപിന്നെ
ഇഷ്ടത്താലെ തന്റെ ശ്ളീഹന്മാരും
താനുമായി മാർഗ്ഗം നടത്തുന്ന നാളിൽ
ഇമ്മാർഗ്ഗം നേരല്ലെന്നായ് യൂദർ
ഒത്തു കുരിശിന്മേൽ തൂക്കി തന്നെ
ഈ വണ്ണം ഖലന്മാർ ചെയ്തായവാറെ
ഉയിർത്തു മൂന്നാംനാൾ മാനം ചേർന്ന്
ഇമ്മാനം ചേർന്നൊരമ്മാനുയേൽ താൻ
നന്മയോടു റൂഹായിറക്കിയിങ്ങു
ചെമ്മേ വരുത്തി ഇരുത്തി തന്റെ
വിശ്വാസമുള്ള ജനങ്ങൾക്കെല്ലാം
ചേർച്ചയാലാർത്തിയൊഴിച്ചുകൊണ്ട്
കീർത്തിയോടങ്ങു നടക്കവേണ്ടി
ചെൽവമേറീടുന്നുരന്ത്യോഖ്യായും
ജന്മമാം വഗുദാശി റോമ്മായിലും
ചേലേറിനായൻ പിറന്ന കിനാനും
ചേർന്നുള്ള ദിക്കുകളൊക്കെയിലും
ചെന്നങ്ങു നന്നായി നാടുതോറും
മാർഗ്ഗം വിധിച്ച വിധികൾ പോലെ
ചേരകോൻ നാടായ മലയാളവും
ചോഴൻ വാഴുന്ന മൈലാപ്പൂരും
ചെമ്മയാൽതൊട്ടതിൽ പകപ്പൊഴിഞ്ഞു
തോമ്മാ താൻ തന്നെ അടുത്തുവന്നു.

(അഞ്ചാം പാദം)

വന്ന ദിവ്യന്മാറാൻ കാലമഞ്ചിൽ പത്തോടൊന്നു രണ്ടീല്
വച്ചപള്ളിയടക്കമേഴിലടുത്തതും പുനൻ നാലല്ലോ
വൻപുയർന്ന കൊടുങ്ങല്ലൂരടുത്ത കോക്കമംഗലം
വർദ്ധിപ്പേറുമിടപ്പള്ളിയോടടുത്ത കൊട്ടക്കായലും
എന്നിതെന്നിവയുള്ള മൂന്നുന്നാലും നന്നായി നിന്നനാൾ
എന്തു പേകൾ നിറഞ്ഞന്തരാളമായി മാണിക്കവാശരാൽ
ഏകനതുകണ്ടു തിരുവുള്ളം ചെയ്ത തോമ്മാ തന്നോട്
ഉറ്റജനമുള്ളിൽ തോന്നുവാനത്തൽതീർത്തു നല്ലനാൾ
ഉയിരുവെടിഞ്ഞുള്ളവരുപോലെയുള്ളിലുറച്ചായവർ
ഉത്തമനീശോ കവറുങ്കൽകൂടി ചെന്നവർ കുമ്പിട്ടു
ഉയിരിനുടയവൻ ഞങ്ങളെ കാത്തുകൊള്ളുകെന്നൊക്കെയും
ഒത്തു നിലനിന്നതാവഴിക്കൂട്ടം മുറയാലൊക്കെയും
ഓടിയണഞ്ഞു വന്നാകുലം എന്നിൽ ചെന്നു തഴുകുന്നിതേ
ഏതും മടിയെന്യേയായകൂട്ടം കപ്പലേറുന്നു.

(ആറാം പാദം)

ഓടി വരുന്ന കപ്പൽ കൊടുങ്ങല്ലൂരു നേരേയണഞ്ഞോരുകാല
ഒന്മയും നന്മയും താനായവൻ തന്റെ മുന്നൂറ്റിനല്പതോടഞ്ചിൽ
നന്നായി തരുതായ്ക്കൾ വന്നതും നിന്നതും കൂടി ഒരിമ്പെട്ടവാറെ
ഒത്തുനിരൂപിച്ചു ചെന്നവർ ചേർച്ചയാൽ ചേരകോൻ തൻ തിരുമുമ്പിൽ
വച്ചിതു കാഴ്ചയിലിശ്ചവരുമ്മണം ചെപ്പേടെഴുതിച്ചുകൊണ്ട്
വച്ചോരുപള്ളി വലത്തിടത്തുമ്മാറ്റൻ പട്ടണമാകെച്ചമച്ചു
വാഴ്വാലെ നാനൂറ്റെഴുപത്തുരണ്ടും കൂടെ കൂടി പുക്കവാറെ
വൻപുപുലർന്നു കഴിഞ്ഞൊരു ബന്ധം കൊണ്ടവിടം വേർ പിരിഞ്ഞു
താൻതാൻ നിനച്ചപോൽ ചെന്നിതാ പുക്കവരോരൊ നാടുകൾതോറും
താശിയാൽ മുമ്പുള്ള പള്ളികൾ ചേരെ ചെന്നായവരുണ്ടു പലരും
സങ്കടം കൊണ്ടിട്ടും സന്തോഷമേറീട്ടും തീരുന്നു പള്ളികൾ വേറെ
സന്തതമെന്നിയെ ഒന്നിനാൽ പണിതു കോട്ടയകമേമരുവും
പള്ളി ചമച്ചതിൽ കാരണമവുസേപ്പുകത്തനാർ നാമമമേന്നൂർ
പരിശോടടുത്തുള്ള വീടുകൾ മൂന്നുംകൂടി ഒരിമ്പെട്ട നാളിൽ
പാർത്തിരിയാതെ നമുക്കിനി വേറൊരുപള്ളി ചമയ്ക്കണമെന്ന്
പകലോനു ശരിയായ വീരഭമേറുന്ന വീരനിൽ വീരനരേന്ദ്രൻ
ഭാഗ്യവതി കോതവർമ്മൻ തിരുനാമം കേരളമെങ്ങും വിളങ്ങും
പൗരുഷരാജൻ തിരുമുമ്പിൽ കാണിക്കവെച്ചടയാളവും വാങ്ങി
പരദേശി സുറിയായ മാറൌറാഹം തന്നോടനുവാദം കേട്ടു
പരിശോടടുത്തുള്ള കൊല്ലമെഴുന്നൂറ്റിയമ്പത്തുനാലായ കാലം
മകരമൊരാറിൽ പതിമൂന്നാം വ്യാഴംനാൾ ഈ ലോകം
പാലിക്കും കന്നി
കന്നിമറിയം നിലയായി നില്പാൻ പള്ളി ചമഞ്ഞതിൽ കാഴ്ച.

(ഏഴാം പാദം)

നാമം നല്ല കോട്ടയം നഗരം വേളൂർകര തന്നിൽ
നന്മക്കിമ്പം ചേരുമ്പോലെ കുരിശുംവെച്ചു കുറുബാന
പട്ടക്കാരൻ കുമ്പിട്ടേകാൽ മിശിഹാ തന്റെ തിരുനാമം
പരിപാലിക്കും ശമ്മാശന്മാർ അൻപാൽ നല്ല തരുതായ്ക്കൾ
ശുദ്ധമായ പള്ളി തന്റെ ശുദ്ധമായതു മാർ സ്ലീബാ
ശുദ്ധമായ നേരത്തുങ്കൽ വന്ദിച്ചേവരുമൊന്നിച്ച്
ചിത്രമേറും മേക്കട്ടിയും ചിതമായ് നല്ല മെഴുവട്ടം
ചിത്രമെത്ര കൂട്ടം വാദ്യം ചിത്രമാലയും വെടിയുണ്ട്
കൊമ്പും കാളം താളം ചിന്നം ചീനക്കുഴലൊടു വെണ്മയില്
കൊടിയും സ്ലീബാ കോപ്പാലൊക്കെ തേരുവിലാസി വന്നിങ്ങു

ഘോഷത്തോടെ പള്ളി പുകിന്നു കാഴ്ചവച്ചു തിരുമുമ്പിൽ
കോട്ടയകത്തു പള്ളിക്കേതു പള്ളിയൊള്ളു ശരിചൊൽവാൻ
കണ്ടാലധികം പെരികെത്തോന്നും പള്ളിയൊണ്ടുച്ചേരവെ
കണ്ണിന്നിണ ചേർന്നതുപോലെ നിലയായ് നിൽക്കുന്നിതു രണ്ടും
മറ്റുംകൂടെ കാണായ്‌വന്നു തുണയായി രണ്ടുപള്ളികൾ
നാമം ചേരും നാട്ടിൽ പോരും മണിയർകാടു പുതുപ്പള്ളി
എന്നിവ നാലിൽ മരുവും മറിയം ഉമ്മാനാമം പാടുമ്പോൾ
എല്ലാ വിനയും തീരും പിന്നെ ചൊല്ലാ മോക്ഷപുരിക്കായോർ
നദി നാലാലെ പറുദീസായും നന്നായി ശീതളമാകുന്നു
നന്നായി മാർഗ്ഗം നാലറിയിപ്പു ഭൂമിതെങ്ങും വീശുന്നു
മാർഗ്ഗം ഭൂമിയിലെല്ലാടത്തും മതിയായ് വന്നിതു നാലാലെ
നാലാൽ മുന്നം നായനു നമ്മെ കാർത്തപോലിതു നാലാലെ
നഗരം കാണ്മാൻ നേർവഴി കൂട്ടിക്കൊള്ളുമ്മാനൻപോലെ
ഇഷ്ടമായ തരുതായ്ക്കൾ മാതാവാകാം കന്യാസ്ത്രീ
ഈശോനാഥൻ തന്റെ ഉമ്മ കാവലാകും ഞങ്ങൾക്ക്
ഇന്നുമിനിമേലിൽ വാഴും നസ്രാണികൾക്കൊക്കെയ്ക്കും
ഇഷ്ടമേറും നിന്റെ നാമം ചൊല്ലിപ്പാടി എപ്പോഴും
ഉത്തമന്റെ തിരുവുള്ളം വാണു കൊൾവാൻ പരലോകെ
ഊറ്റമേറും ബലസൂവിന്റെ കാറ്റും മുന്നൽ ഏല്ക്കാതെ
പെറ്റതായും പിള്ളപോലെ ഉറ്റതാകും മാലാഖാ
പാരിൽ പോരും താനും ചേരും അന്നുമിന്നുമെന്നുമേ*

---

* കോട്ടയത്തതു ചെറിയപള്ളി, വലിയപള്ളിയിൽ നിന്നു പിരിഞ്ഞു ദൈവമാതാവിന്റെ നാമത്തിൽ കൊല്ലം 754-ൽ ക്രി.വ.1579-ാം കാലം അന്നു സുറിയാനിക്കാരെ ഭരിച്ചിരുന്ന മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി സ്ഥാപിക്കപ്പെട്ടു. 1562-ൽ 4-ാം പീയൂസ് മാർപാപ്പായാൽ ബാബേലിലെ പാത്രിയർക്കീസായി സ്വീകരിക്കപ്പെട്ടിട്ടുള്ള 4-ാമത്തെ അബ്ദീശോ എന്ന ദേഹത്താൽ മാർ അബ്രഹാം മെത്രാപ്പോലീത്താ ബാബേലിൽനിന്ന് മലയാളത്തെ മെത്രാനായി അയയ്ക്കപ്പെടുകയും അന്ന് ഇവിടെയുണ്ടായിരുന്ന പോർച്ചുഗീസുകാർ മൂലം ഇദ്ദേഹത്തിന്റെ ഭരണത്തിന് തടസ്സം നേരിടുകയാൽ ഇദ്ദേഹം ബാബേലിൽപോയി പാത്രിയർക്കീസിന്റെ എഴുത്ത് സഹിതം 4-ാം പീയൂസ് മാർപാപ്പായെ കണ്ട് മേലാൽ തടസ്സം ഉണ്ടാകാതിരിക്കുന്നതിനായി ഗോവാ വൈസ്രോയിക്കും ഗോവ മെത്രാപ്പോലീത്തായ്ക്കും കൊച്ചി മെത്രാനും കൊടുക്കുന്നതിനായി 1565-ൽ ഓരോ തിരുവെഴുത്തുകൾ വാങ്ങി മലയാളത്തു തിരിച്ചു വന്ന് വീണ്ടും സുറിയാനിക്കാരെ ഭരിക്കുകയും പോർട്ടുഗീസുകാരുടെ ഉപദ്രവങ്ങളെ പിന്നെയും സഹിച്ചുകൊണ്ട് 1597-ാം കാലംവരെ കത്തോലിക്കാ വിശ്വാസത്തിൽ വളരെ തീക്ഷ്ണതയുള്ള ആളായി ജീവിച്ച് അങ്കമാലി പള്ളിയിൽവച്ച് കാലം ചെയ്ത് അവിടെ അടക്കപ്പെടുകയും ചെയ്തു. ഇദ്ദേഹവും ചങ്ങനാശ്ശേരി പള്ളിയുടെ നോട്ടിൽ പറഞ്ഞിരിക്കുന്ന മാർ ഗൗറിയേൽ മെത്രാപ്പോലീത്താ അവർകളും നെസ്തോറീസുകാരാണെന്ന് ചിലർ പറയുന്നത് വെറും കെട്ടുകഥകൾ മാത്രമാണെന്ന് പല ലക്ഷ്യ

# പുതുപ്പള്ളിപ്പള്ളിയുടെ പാട്ട്

ആലാഹാനാഥനനുഗ്രഹത്താൽ
ആദിയേയുള്ള വിശേഷം ചൊൽവാൻ
ആലാഹാപുത്തിരൻ തമ്പുരാനും
അനുകൂലവാരിധേ റൂഹാതാനും
അമ്മയാം കന്നിമറിയം താനും
ആദരീലീരാറു ശ്ളീഹന്മാരും
ആധാരമായ് മറ്റു പുണ്യവാളരും
അൻപോടിതിന്നു തുണച്ചീടണം
ആദിയുമന്തവുമില്ലാതവൻ
ആലാഹാതമ്പുരാൻ തന്നാൽത്താനായ്
അറ്റമില്ലാതുള്ള വെള്ളത്തിന്റെ
ആഴത്തിന്നുള്ളൊരു ഭാഗത്തുമ്മേൽ
ആഞ്ചുകൾ കൂട്ടത്തെ നിർമ്മിച്ചാറെ
അല്ലും വെളിവും തിരിച്ചരുളി
അൻപോടെ ബാവാ തിരുവുള്ളമാം.

(രണ്ടാം പാദം)

ആദിപെരിയവനൊന്നാംന്നാളിൽ
ആകാശം ഭൂമിയും സൃഷ്ടിച്ചാറെ
ആകാശത്തട്ടുകൾ റൂഹായാലെ
അഴകായ് തിരിച്ചിതുരണ്ടാന്നാളിൽ

---

ങ്ങൾകൊണ്ട് തെളിഞ്ഞിരിക്കുന്നു. മേൽപറഞ്ഞ ഗൗറിയേൽ മെത്രാപ്പോലീത്താ അവർകൾ തന്റെ അവസാനകാലം ചെറിയപള്ളിയിൽ വന്നു താമസിച്ചു മരിച്ച് ഇവിടെ അടക്കപ്പെടുകയും ഇദ്ദേഹത്തിന്റെ ശ്രാദ്ധം കുറെക്കാലം മുമ്പുവരെ പ്രസ്തുത പള്ളിക്കാരാൽ വളരെ ആഘോഷപൂർവ്വം നടത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

കോട്ടയത്തു വലിയപള്ളിയിൽനിന്ന് പിരിഞ്ഞുവച്ച ഈ ചെറിയപള്ളി വലിയപള്ളിയെക്കാൾ വലുതാണെങ്കിലും ആദ്യകാലം മുതലെ ഇതിനു ചെറിയപള്ളിയെന്നാണ് പേർ പറഞ്ഞു വരുന്നത്. ഇതു കത്തോലിക്കാ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതിന് ഇപ്പോൾ ഈ പള്ളിയിൽ കാണുന്ന പല ലക്ഷ്യങ്ങളും സാക്ഷികളാണ്.

വടക്കുംഭാഗരിൽ പുത്തൻകൂറ്റുകാരുടെ കൈവശമിരിക്കുന്ന ഈ പള്ളിയിൽ 1874 മുതൽ ബാവാകക്ഷിയെന്നും മെത്രാൻകക്ഷിയെന്നും രണ്ടുഭാഗം ഉണ്ടാക്കുകയും പള്ളി അന്നു ശക്തന്മാരായിരുന്ന മെത്രാൻ കക്ഷികളുടെ കൈവശമായിത്തീരുകയാൽ ബാവാകക്ഷികൾ ഹൈക്കോർട്ടുവരെ വ്യവഹാരം നടത്തി തങ്ങൾക്കു ഗുണമായ വിധി സമ്പാദിക്കുകയും 1902-ൽ ഇതു തങ്ങളുടെ കൈവശത്തിലായിത്തീരുകയും ചെയ്തു.

അറിവുള്ള വൃക്ഷപുഷ്പാദികളും
അരുൾപോലെയുണ്ടായ് മൂന്നാം നാളിൽ
ആദിത്യ ചന്ദ്രചരാദികളും
ആകാശെ കണ്ടിതു നാലാന്നാളിൽ
അരൂപിയായോന്റെ ഏകലാലെ
അങ്ങനെതന്നെ മൃഗങ്ങളെല്ലാം
ആകെയും കാണാമിതഞ്ചാം നാളിൽ
ആണ്ടവൻ തന്നെപ്പോൽ മണ്ണുകൊണ്ടു
ആദത്തെ സൃഷ്ടിച്ചിതാറാന്നാളിൽ
അസ്ഥികൊണ്ടവ്വായെ നിർമ്മിച്ചാറെ
ആദനിൽകൊണ്ടെയിരുത്തിപിന്നെ
അൻപോടെ വേണ്ടും ഗുണദോഷങ്ങൾ
അന്നവനോടു അരുൾചെയ്തു നായൻ
ആകെയുടയവനേഴാന്നാളിൽ
അഴകോടെ കണ്ടങ്ങിരുന്നരുളി.

(മൂന്നാം പാദം)

തമ്പുരാൻ തന്റെയരുൾപോലെയാദവും
തന്നുടെ ഭാര്യയുമായി വാണിടുമ്പോൾ
ദുഷ്ടനാകൽക്കറുസാ ഹവ്വായോട്
ഇഷ്ടമാം വാക്കുകൾ ചൊന്നതുകേട്ടപ്പോൾ
ഒട്ടും മടിക്കാതെ പേക്കനി തിന്നുടൻ
വിട്ടിതു മോക്ഷസ്ഥലത്തീന്നു പോന്നാറെ
കഷ്ടമായുള്ള സ്ഥലംപുക്കതുനേരം
നഷ്ടമായി ഭാഗ്യവും സൗഖ്യവുമതുമൂലം
ഇഷ്ടമായി ദൈവത്തെ സേവിച്ചു കേണാറെ
കേട്ടരുൾചെയ്തുടയവനവരോട്
കേടുകൾ തീർത്തു ഞാൻ രക്ഷിച്ചുകൊൾവേൻ
ആദത്തിൻ പുത്രരായി മൂന്നുപേരുണ്ടായി
ആയതിൽ മൂത്തവൻ തമ്പിയെ കൊന്നാറെ
മൂന്നാമൻ ശേതിന്റെ താവഴിക്കൂട്ടത്തിൽ
ഒന്നായ് പിരാക്കേറ്റ കായന്റെ വർഗ്ഗവും
കൂടിപ്പെരുകിയ കാരണം തമ്പുരാൻ
പാടെ മുടിപ്പാൻ തുനിഞ്ഞിതു ഭൂമിയെ
ഉണ്ടായോരാദത്തിൻ കാലമതിൻകാലം
രണ്ടായിരത്തിമൂന്നൂറ്റിതൊണ്ണൂറ്റൊന്നിൽ
ഒക്കെ മുടിച്ചു വെള്ളത്താലന്നതിൽ
ഓവിയാൽ രക്ഷിച്ചു നോഹിനെയന്നു താൻ
മാനുഷരവനാലെ വർദ്ധിച്ചു ഭൂമിയിൽ

മനുവതിൽ മുഖ്യനായബ്രഹാമുണ്ടായി
അവനോടു വറുഗീസു വേണമെന്നരുൾചെയ്തു
അബ്രഹാം താനും തന്മക്കളും കൈക്കൊണ്ടു
ആയതിൻ മുമ്പു ക്നായേൽ വർഗ്ഗവും
അന്നു തുടങ്ങിയിസ്രായേൽ മാർഗ്ഗവും

(നാലാം പാദം)

അബ്രഹാംതൊട്ടു മിശിഹാവരെയോളം
അഴകായിവന്നിസ്രയെന്നുള്ള മാർഗ്ഗവും
ആദം പിഴച്ചുടനയ്യായിരത്തി
അഞ്ഞൂറ്റിലൊൻപതുപോയ കാലം
മായവൻ കന്നിയിൽ വന്നുളവായി
മാനുഷർക്കുള്ളൊരു ദോഷം തീർപ്പാൻ
ദാവീദുരാജാവിന്റെ ജന്മമാകും
ബേതലം തന്നിൽ പിറന്നു നായൻ
കിഴക്കുനിന്നപ്പോളുദിച്ചുപൊങ്ങി
കീഴിൽ കാണാതൊരു നക്ഷത്രത്തെ
കണ്ടറിഞ്ഞെന്നു പുറപ്പെട്ടിതെ
പൂജരാജാക്കന്മാർ മൂന്നുപേരും
ആദം കരുതിയ കാഴ്ചകളും
ആണ്ടവനന്നവർ കാഴ്ചവെച്ചു
വീണുവണങ്ങി മനോഗുണങ്ങൾ
വാങ്ങിയവർ നടകൊണ്ടു പിന്നെ
മന്നരിൽ മന്നവൻ മുപ്പതാണ്ടിൽ
മാമ്മോദീസാമുങ്ങി ശക്തിയോടെ
ഈരാറുശിഷ്യരും താനുംകൂടെ
ഈലോകമെങ്ങും നടന്നുനന്നായ്
നേരായമാർഗം നടത്തുന്നാളിൽ
നേരല്ലാന്നായവർ യൂദന്മാരും
നിവ്യായിലെഴുതിയ വാചകങ്ങൾ
നിരൂപണകൂടാതെ പൈശൂന്യത്താൽ
തൂയവനായ മിശിഹാതന്നെ
തൂക്കിനാർ യൂദർ കുരിശതിന്മേൽ
മൂന്നാം ദിവസത്തിലുയർത്തു നായൻ
മോക്ഷരാജ്യംചെന്നു പുക്കു ശേഷം
അൻപതാം നാളായ വൻനാളുന്നാൾ
ആകെയുടയവൻ തമ്പുരാനെ
ശിഷ്യരിൽ റൂഹാ തികച്ചരുളി
ചേലോടെ മാർഗ്ഗമറിയിപ്പാനായ്

കേവലമങ്ങനെ ശ്ലീഹന്മാരും
കേട്ടരുൾപോലെ തുടങ്ങി മെയ്യേ
മന്നിലുള്ളവർക്കു മാതൃവതാകിയ കന്യയതിൽ
മാനമോടെ തികച്ചുവാഴ്ച കൊടുത്തിരുത്തി നടന്നവർ.

(അഞ്ചാം പാദം)

മാർഗ്ഗമറിയിപ്പതിന്നു ശിഷ്യജനങ്ങളും
വന്നു മാർഗ്ഗമറിയിപ്പാനിതു മാർത്തോമ്മാൻ മലനാടതിൽ
മാനമോടെ കൊടുത്തു പട്ടവുമങ്ങനെ മരുവുന്നനാൾ
ക്ഷീണമായിതു മാർഗ്ഗമങ്ങറിഞ്ഞും വിധിവശാൽ
ക്ഷീരവും പരിചോടെ തേനുമൊഴുകുന്നാടു കിനാനതിൽ
നിന്നുവന്നു കൊടുങ്ങല്ലൂർദിശി പുക്കു ക്രിസ്തുജനങ്ങളും
നീതിയുടയവനാണ്ടുമൂന്നു ശതത്തിൽ നാല്പതോടഞ്ചിൽ
ചേരകോൻ തൻ തിരുമുമ്പിൽ ചേതസി
തെളിവോടെ കാഴ്ചയെടുത്തു ഭൂമി കൊടുത്തിതെ
വാങ്ങിയന്നവർ വച്ചു പള്ളി നഗരിയുമതിലേറ്റമായി
വന്നു വാണു പുതുപ്പള്ളിയതിലെത്രയുമഴകോടുടൻ
വച്ചു പള്ളിയതിന്റെ വൻപുകളിഛയോടു പുകഴ്ത്തുവാൻ
വാഴുടയവനെ തുണച്ചടിയാർക്കെന്നതിനടി കൂപ്പിനേൻ.

(ആറാം പാദം)

പരിശോടെ വൻപു കലർന്ന പുതുപ്പള്ളിപ്പള്ളി ചമപ്പതിനായി
പാരാതെയാക്കോബും മറ്റുള്ളവർകളുംകൂടി നിരൂപിച്ചു പിന്നെ
ഭൂസുരനായകൻ പുന്നൂർക്കെട്ടമ്പെഴും ഭൂദേവൻ തിരുമുമ്പിൽ
ഭൂമി തെളിവോടെ വച്ചോരു നേരത്തു എടുത്തുടൻ ഭൂമി കൊടുത്തു
വാങ്ങിത്തിരുവെഴുത്തപ്പോഴെ ഭൂമിക്കു പള്ളി ചമപ്പതിന്നായി
വമ്പടതച്ചരിൽ മെച്ചമേറീടുന്ന ശില്പികൾ തന്നെ വരുത്തി
കൊല്ലമൊരെണ്ണൂറ്റിമൂന്നഞ്ചുചെന്നൊരു കുംഭമാസമൊരുരണ്ടിൽ
കേടുവരാതെന്നും നന്മ വരുത്തുവാൻ മേല്പട്ടക്കാരൻ വിധിയാൽ
വച്ചകരിശതിനാലയം കെട്ടിച്ചു കൂദാശചെയ്തഴകോടെ
വാഴുപെരിയോന്റെ മാർസ്ലീബാപ്പള്ളിയെന്നുള്ള നാമവും വീശി
ഇങ്ങിനെയുള്ളൊരു പള്ളിയഴിച്ചതിൽ മംഗലമായ് പണിചെയ്ത
ഇഷ്ടമായേറ്റവും പീലിപ്പോസിൻസുതൻ നാമമവുറാഹം മാത്തു
ഊഴലൊഴിഞ്ഞൊരുബുദ്ധിവിശേഷവാൻ തമ്പുരാൻനിന്നിരന്ന്
ഈലോകരക്ഷ ചെയ്തികുലത്തെ വീണ്ട ഈശോമിശിഹാ കർത്താവേ
മാനമോടെ പലർ ഭാവിച്ചതീലാർക്കും സംഗതിവന്നില്ല മുന്നം
മനഗുണവാരിധേയെല്ലാം തിരുമനസായതുപോലെ നീചെയ്ക
എന്നുള്ള ചിന്തദിനംപ്രതി ചിന്തിച്ചപേക്ഷിച്ചുമേവീടുന്നാകിൽ

ഏകമുടയോന്റെ ഏകലാലെയുള്ളിൽ ഏകാന്തമായെന്നുതോന്നി
ആലസ്യമെന്യേ പട്ടക്കാരൊടു തൻ സോദരനന്തരവരോടും
അൻപൊടുനല്ലയിണങ്ങരുമൊന്നിച്ചു കൂടി നിരൂപിച്ചുറച്ച്
അർത്ഥവുമുണ്ടാക്കി മറ്റുള്ളവർക്കെല്ലാം അല്ലൽതീരുംപടി ചൊല്ലി
ആനന്ദമേറും മുനികുലരത്നമാം മാർ ദീവന്നാസ്യോസ് തന്റെ അനു
വാദമായരുൾ കേട്ടുതെളിവോടെയാകുലമന്യേ തരകൻ
അമ്പൊടു മാർസ്ലീബാപ്പള്ളി പണിയിപ്പാനാനന്ദമോടെ തുടങ്ങി.

(ഏഴാം പാദം)

മൂന്നു ലോകത്തിനും മാതൃവാകും കന്നിമാതാവേ
ഇന്നുനീയിതിന്നു തുണയ്ക്കെന്നു വന്ദിച്ചേറ്റവും
ചിത്രമേറും നൽപണിക്കങ്ങെത്രയും വിരുതേറും
ശില്പികൾ തന്നെ വരുത്തി കല്ലുകളും വെട്ടിച്ചു
തന്റെ കാലമൊരായിരത്തെഴുന്നൂറ്റിമ്മേൽ
മാറാതൻപതോടു വൃശ്ചികമിരുപതിൽ
മാറ്റിൽ മൂന്നുള്ളതിൽ വടക്കു സ്ഥാനം
തെറ്റാത്ത മാറ്റേറും കനകമിട്ടടിസ്ഥാനപടിക്കെല്ലാം
വെട്ടുകല്ലുകൊണ്ടു പണി കട്ടിയിൽ വളർന്നുടൻ
വെണ്മാടം വളച്ചു ഖണ്ഡമിട്ടു വെള്ളപൂശി
തീർത്തുടൻ മുഖവാരവും ചിത്രമായെഴുത്തുകൾ
ചിത്തിര ചീലാന്തി തന്നിലുത്തരമിരുത്തി
നന്മയിൽ വളകപോതകമൊരു വാതിൽ മീതെ
നാട്ടിവെള്ളെഴുത്തുകാലം ചൺമുഖമതിന്മീതെ
വച്ചു ചുറ്റുത്തരമതിൽ വൻകഴുക്കോൽ തന്നിലെ
വാലകൂടമോടിടകലർന്നു പത്തി ഉത്തരം
ചിത്രപട്ടികയും വളതച്ചുടനിടബന്ധം
ചിക്കനെ ബലം വരുത്തി മോന്താഴമതിന്നുമേൽ
ചേലോടെ പട്ടിക തറച്ചുമേഞ്ഞു കുറ തീർത്തു
അർക്കൻ വളവിന്നകത്ത് തീർത്തുവച്ചു ത്രോണോസ്
ആക്കമായഴിക്കകത്തു രണ്ടുപാടും ത്രോണോസ്
മോടിയിൽ നടകെട്ടി മേടകളും തീർത്തുടൻ
മറ്റും പല പള്ളികൾക്കു വേണമെന്നതൊക്കെയും
മാനമോടെയുണ്ടു കാണ്മാനോരോന്നെ നിരൂപിച്ചാൽ
മേടമിരുപത്തുമൂന്നു ചെന്ന പെരുന്നാളതിൽ
കാരുണ്യമേറും മുനിമാർ ദീവന്നാസ്യോസുടൻ
കൂദാശചെയ്തന്നു പള്ളി ശുദ്ധമാക്കിയഴകോടെ
കൊട്ടും തപ്പും മദ്ദളവും കൊമ്പും കുഴൽ വെടി വിരവോടെ
കൂട്ടമിട്ടടിച്ചു മണി പാട്ടും കുരവകൾ പരിശോടെ

കൊടയും കൊടിയും സ്ലീബാമറ്റും കുറകൂടാതൊരു നിറമോടേ
കോട്ടംകൂടാദൂരപ്രദക്ഷണമങ്ങു കഴിച്ചുടനിതമോടെ
പള്ളിപുകിന്തുടയോൻ തിരുമുമ്പിൽ പട്ടക്കാരതിയഴകോടെ
പരിശോടെ കാഴ്ചയണച്ചു പലർക്കും ഗുണമാവാനവരറിവോടെ
ഭക്ഷണമങ്ങുകൊടുത്തതു ലോകർക്കാത്മാവുങ്കൽ തെളിവോടെ
രക്ഷയുടയവനാകിയ മിശിഹാകർത്താവെ നീ കനിവോടെ
സഹദേന്മാർ മണിനീയെന്നരുളിയ മാർ ഗീവറുഗീസൻപോടെ
തുണചെയ്കെന്നു സ്തുതിച്ചു മഹാജനമൊക്കെയുമങ്ങവ നിതമോടെ
അഖില ജനത്തിനുമരുളുകയുമ്മാഗുണമെന്നും നീ നിനവോടെ
അടിമലർ കുമ്പിട്ടിതമൊടുപാടും അടിയാരിൽ നീ ദയയോടെ
അനുകൂലമായി തുണയരുളുക നന്നായെല്ലാവർക്കും കനിവോടെ
ആലാഹാ തുണച്ചരുളും അന്നുമിന്നുമെന്നുമേ.*

# മലയാറ്റൂർ കുരിശിന്റെ പാട്ട്

മാറാനരുൾപെറ്റ മലയാറ്റൂര്
പൊൻകതിർ ചിന്തും മലമുകളിൽ
ഈശോമിശിഹാടെ നാമത്താലെ
താനെ മുളച്ചൊരു പൊൻകുരിശ്
അതുകണ്ടുമലതേടും നായാടികൾ
അവരുചെന്നറിയിച്ച യോഗത്തോട്

* പുതുപ്പള്ളി മാർ ശ്ളീബാപ്പള്ളി കൊല്ലം, 815-ൽ ക്രിസ്തുവർഷം 1640 -ൽ സ്ഥാപിക്കപ്പെട്ടു. ഇത് സുറിയാനിക്കാരെ പറങ്കി മെത്രാന്മാർ ഭരിച്ചിരിക്കുമ്പോഴാണ്. പിന്നീട് 1750-ൽ ഒരു മാർ ദീവന്നാസ്യോസിന്റെ അനുവാദത്തോടെ ഈ പള്ളി വീണ്ടും പണിയപ്പെട്ടതായി കാണുന്നതിൽ ഒരു പിശകുണ്ട്. ഈ കാലത്ത് മാർ ദീവന്നാസ്യോസ് എന്നു പേരായി ഒരു മെത്രാൻ ഉണ്ടായിരുന്നില്ല. സ്വരസാമ്യംകൊണ്ട് അന്ന് വരാപ്പുഴെ വാണിരുന്ന മാർ പ്ളോരെൻസ്യോസ് എന്ന മെത്രാനെക്കുറിച്ചായിരിക്കുമോ? ഇപ്പോൾ ഈ പള്ളി പുത്തൻകൂറ്റുകാരുടെ കൈവശമാണ്. ഇവിടെ ആണ്ടുതോറുമുള്ള മാർ ഗീവർഗീസ് സഹദായുടെ തിരുനാളിന് വളരെ ആൾകൂട്ടം കൂടുന്നതാണ്.

യോഗമറുപത്തുനാലുംകൂടി
താഴത്തുപള്ളി വികാരിയോട്
നമുക്കൊരു പള്ളിക്കു കല്ലിടേണം
പോണം നമുക്കിപ്പോൾ വരാപ്പുഴയ്ക്ക്
ചുണ്ടനും ചുരുളനും രണ്ടു വള്ളം
വേഗത്തിലങ്ങു വലിച്ചിറക്കി
തണ്ടാളിമാരവർ പതിനാറുപേര്
മുറുകി വലിച്ചു വരാപ്പുഴയ്ക്ക്
വേഗം വരാപ്പുഴ കടവിലടുത്തു
അന്നാടു വാഴുന്ന മെത്രാനച്ചൻ
ചിത്തംതെളിഞ്ഞങ്ങരുളിച്ചെയ്തു
നിങ്ങളെന്തിപ്പോളീ രാത്രിയിൽവന്നു
നമുക്കൊരു പള്ളിക്കു കല്ലിടേണം
പോണം നമുക്കിപ്പോൾ മലയാറ്റൂർക്ക്
വേഗത്തിൽ ബോട്ടു വലിച്ചിറക്കി
തണ്ടാളിമാരവർ പതിനാറുപേരും
മുറുകി വലിച്ചവർ മലയാറ്റൂർക്ക്
താഴത്തെ പള്ളിക്കടവിലടുത്തു
കാട്ടാനയൊണ്ടു കരടിയൊണ്ടു
കണ്ടാൽ ഭയമേറും സിംഹമുണ്ട്
ഇത്തരമൊത്ത മലമുകളിൽ
എങ്ങനെ പോകുന്നകമ്പടിക്ക്
ഈശോമിശിഹാ തന്നരുളാലെ
കാട്ടാനക്കൂട്ടം വഴിതെളിച്ചു
കൊടയും കൊടിക്കൂറ സ്ലീബായുമായി
കൊട്ടും വെടിയുമലങ്കാരത്താൽ
കാസോലിക്കായെ മുന്നിൽ നിറുത്തി
ആർപ്പുവിളിച്ച മലയും കേറി
അന്നാടു വാഴുന്ന മെത്രാനച്ചൻ
ചിത്തം തെളിഞ്ഞങ്ങു കല്ലുമിട്ടു
കല്ലുമിട്ടങ്ങു പണിതുടങ്ങി
പള്ളിപണി തീർന്നു മുറിയും തീർന്നു

ആണ്ടിൽ കുറുമ്പാന ചൊല്ലുന്നോർക്കും
അവിടെ കുറുമ്പാന കാണുന്നോർക്കും
അവിടെ കുറുമ്പാന കൊള്ളുന്നോർക്കും
നന്മ കൊടുക്കണം പൊൻകുരിശ്. ✠

# കുടവെച്ചൂർ കുരിശിന്റെ പാട്ട് ★

പാരിലെങ്ങും പുകൾകൊണ്ട വെച്ചൂരതിൽ വാഴുന്ന കന്നിയമ്മമറിയം
നിൻപാദപത്മം വണങ്ങിസ്തുതിക്കുന്നുവല്ലേലെവുസേപ്പു കഹനാ
മാർസ്ലീബാ വെപ്പാൻ നിനച്ചു താനമ്പോടെ ലോകരെയൊക്കെ
വരുത്തി
കൂടി നിരൂപിച്ചിട്ടേകമനസ്സാലെ വാട ഇടിച്ചു നിരത്തി
വൈക്കത്തമരും ശില്പിപ്പണിക്കാരരിൽ നാലഞ്ചുപേരെ വരുത്തി
പോക നമുക്കിനി ചാത്തന്നൂർ പാറമേൽ കല്ലുകൾ കീറുവതിന്ന്
വേഗത്തിലങ്ങു നടന്നവർ ചെന്നിട്ടു വേണ്ടുന്ന കല്ലുകൾ കീറി
ശീഘ്രമവിടേന്നു തോണിമേൽ കേറ്റീട്ടു പള്ളിക്കടവിലടുത്തു
മെച്ചമോടെ പണിചെയ്ത കുരിശിന്റെ ശോഭിതമെന്തു പറവൂ
തല്പരൻ തായെ തുണച്ചരുളീടേണം എപ്പോഴും താതനിരിപ്പാൻ
പൊൻകതിർകൊണ്ടു ഗാഗുൽത്താ മുടിചാർത്തി ഈശോമിശിഹാ
തുണയ്ക്ക

---

✠ മലയാറ്റൂർ മലയിലെ കുരിശിന്റെ ഉത്ഭവം മാർ തോമ്മാശ്ലീഹായിലാണെന്ന് ചിലർ പറയുന്നുണ്ട്. എന്നാൽ പള്ളി സ്ഥാപിക്കപ്പെട്ടത് വരാപ്പുഴ മെത്രാന്മാരുടെ ഭരണകാലത്താണെന്ന് പാട്ടുകൊണ്ടു കാണുന്നു. ഈ പള്ളിയിൽ പുതുഞായറാഴ്ച തിരുനാളിന് നാനാഭാഗങ്ങളിൽനിന്നും വളരെ പുരുഷാരം കൂടുന്നതാണ്. ഈ പള്ളി ഇപ്പോൾ എറണാകുളം മിസത്തിൽ ഉൾപ്പെട്ടിരിക്കുന്നു. മലയാറ്റൂർ (താഴത്തു) പള്ളി കൊല്ലവർഷം 900-ൽ സ്ഥാപിക്കപ്പെട്ടതായി കാണുന്നു.

* കടവെച്ചൂർ പള്ളി ദൈവമാതാവിന്റെ നാമത്തിൽ 1463-ൽ സ്ഥാപിക്കപ്പെട്ടതായി കാണുന്നു. ഈ പള്ളിയിൽ ഏതാനും തെക്കുംഭാഗ കുടുംബക്കാർ ഇടവക്കാരായിട്ടുണ്ട്. ഇവർ മുമ്പ് കടുത്തുരുത്തി വലിയപള്ളി ഇടവകക്കാരായിരുന്നു. ഈ പള്ളി ഇപ്പോൾ എറണാകുളം മിസത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

# കല്ലൂർക്കാട്ടു പള്ളിയുടെ ചിന്ത് *

ആലാഹാതൻ കല്പനയാൽ മാലാഖാതാൻ വചനിച്ചു
കന്നിതന്നുദരത്തിൽ ജനിച്ചു മിശിഹായും പിറന്ന
ബേത്‌ലംതന്നിൽ

ആടുമാടിടയോർ കണ്ടു പൂജയെന്ന രാജാക്കന്മാർ
കണ്ടുടൻ കാഴ്ചവച്ചിട്ടവർക്കു പലനന്മ കൊടുത്തു
ദിനംപ്രതി താൻ

അവിടെനിന്നെഴുന്നള്ളിയോറു ദിനാനെന്നയാറ്റിൽ
ഇറങ്ങിമിശിഹായും മുഴുകിമാമ്മോദീസാമറിയോഹന്നാൻ
കയ്യാലെ

എന്നപോലൊരു നദി തന്റെ വലത്തുമാറ്റൊരുപള്ളി
എത്രയും മനോഹരം തീർത്തതങ്ങതുകണ്ടാൽ
എന്തിതു പറവതയ്യാ

പൊന്നീരാളമിറത്താവിനടുത്തുള്ള രൂപങ്ങളും
എടത്തും വലത്തുമായ് ത്രോണോസും ചമച്ചുടൻ നിരത്തി
രൂപവും വച്ചു

എഴുത്തും ചിത്രവും പണി ഹിതമേറുമതു കണ്ടാൽ
അന്നവും മയിൽ കുയിൽ കിളിയും മദയാന
പുലിയും നരസിംഹവും

ശിലീഹന്മാർ നിബിയന്മാർ പുണ്യവാന്മാരൊരുഭാഗം
സാത്താനാപ്പിഴയാലെ പിഴച്ച ജനങ്ങളെ എഴുതിയൊരു ഭാഗത്ത്

അറിവേറും പട്ടക്കാരരടുത്തുള്ള കുറുബാന
ചിത്തോല ചെത്തിപ്പട്ടാൽ കുപ്പായം ധൂമക്കുറ്റി
അറ്റമില്ലോരോതരങ്ങൾ

കണ്ടാലെങ്ങും മതിപോരാ കല്ലൂർക്കാട്ടു പള്ളി തന്നിൽ
അൻപിനോടടി വീണു കുമ്പിടുന്നടിയാരെ രക്ഷിച്ചുകൊൾക
ഉമ്മാ താൻ.

---

* കല്ലൂർക്കാട്ടുപള്ളി ദൈവമാതാവിന്റെ നാമത്തിൽ ക്രി.വ. 427-ൽ നിരണത്തു പള്ളിയിൽനിന്നു പിരിഞ്ഞു സ്ഥാപിക്കപ്പെട്ടതായി പറയപ്പെടുന്നു. കുറേക്കാലം മുമ്പ് ഈ പള്ളി പുതുതായി പണിതു ചില പ്രത്യേക ചായപ്പണികളും മറ്റും ചെയ്യിപ്പിച്ച് ലവീഞ്ഞു മെത്രാൻ അവർകളാൽ 1891-ൽ അഭിഷേകം ചെയ്യപ്പെട്ടിട്ടുണ്ട്.

# പിറക്കാട്ടു കുരിശിന്റെ പാട്ട്

ആദിപെരിയോനനുഗ്രഹത്താൽ
പിറക്കാടതിൽ വച്ച കുരിശ്
ആധിക്യമായ പെരുമകൾ കീർത്തിപ്പാൻ
അനുപരിലമ്പൻ തുണയ്ക്ക
അമരപുരിക്കു യോടിപ്പുരി തന്റെ
തിലകസമാന സ്ഥലത്തെ
ആസ്ഥപൂണ്ട സ്ഥലം തന്നിലുയർത്തിട്ടു
അഖിലർക്കുമാധാരമായി
അഴകേറും തങ്കത്തിൽ രത്നം പതിച്ചപോൽ
അധികമതിൽ പ്രഭ പാർത്താൽ
അല്ലലണയാതെയെന്നേക്കും കാപ്പാനും
അനുദിനം നന്മ ചെയ്‌വാനും
ആലസ്യമാം മഹാവ്യാധികൾക്കൗഷധം
ആധി തീർത്തൻപു ചെയ്‌വാനും
അന്നന്നണഞ്ഞീടും സന്താപം തീർപ്പാനും
ആനന്ദം നൽകീടുവാനും
ആകൽക്കറുസാതൻ പാദത്തെ ച്ഛേദിച്ചി-
ട്ടാകുലത്തെ ത്യജിപ്പാനും
അമരകോൻ തൻ പാദതാരിണ ചേർന്നിട്ട-
ങ്ങാനന്ദത്തെ ലഭിപ്പാനും
അജ്ഞാനലേശ വിഹീനമായുള്ളോരു
സുജ്ഞനമാം ദിവ്യ രത്നം
അങ്ങനെയുള്ള കുരിശിന്റെ വിസ്മയ-
മാർക്കു മെളുതല്ല ചൊൽവാൻ
ആയതുമല്ല വിശേഷിച്ചു മേഷണാൻ
ആമെന്നിട്ടല്ലാ തുനിഞ്ഞു
ആസ്ഥയാൽ പ്രാർത്ഥിപ്പോർക്കാർത്തികൾ തീർത്തിടും
ആകുലമെന്നിയെ നൂനം
അൻപൻ മിശിഹായരുൾ സ്തുതിചെയ്തതി-
ന്നല്പ വികൽപ്പമരുതെ
ആശയാം തന്നിൽ സ്ഥിരതകൾ കൊണ്ടു ഞാൻ
അല്പമിതെങ്കിലും ചൊൽവാൻ
ആധാരമായിക്കഥയതിന്നു സ്ലീബാ
അകതാരിൽ കുടികൊൾക
ആവോളം ഭക്തിയാലൻപുറ്റടിമലർ
അടിയനിതാ കൈതൊഴുന്നേൻ.

(രണ്ടാം പാദം)

ആദിമനുകുല കാരണമായോൻ
ആദമവൻ നിജകാരണമായി
ആകെയടക്കമായ്വന്നുഭവിച്ച
ആമയം തീർപ്പതിന്നാരുയിരായോൻ
ആലാഹാ സൂനുമനുവായ്‌വന്നു
ആനന്ദരൂപിയാം ദൈവകുമാരി
ആദിത്യ രശ്മിയാം ജ്ഞാനസമുദ്രം
അന്നസുതയാകും കന്യകതന്നിൽ
ആരംഭമായ്‌വന്നുളവായി ഗർഭം
ആദിയിൽ മുൻപവറാഹത്തിനു
അന്നൊരു വൃത്തിലുളവായതുപോൽ
അവതരിച്ചു ഗർഭം ഗിരിമുകളിൽ
ആകുലമെന്നിയേ വളർന്നിതു ഗർഭം
അഞ്ചോടു സപ്തമാം ശിഷ്യരുമായ്
അവനീ ജനത്തിനുളവായോനെ
അരുൾ ചെയ്തിതു വേദസാരമതെല്ലാം
അളവു തികഞ്ഞതറിഞ്ഞുടയോനെ
അജ്ഞാനവിച്ഛേദയിതനായി
അന്തമില്ലാതുള്ള യൂദർ കരത്താൽ
അന്തമില്ലാതെ കൊടുന്തുയ്രേറ്റു
ആദത്തിൻ പുത്രനാം ശേതിന്നു മുന്നം
ആദം തിന്നൊരു വൃക്ഷശിഖരം
അൻപാൽ ക്രോബേൽ കൊടുത്തായതു നട്ടു
അങ്കമായ് വന്നൊരു വൃക്ഷമറുത്തു
അരചൻ ശ്ളോമ്മോനൊരു പാലം തീർത്തു
ആയതറിഞ്ഞുടനരചനെടുത്തു.
ആഴിക്കുളമതിലിട്ടവൻ താഴ്ത്തു
ആയതെടുത്തവർ കുരിശതു തീർത്തു
ആദ്രിയാം ഗാഗുൽത്താ മുകളിൽ നിവർത്തു
അക്കുരിശിൽ തന്റെ തിരുമെയ് ചേർത്തു
ആണി തറച്ചു തൃക്കാൽ കൈ വിതുർത്തു
അക്ഷിഹീനനായ യൂദനടുത്തു
അറിയാതവനൊരു ചവളമെടുത്തു
അഞ്ചാതെ കുത്തി വിലാഭാഗത്തു
അത്തൽ ഭവിച്ചു മരിച്ചിതു പിന്നെ
അരചൻ താൻ മൂന്നാം ദിനത്തിലുയിർത്ത്
ആലസ്യം തീർന്നുടൻ സ്വർഗ്ഗം ചേർന്നു
ആശ്രിതർ പിതാക്കൾ തന്നോടുയിർത്ത്
ആദിപെരിയോന്റെ വലതുഭാഗത്ത്
ആനന്ദത്തോടിരുന്നരുളിതു പാർത്തു.

(മൂന്നാം പാദം)

ഇക്ഷിതിക്കു നിത്യരക്ഷയാം കുരിശ്
ഇമ്പമോടെ ഗാഗുൽത്തായിൽ മേവും കാലം
ഇതമോടോരോ പുതുമകൾ കണ്ടുതുടങ്ങി
ഈഴൽ നയനങ്ങൾക്കംഗഹീനരായോർ
ഈർച്ചകേടായുള്ള കുഷ്ഠവ്യാധിക്കാരും
ഇങ്ങനെയുള്ളോരു രോഗികളെല്ലാം
ഇറയവൻ കുരിശടി ചേർന്നു നിത്യം
ഹിതത്തോടെ വന്ദിപ്പവർ മാലൊഴിഞ്ഞ്
ഇശോതൻ വേദമുയർന്നു നീളെ
ഈ വിധങ്ങൾ കണ്ടു ദുഷ്ടരായ യൂദർ
ഈർച്ചയോടെ കൂടിയവരൊത്തൊരുപോൽ
ഹിതമല്ലെന്നവർ ചിന്തിച്ചവരും
ഇന്നിയിക്കുരിശിവിടെ മേവീടുകിൽ
ഇസ്രായേലെന്നുള്ള നാമം മായും മേലിൽ
ഈശോടെ വേദം തഥാ ഭൂമിയിലെല്ലാം
ഈഴൽ ചെയ്‌വതിന്നവർ തുനിഞ്ഞു പിന്നെ
ഇക്ഷിതിക്കു രക്ഷയാം കുരിശെടുത്ത്
ഈരേഴുകോൽ കൂപം കുഴിയിൽ മറച്ചു
ഇങ്ങനെ കുരിശവർ മറച്ചശേഷം
ഇരുളിൽ ശശിയൂഷച്ചുയർത്തിടുമ്പോൾ
ഇത്രലോകെ വെളിവായതു സ്ളീബാ
ഇഹലോക മതിലെങ്ങും രശ്മി ചൂടി
ഈ സ്ഥലത്തുഷച്ച ശക്തി തന്റെ ശോഭ
ഈടതു ചെയ്‌വതിന്നരുളി ഭുവനത്തിൽ
ഈ വണ്ണം മാർഗ്ഗമതിൽനിന്നു സ്ളീബാ
ഇങ്ങു വെളിവായതിന്റെ കാരണം
ഹിതത്തോടുരയ്ക്കാം ഗ്രഹിച്ചതുപോലെ.

(നാലാം പാദം)

മഹീപാലനായ കുംസ്തദീനോസ് മാറ്റാലർ വന്നിടരേറ്റശേഷം
മഹീതലമൊക്കെക്കരസ്ഥമാക്കി മന്നൻ വസിക്കും ദിശിയൊഴികെ
മറ്റുള്ളതെല്ലാം കരസ്ഥമാക്കി മറുതലിപ്പോരതിൽ വെൽവതിന്നും
മറ്റാലരോടേറ്റു നില്പതിന്ന് മഹിമയായ്‌വരായെന്നുറച്ചുരാജൻ
മറിയാതൊഴിഞ്ഞു ഞാൻ പോയിടുകിൽ മാനഭംഗം
മറ്റൊന്നില്ലിതുപോൽ

മന്നവന്മാർക്കിതു ധർമ്മമല്ല മാനക്കേടേറ്റു വസിക്കുന്നേക്കാൾ
മാറ്റാലരോടേറ്റു മരിക്കയോഗ്യം മഹീപാലന്മാരുടെ ധർമ്മമേവം

മറുതല ചുഴലമണഞ്ഞതിനാൽ മരണമെന്നുള്ളൊരു ഭീതികൊണ്ടും
മാറ്റുവാനുമൊഴിവില്ലെന്നോർത്തും മാനസം പൂണ്ടിവയോരോ
ന്നോർത്തു

മന്നവർ ഖേദിച്ചു ഖിന്നനായി മറ്റാരുള്ളിന്നെന്നെ കാപ്പതിന്നു
മന്നിടം തന്നിൽ മറ്റാർക്കിതുപോൽ മാനക്കേടായുള്ള തേറ്റു രാജൻ

മന്നവർ മന്നാ നിൻ മുന്നിലെന്നെ മനോഗുണ വാരിധേ! കൈവിടല്ലേ
മാൽമുഴുത്തീവിധ മഴുതുരാജൻ മയ്യൽകൊണ്ടേറ്റവും മെയ്തളന്നു

മാനസം വെന്തു ചുഴന്നുവീണു മായവനേകലാൽ വന്നരൂപി
മന്നവനോടോതി നിദ്രതന്നിൽ മനതാപമെന്ത്യേ നീ നോക്കുവതിൽ

മഞ്ജുളമായ്ക്കണ്ണുനീരും വാർത്തു മായ്കയിലെന്തെന്നുഴന്നു രാജൻ
മായവനെയെന്നു പാർത്തലത്തിൽ മായ്കയാൽ കണ്ടിതു ദിവ്യരൂപം

മന്നവൻ തൻ കുരിശെന്നുടനെ മായ്കയൊഴിഞ്ഞുഗ്രഹിച്ചു ഭൂപാൻ.

(അഞ്ചാം പാദം)

എന്നതറിഞ്ഞുടനേകലാൽ മന്നവൻ
എത്ര വിചത്രമായ്തീർത്തതിൻ രൂപം പോൽ
എത്തിക്കുരിശുടൻ വൻപട മുൻപില്
എത്തിയെതിരിട്ടു രിപുഗണമപ്പോഴെ
ഏറിയ വൈരിഗണത്തെ വധിച്ചുടൻ
എല്ലാമൊടുക്കി ജയിച്ചതിൻ ശക്തിയാൽ
ഏവർക്കും ബോധമായ് ഏകലിതന്നേതും
എങ്ങും നിറഞ്ഞോന്റെ വൈഭവമോർത്തുടൻ
ഏവം സ്തുതിച്ചവരേവരും കൈകൂപ്പി
ഏവരുമായുടനേവരുമരുൾ ചെയ്തു
എല്ലാ മുടയോൻ മരിച്ച കുരിശത്
ഏതു ദിശയിൽ മറച്ചതറിയേണം
ഏതുമെ വൈകാതെടുത്തിതെന്നതാകിലൊ
എന്നുമൊരാമയ മില്ലെന്നതു നൂനം
എന്നിതു വാചകം കേട്ടിതു രാജസ്ത്രീ
ഏലന്നാ താനുമെഴുന്നള്ളി വേഗേന
ഏറിയ സേനകളെപ്പേരുമായന്ന്
എത്തിയോറോശലം പള്ളിയിലന്നവർ
ഏകിതു യൂദരോടെത്രയും ക്ഷിപ്രമായ്

എത്രയും കോപത്താലേകിന്നാ ലോകരൊ
ഏകൻ തിരുമെയ് പതിച്ച കുരിശത്
ഏതു ദിശിയിൽ മറച്ചതുറയ്ക്കാകിൽ
എണ്ണില്ലാ ദണ്ഡങ്ങളേൽപ്പിച്ചു നിങ്ങളെ
എല്ലാമൊടുക്കുവനില്ല കില്ലേതുമെ
എന്നതു കേട്ടു വിറച്ചുടൻ യൂദരും
ഏറിയ സംഭ്രമം പൂണ്ടവർ ചിന്തിച്ച്
എത്രയും വൃദ്ധനാം യൂദായെയന്നവർ
ഏൽപ്പിച്ചു രാജസ്ത്രീ തൻ തിരുമുമ്പില്
ഏതും പിശകില്ലിവനൊഴിഞ്ഞീക്കഥ

ഏതു ദിശയിൽ മറച്ചതുണർവായോൻ
എന്നതു കേട്ടുടനേറിയ കോപത്താൽ
ഏകൻ തിരുമെയ്പതിച്ച കുരിശു നീ
ഏതു ദിശയിൽ മറച്ചതുരയ്ക്കാകിൽ
എണ്ണില്ലാ ദണ്ഡങ്ങളേൽപ്പിപ്പേൻ നിന്നെ ഞാൻ
എന്നിതു കേട്ടു വിറച്ചുടൻ യൂദനും
ഏറിയ സംഭ്രമം പൂണ്ടവൻ ചിന്തിച്ചു
എണ്ണില്ലാ കണ്ണുനീരോടുടൻ കേണവൻ
ഏകനെയെസ്ഥലത്തെന്നു നിൻ കൃപയാൽ
എന്നിലുണ്ടമ്പാകിലേതും മടിയാതെ
ഏകസ്വരൂപനാമീശോ നിൻ വേദത്തിൽ
എന്നാഗ്രഹത്തോടുടനേല്പിപ്പേൻ മാംമൂസാ
ഏവം സ്തുതിച്ചുടനന്നവൻ ഭക്തിയാൽ
എത്തി കുഴിച്ചു കുരിശിടം കണ്ടവൻ
ഏവം വിസ്മയമെന്നവർ തേറിനാർ.

(ആറാം പാദം)

കണ്ടിതു കുരിശു മൂന്നുമൊന്നു പോലെയക്കൂപത്തിൽ
കാണുമാറെടുത്തു കരയേറ്റിവച്ചിതൊന്നു പോൽ
കാഴ്ചയിൽ തിരിപ്പതിന്നരിപ്പമെന്നതുറച്ചുടൻ
കാണികളശേഷവും വിഷാദമുറ്റു മേവിനാർ
കാതരാക്ഷിമാർ മണിയാം രാജമൗലിയേലന്നാ
കർത്തവ്യരായുള്ള വേദനാഥരോടുമൊന്നിച്ചു
കല്പിച്ചന്നു പൂജനൽകി കരളിലുറ്റ വ്യാകുലാൽ
കർത്താവിൽ കുരിശിതെന്നിട്ടൊന്നുപോൽ നരർ വന്ദിക്കിൽ
കഷ്ടമിതന്നൊന്നുപോലെ കാവ്യരും പരിഹസിക്കും
കരുണകെട്ട യൂദർ കേട്ടാൽ കലരുമതിക്ഷേപവും
കാര്യമല്ലീവേദമെന്നുമൊന്നുപോൽ പരിഹാസവും
കാലരിവർ ചെയ്തതെല്ലാം കാര്യമെന്നു വന്നിടും
കമലമുഖി കാതരാക്ഷി കരുതിയുറച്ചീവണ്ണം

കർത്താവിന്നനുഗ്രഹത്താൽ കരുതി ദൈവമാതാവും
കണ്ടൊരു ബാലന്റെ കായം കൊണ്ടു പോകുമവ്വഴി
കരുതിയിക്കുരിശോരോന്നിൽ ബാലകായം ചേർക്കുമ്പോൾ
കടുകയുയർത്തിടുമിങ്ങു കാരണം കുരിശിനാൽ
കാരണക്കുരിശതിന്മേൽ ബാലകായം ചേർത്തുടൻ
കപടനിദ്ര കൈവെടിഞ്ഞു കടുകയുണർന്നെന്നപോൽ
കണ്ടുമൃതനായ ബാലൻ കൈ തൊഴുതു നില്പതും
കാരണക്കുരിശിനിയെടുത്തു കൊൾകെന്നേവരും
കല്യാണഘോഷങ്ങളോടു കൈതൊഴുതെടുതെടുത്തുടൻ
കനകമിട്ടു പൂശി രത്നക്കല്ലുകൾ പതിച്ചുടൻ
കാരണമായുള്ള സ്വർണ്ണവേലയാൽ പൊതിഞ്ഞുടൻ
കാരണമായുള്ള പുണ്യശാല തന്നിൽ പൂകിച്ചു
കാഴ്ച വേദലെന്നഗർക്കു നിക്ഷേപങ്ങളാക്കിനാർ
കാലമങ്ങു ത്രിശതവുമഷ്ട ത്രിംശ വത്സരം
കന്നിയേഴോടാറു ചേർന്നതു കണ്ടുകൊൾവിൻ തീയതി.

(ഏഴാം പാദം)

അരശനുടെ കുരിശവനിയതിൽ പുകൾ
പെരിയ ഓറോശലം പള്ളിയിൽ
അവനിപതി വിജ്ജനനിയേലന്നാ
അവനിക്കാധാരമായ് ചമച്ചപോൽ
അതിനൊടുപമയായരശർകോന്റെ കുരി-
ശഖില രക്ഷയ്ക്കതി ഭക്തിയാൽ
അരിമയോടു ജലമതിലുയർത്തി തറ
തളിരമിട്ടു നല്ല ശിലകളാൽ
അഴിയാതുള്ള വൃക്ഷം മുറിച്ചു കാതലെടു
ത്തങ്ങു തച്ചർ പണി ചെയ്തുടൻ
അഴകായ് തീർത്ത കുരിശുയർത്തി തറയിൽ
അടക്കം പൂശി വെള്ള വെണ്മയിൽ
അഖിലപുരിക്കു മഞ്ജുരയായുള്ള പുരി
അഴകിയലും പിറക്കാടതിൽ
അരുണക്കൊടി ചാർത്തീട്ടരശൻ കുരിശാഗ്രേ
അധികം ശോഭിച്ചിടും നിലകണ്ടാൽ
അരശർക്കരശനിക്കുരിശിൽ പ്രതിഷ്ഠിക്കു
തുനിഞ്ഞീടുക വൈഭവം
അരുണോദയ ഭാഗത്തമരും ഗൃഹമെന്നു
പറയും നാമധേയം ഗൃഹത്തിന്
അനുജ്ഞ താതൻ തന്റെ താതൻ പൗലോസിന്റെ
സുതനവുറാഹമെന്നറിഞ്ഞിട്ട്
അഴിയാസമുദ്രത്തിൽ ഗതാഗതാർത്ഥങ്ങളും

അഴിയാതൊന്നും കാത്തുകൊള്ളണം
അരിയരിപൂക്കളായ് വരുന്നരിപൂക്കളെ
അടക്കം മുറിച്ചു വേരറുക്കണം
അഗതി സുഖത്താലെ മരുവും യൌസേപ്പു
ഗഹനായ്ക്കഹവുര ചെയ്തിത്
അറിവുടയ മഹാബുധൻമാരതിൽ പിഴ
അറിഞ്ഞു പൊറുത്തഴകാക്കണം
അറിവിൻകാലം കൊല്ലം നവമാം ശതമഥ
ചതുർദ്ദഗത്തിൽ ശിഷ്ടമഷ്ടമാം
അനുജ്ഞാമാസമതു മകരമാറിൽ ദശം
അജത്തിലിതിൻ കാലസംഖ്യയാം
അതിക്രീശന്റെ പക വനത്തിന്നഗ്നിയായി
തുനിഞ്ഞീടെണം കുരിശിൻ കൃപ *

# കുമരകത്തു വടക്കുംകരപ്പള്ളിയുടെ ചിന്ത്

ആദിപെരിയോനന്നരുളാലെ അറിവാളർ നിരൂപിച്ചു
അമ്പോടു കുമരകത്തിമ്പമായി ഗിരേഗുവയ്ക്കണം നന്മയുണ്ടാവാൻ
ആർത്തനാം ഔറാഹത്തിന്റെ കീർത്തനാകും ഗുരുഭൂതൻ
പേർത്തു ചിന്തിച്ചുമേലിൽ കീർത്തിമാനായിടുവാൻ തീർക്കേണം
പള്ളിവേറൊന്ന്

ഇമ്പമാം പുരി കേരളത്തിൽ മുമ്പു കോട്ടയകത്തു പുക്കി-
ട്ടമ്പേറും ജനങ്ങളെ വരുത്തി നിരൂപിച്ചങ്ങുറച്ചു തരുണയാലെ
ശേഷം

ഈഴൽ തീർപ്പതിനീശോനാഥൻ തുണയാലെ പുറപ്പെട്ടു
ഇക്ഷിതിപതിയാകും വഞ്ചിഭൂപതിയോടങ്ങുണർത്തിച്ചതിന്റെ
ഉഗ്രനാം ദിശികേരളത്തെയടക്കിവാഴും മുടിമന്നൻ
ഉഗ്രനാം മഹീപതി കല്പിച്ചുതുല്യം ചാർത്തിക്കൊടുത്തു
പള്ളിക്കുനിലം

ഊഴിയിൽ സ്ഥലസൗഖ്യവും ബഹുകീർത്തിയേറും കുമരകത്തു
ഉത്തര ദിക്കിലൊരു കാനനം മദ്ധ്യേ ചെന്നു കണ്ടുടൻ തറയടിച്ചു
എത്രവിസ്മയമേൽ പ്രകാശിത മുന്നമില്ലൊരു പള്ളിയെന്നു
ഏറിയ ഭക്തിയാലെ കല്പണി മേസ്തിരിയെ വരുത്തിട്ടടി
സ്ഥാനം

---

* പിറക്കാട്ടു മാർ സ്ലീബാപ്പള്ളി 1607-ാം കാലം സ്ഥാപിക്കപ്പെട്ടതായി കാണുന്നു.

ഏറിയരിപു വൈരി വൃന്ദമശേഷം വന്നു ഭയത്താലെ
എട്ടുദിക്കിലും പുകൾപെട്ടീടും കട്ടക്കയത്തതിമാൻ കഹനപ്രഭു
ഐക്കലായും ചുറ്റൊപ്പിച്ചു പണിതു വച്ചതിലുടൻ
അഴകാൽ മദുബഹായും പണിതു വൻമലപോൽ ചമച്ചുത്തരവും
വച്ചു

ഒന്മയാലെ പണിതീർത്തു വെണ്മയിൽ വെള്ളയും പൂശി
നന്മയിൽ കൂദാശചെയ്തൻപോടെ കുറുബാനയണച്ചു ബാവായരുളാൽ
ഓർത്തു കാൺകിലെത്ര വിസ്മയം കീർത്തിയേറും കുമരകത്ത്
നന്മയും പെരുമയും ഗുണവുംചേർത്തു ചൊൽവാൻ പാർത്തലം
തന്നിൽ വേറില്ല

അവ്വനം. ഭൂവനത്രയമതൊക്കെയും പാലിപ്പതിനായ്
അമ്പേറും കുമരകത്തിഗിരേശതിൽ വാഴും യോഹന്നാനെപ്പംസേ
അക്കനമേയടിയന്റെ ഉൾക്കണം പെട്ടമായത്തെ
ഒഴിപ്പാൻ നിന്നെ നിത്യം ഭജിച്ചീടുന്നോരെന്റെ ദുരിതമകറ്റീടുക*

(മൂന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്ന കോട്ടയത്തു ചെറിയ പള്ളിയുടെയും പിറക്കാട്ടു കുരിശിന്റെയും പുതുപ്പള്ളിപ്പള്ളിയുടെയും പാട്ടുകൾ 1870–ൽ കോട്ടയത്തു എ. പി.ക. അച്ചുകൂടത്തിൽ മിസ്റ്റർ ജെ. ബക്കറും കൊല്ലമ്പറമ്പിൽ ഈപ്പൻ ചാക്കോ അവർകളും കൂടി പള്ളിപ്പാട്ടുകൾ എന്ന പേരായി കല്ലച്ചിൽ അടിപ്പിച്ചിട്ടുള്ള പുസ്തകത്തിൽ നിന്നെടുക്കപ്പെട്ടിട്ടുള്ളതാണ്.)

## സമാപ്തം

കുമരകത്തു വടക്കുംകരപ്പള്ളി, പാലായിൽ കട്ടക്കയത്തു ബഹു.അബ്രഹാം മല്പാനച്ചനവർകളാൽ 1769–ൽ സ്ഥാപിക്കപ്പെട്ടതാണെന്നറിയുന്നു. ഇദ്ദേഹം തന്റെ പൂർവ്വികന്മാർ ചെയ്തിരുന്നതുപോലെ താൻ പാലായിൽ വൈദികവിദ്യാർത്ഥികളുടെ പഠനം നടത്തിവരികയിൽ ഇതു സംബന്ധിച്ച് അവിടെ ചിലരിൽനിന്ന് ചില വിഘ്നങ്ങൾ നേരിടുകയാൽ വേറൊരു പള്ളി വച്ച് അവിടെ പഠനം നടത്തണമെന്നു കരുതി കോട്ടയത്തു വല്യ പള്ളിയിൽ വന്നു അവിടെയുള്ള അച്ചന്മാരോടും ഈ ഇടവകയിൽപ്പെട്ട കുമരകത്തുള്ള ചെറുശ്ശേരി, പുതിയെടം എന്ന കുടുംബങ്ങളിലെ തരകന്മാരോടുംകൂടി ആലോചിച്ചും കട്ടക്കയത്തു കുടുംബക്കാരിൽ ചിലരുംകൂടി പാലായിൽനിന്ന് കുമരകത്തുവന്നുമാണ് ഈ പള്ളി സ്ഥാപിക്കുന്നതിനിടയായിട്ടുള്ളത്. അന്നു ജനങ്ങൾ അധികം കുടി പാർത്തിരുന്ന

കുമരകത്തെ പ്രധാനഭാഗത്തു പള്ളിവയ്ക്കുന്നതിൽ ഹിന്ദുക്കളിൽനിന്നു തടസ്സം ഉണ്ടായിരുന്നതുകൊണ്ട് അന്നു ജനങ്ങൾ കുടിപാർപ്പില്ലാതിരുന്ന കുമരകം വടക്കുംകരയിൽ സ്ഥാപിക്കുന്നതിനിടയായി. അന്നവിടെ പള്ളി സ്ഥാപിക്കുന്നതിൽ ആ ദേശവാസികളായ കത്തോലിക്കർക്ക് പൊതുവെ ഉപകാരമുണ്ടായിരുന്നതുകൊണ്ടു മേല്പറയപ്പെട്ട തരകന്മാർ ഈ പള്ളി സ്ഥാപിക്കുന്നതിനു വേണ്ടി വളരെ സഹായം ചെയ്തിട്ടുള്ളതായി അറിയുന്നു. മേൽപ്പറയപ്പെട്ട അബ്രഹാം മല്പാനച്ചന്റെ കൂടെ സഹായത്തിനായി അദ്ദേഹത്തിന്റെ അടുത്ത സംബന്ധിയായ ബഹു.ചാണ്ടി മല്പാനച്ചനുമുണ്ടായിരുന്നു. അബ്രഹാം മല്പാനച്ചന്റെ അനന്തരവരായി പിന്നീടു രണ്ടു മൂന്നു മല്പാന്മാർ അവിടെ പഠനം നടത്തിയിരുന്നതായും അറിയുന്നു. പ്രസിദ്ധനായ കുത്തിയതോട്ടിൽ തച്ചിൽ മാത്തുത്തരകൻ മുഖാന്തിരം ഈ പള്ളിക്ക് ഏതാനും വസ്തുക്കൾ സർക്കാരിൽനിന്ന് കരമൊഴിവായി ലഭിച്ചിട്ടുള്ളത് ഇപ്പോഴും ഉണ്ട്.